
തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

ജീവനും വെളിച്ചവും

ജൂലൈ 2026



ഹൃദയമുള്ള മനുഷ്യനും ബുദ്ധിയുള്ള എ ഐയും

'മാഗ്നിഫിക്കാ ഹുമാനിറ്റാസ്'

വിശുദ്ധ മറിയം മഗ്ദലേന ദൈവാലയം
പരുത്തിയൂർ
തിരുവനന്തപുരം
ലത്തീൻ അതിരൂപത



ഇടവക സ്വർഗീയ മധ്യസ്ഥ

വിശുദ്ധ മറിയം മഗ്ദലേനയുടെ
തിരുനാൾ മഹാമഹം

2026 ജൂലൈ 16 വ്യാഴം മുതൽ ജൂലൈ 22 ബുധൻ വരെ

ജൂലൈ 16
കൊടിയേറ്റ്, ദിവ്യബലി

ജൂലൈ 17 - 20
ദിവ്യബലി

ജൂലൈ 21
സന്ധ്യാവന്ദനം, പ്രദക്ഷിണം

ജൂലൈ 22
തിരുനാൾ സമൂഹ ദിവ്യബലി.
കൊടിയിറക്ക്, സ്നേഹവിരുന്ന്

തീർഥാടകർക്ക് സ്വാഗതം

ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2026 ജൂലൈ | പുസ്തകം 71 | ലക്കം 7

രക്ഷാധികാരി: മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

സഹരക്ഷാധികാരി: റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര

ഉപദേശക സമിതി: റവ. ഡോ. ലോറൻസ് കുലാസ്, റവ. ഡോ. ഗ്ലാഡിൻ അലക്സ്, ഫാ. സൈറസ് കളത്തിൽ, ഫാ. ആഷ്ലിൻ ജോസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. ബീഡ് മനോജ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. സനീഷ് എസ്. എം., ഫാ. നിജു അജിത്ത്, ഫാ. ഫ്രെഡി സോളമൻ

പത്രാധിപർ: ഫാ. പ്രബൽ ജോസഫ് പെരേര, **സഹ പത്രാധിപർ:** ബർഗ് മാൻ തോമസ്

പത്രാധിപ സമിതി: മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഡോ. ഐറിസ് കൊയ്ലിയോ, ജോൺസൺ റോച്ച്

മാനേജർ (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ **കവർ & ലേ-ഔട്ട്:** സതീഷ് ജി.

മുഖവിചാരം

മനുഷ്യചരിത്രം പല വലിയ മാറ്റങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. വ്യവസായ വിപ്ലവം തൊഴിൽരംഗത്തെ മാറ്റിമറിച്ചു. വിവരസാങ്കേതിക വിപ്ലവം ലോകത്തെ ഒരു ആഗോള ഗ്രാമമാക്കി. ഇന്ന് നാം മറ്റൊരു മഹത്തായ മാറ്റത്തിന്റെ കവാടത്തിലാണ് കൃത്രിമ ബുദ്ധിയുടെ (Artificial Intelligence) യുഗം. ഈ പുതിയ യാഥാർഥ്യത്തെ മുൻനിർത്തി ലിയോ പതിനാലാമൻ പാപ്പ പ്രസിദ്ധീകരിച്ച Magnifica Humanitas (മഹത്തായ മാനവികത) എന്ന ചാക്രികലേഖനം നമ്മെ ഏറെ ചിന്തിപ്പിക്കുന്ന ഒന്നാണ്. ഈ ലേഖനത്തിന്റെ കേന്ദ്രബിന്ദു സാങ്കേതികവിദ്യയല്ല, മനുഷ്യനാണ്.

ഇന്ന് കൃത്രിമ ബുദ്ധിക്ക് എഴുതാനും വരയ്ക്കാനും സംസാരിക്കാനും വിശകലനം ചെയ്യാനും കഴിയും. അനേകം ജോലികൾ അതിവേഗം നിർവഹിക്കാനും കഴിയും. എന്നാൽ മനുഷ്യനെ മനുഷ്യനാക്കുന്ന ഏറ്റവും അടിസ്ഥാനപരമായ ചില കാര്യങ്ങൾ അതിന് ഒരിക്കലും സ്വന്തമാകില്ല. സ്നേഹിക്കാൻ അതിന് കഴിയില്ല. കരുണ കാണിക്കാൻ കഴിയില്ല. മനസ്സാക്ഷിയുടെ സ്വരം കേൾക്കാൻ കഴിയില്ല. പ്രാർഥിക്കാനോ ദൈവത്തെ അന്വേഷിക്കാനോ കഴിയില്ല. വേദനയുടെ അർഥം മനസ്സിലാക്കാനോ ത്യാഗത്തിന്റെ മൂല്യം തിരിച്ചറിയാനോ കഴിയില്ല. ഇവിടെയാണ് സഭയുടെ മുന്നറിയിപ്പ് പ്രസക്തമാകുന്നത്. സാങ്കേതികവിദ്യ മനുഷ്യന്റെ സേവകനായിരിക്കണം; മനുഷ്യൻ സാങ്കേതികവിദ്യയുടെ അടിമയാകരുത്. മനുഷ്യജീവിതം കൂടുതൽ സൗകര്യപ്രദമാക്കാൻ സാങ്കേതിക പുരോഗതി സഹായിക്കണം. എന്നാൽ, അത് മനുഷ്യബന്ധങ്ങളെയും തൊഴിൽമാന്യതയെയും ധാർമിക ഉത്തരവാദിത്തത്തെയും ഇല്ലാതാക്കുന്ന വിധത്തിലാകരുത്.

ഇന്ന് കുട്ടികൾ മുതൽ മുതിർന്നവർ വരെ ഡിജിറ്റൽ ലോകത്തിലാണ് ജീവിക്കുന്നത്. വാർത്തകൾ, വിദ്യാഭ്യാസം, തൊഴിൽ, ചികിത്സ, ഭരണനിർവഹണം എല്ലായിടത്തും കൃത്രിമ ബുദ്ധിയുടെ സ്വാധീനം വർധിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ഒരു ക്രൈസ്തവ വിശ്വാസി ചോദിക്കേണ്ട പ്രധാന ചോദ്യം ഇതാണ്: "യന്ത്രങ്ങൾ കൂടുതൽ ബുദ്ധിമാനാകുന്ന ഈ ലോകത്ത് മനുഷ്യൻ കൂടുതൽ മാനുഷികമാകുന്നുണ്ടോ?"

Magnifica Humanitas നമ്മെ ഓർമിപ്പിക്കുന്നത്, മനുഷ്യന്റെ ബുദ്ധിശക്തിയേക്കാൾ മഹത്തായത് അവന്റെ മനുഷ്യത്വമാണെന്നാണ്. സഭയുടെ സാമൂഹിക പ്രബോധനം നമ്മെ പഠിപ്പിക്കുന്നത് ഓരോ സാങ്കേതിക പുരോഗതിയും മനുഷ്യന്റെ അന്തസ്സിനെയും പൊതുനന്മയെയും ദുർബലരോടുള്ള ഐക്യദാർഢ്യത്തെയും സംരക്ഷിക്കേണ്ടതുണ്ടെന്നാണ്. സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തിനോ അധികാരവികസനത്തിനോ മാത്രമായി ഉപയോഗിക്കപ്പെടുമ്പോൾ അത് മനുഷ്യനെ അപകടത്തിലാക്കും. എന്നാൽ, മനുഷ്യന്റെ സമഗ്രവളർച്ചയ്ക്കും നീതിക്കും സമാധാനത്തിനും ഉപയോഗിക്കപ്പെടുമ്പോൾ അത് ദൈവത്തിന്റെ സൃഷ്ടിപരമായ ദാനങ്ങളുടെ ഭാഗമാകുന്നു.

കൃത്രിമ ബുദ്ധിയെ നാം ഭയപ്പെടേണ്ടതില്ല, അന്ധമായ ആരാധനയും അരുത്. മറിച്ച്, Magnifica Humanitas (മഹത്തായ മാനവികത) മുന്നോട്ടുവയ്ക്കുന്ന ദർശനത്തിന്റെ വെളിച്ചത്തിൽ ,പുതിയ സാങ്കേതിക സാധ്യതകളെ സ്വാഗതം ചെയ്യുമ്പോൾ മനുഷ്യന്റെ മഹത്ത്വം നഷ്ടപ്പെടാതിരിക്കുവാൻ നാം ജാഗ്രത പാലിക്കണം.

ഈ യുഗത്തിൽ സഭ ലോകത്തോട് പ്രഖ്യാപിക്കുന്ന സന്ദേശം വളരെ വ്യക്തമാണ്: കൃത്രിമ ബുദ്ധി വളരട്ടെ, പക്ഷേ മനുഷ്യന്റെ ഹൃദയം ചെറുതാകരുത്. സാങ്കേതികവിദ്യ മുന്നേറട്ടെ, പക്ഷേ മനുഷ്യത്വം പിന്നോട്ടു പോകരുത്. യന്ത്രങ്ങൾ ശക്തമാകട്ടെ, എന്നാൽ സ്നേഹവും കരുണയും വിശ്വാസവും പ്രത്യാശയും നിറഞ്ഞ മനുഷ്യൻ അതിലും മഹത്തായിരിക്കട്ടെ. കാരണം ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത് യന്ത്രത്തെയല്ല, മനുഷ്യനെയാണ്.

•

www.latinarchdiocesetrivandrum.org, www.archtvmnews.com

വില 30 രൂപ | വാർഷിക വരിസംഖ്യ- 360/-

അക്കൗണ്ട് വിവരം:
Editor, Jeevanum Velichavum
A/c No. 57027220934, IFSC- SBIN0070308
State Bank of India, Sasthamangalam

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
0471- 2724001
jeevanumvelichavum@gmail.com



കരയുന്ന കടലും കത്തുന്ന ഭൂമിയും

സ്നേഹ ദാസ്, പൊന്നമംഗലം

കരയുന്ന കടൽ, കത്തുന്ന ഭൂമി, അതിൽ നരകിക്കുന്ന മനുഷ്യർ... ഹൃദയത്തെ തൊടുന്നതായിരുന്നു, കഴിഞ്ഞ ലക്കം ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച അജിത് വെണ്ണിയൂരിന്റെ ലേഖനം. അതിപുരോഗതിയുടെയും അത്യാഗ്രഹത്തിന്റെയും നെട്ടോട്ടത്തിൽ മനുഷ്യൻ നിർദയം പ്രകൃതിയെ കൊല്ലുന്നു. പ്രകൃതിനാശം മനുഷ്യന്റെകൂടി നാശമാണ്. സമ്പാദിച്ചിട്ടും കുന്നുകൂട്ടിയിട്ടും അവന് തികയുന്നില്ല. ഉണ്ടാക്കിയതെല്ലാം വിട്ടെറിഞ്ഞ് പോകേണ്ടതാണെന്നു മാത്രം ഒരുനിമിഷം ഓർത്താൽ മതി. പക്ഷേ ആരോർക്കാൻ! ആരറിയുന്നു പ്രകൃതിയുടെ വേദനകൾ?

ജനം പറഞ്ഞു; കടക്കൂ പുറത്ത്

ജോണി പീറ്റർ, പൂഞ്ഞാറ

ജോൺസൺ റോച്ചിന്റെ ആനുകാലികമായ രാഷ്ട്രീയ ലേഖനം; 'ജനങ്ങൾ നടത്തിയ ഒരു രക്ഷപ്രവർത്തനം' വളരെ നന്നായിരുന്നു. സമകാലീന രാഷ്ട്രീയ സാഹചര്യങ്ങളെ ആധികാരികമായി ഉൾക്കാഴ്ചയോടെ അദ്ദേഹം വിലയിരുത്തിയിരിക്കുന്നു. ഭരണമാറ്റത്തിന് പ്രേരകമായ ഘടകങ്ങൾ പ്രസക്തമാണ്. ജനാധിപത്യത്തിൽ ജനങ്ങളാണ് യജമാനന്മാരെന്ന് ഇപ്പോഴത്തെ ഭരണമാറ്റം തെളിയിക്കുന്നു. തിരഞ്ഞെടുപ്പുകാലത്ത് സ്ഥാനാർഥികൾ ജനത്തെ തൊഴുത് കാലുപിടിച്ച് വോട്ട് തേടുന്നു. ജയിച്ചു കഴിയുമ്പോൾ ജനങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരുടെ മുന്നിൽ കൈകൂപ്പി കാലുപിടിച്ച് കാര്യങ്ങൾ നേടുന്നു എന്നൊരു രസികൻ പറഞ്ഞുവച്ചിട്ടുണ്ട്. അതുയ്ത് അധപ്പതിച്ച ഒരു ഭരണകൂടമായിരുന്നു മുൻപത്തേത്. പൊറുതിമുട്ടിയ ജനങ്ങൾ ഒടുവിൽ പറഞ്ഞു: കടക്ക് പുറത്ത്, അതു തന്നെ.

ലത്തീൻ കത്തോലിക്കാ സഭയിലെ മൃതസംസ്കാരം

ഒരു വിശ്വാസി, മുരുക്കുംപുഴ

കാനോൻ നിയമങ്ങളെക്കുറിച്ച് അതിരൂപത ചാൻസിലർ ജോസച്ചൻ എഴുതുന്ന തുടർ പംക്തി ഉത്സാഹത്തോടെയാണ് വായിക്കുന്നത്. സഭയെക്കുറിച്ചും സഭാ നിയമങ്ങളെക്കുറിച്ചും ലളിതസുന്ദരമായാണ് അച്ചൻ വിവരിക്കുന്നത്. മൃതസംസ്കാരത്തെക്കുറിച്ച് ജൂൺ ലക്കത്തിൽ എഴുതിയത് വായിച്ചു. കത്തോലിക്കാ മൃതസംസ്കാരം ഇന്ന് വലിയ പ്രശ്നമായിരിക്കുന്നു. സ്ഥലമില്ലാത്തതും ഒരു സങ്കീർണപ്രശ്നമാണ്. കുഴിമാടങ്ങൾ ഇടിച്ചു നിരത്തുന്ന പ്രവണതയുമുണ്ട്. നെയ്യാറ്റിൻകര രൂപതയിൽ വീടുകളിലാണ് കല്ലറ തയ്യാർ ചെയ്യുന്നത്. നമ്മുടെ രൂപതയിലും വീടുകളിൽ/പൊതു ശ്മശാനങ്ങളിൽ സംസ്കരിക്കാൻ അനുമതി നൽകുകയാണ് വേണ്ടത്. നവംബറിൽ വൃത്തിയാക്കുന്നതൊഴിച്ചാൽ സെമിത്തേരികൾ പലയിടത്തും കാട് വളർന്ന് ഭയമുണ്ടാക്കുന്ന ഇടങ്ങളായി മാറിയിരിക്കുന്നു.

മൺവിളയിലെ സാധന

ബി. സിറിൾ, വേളി

'സാധന: തിരുവനന്തപുരം അതിരൂപതയുടെ കാരുണ്യത്തിന്റെ മുഖം' എന്ന ശോഭ ഷിജുവിന്റെ ലേഖനത്തിൽ മൺവിളയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം മുൻപ് സിനിമാനടൻ ബഹദൂറിന്റേതാണെന്നും അതിനുശേഷം പ്രശസ്ത നടനായിരുന്ന പി. ജെ. ആന്റണി സ്വന്തമാക്കിയെന്നും, പിന്നീട് തിരുവനന്തപുരം രൂപത വിലയ്ക്കെടുക്കുകയും ചെയ്തുവെന്നു കാണുന്നു. 1962ൽ ഇറങ്ങിയ, കെ. ജെ. യേശുദാസ് ആദ്യമായി പിന്നണി ഗാനം ആലപിച്ച 'കാൽപാടുകൾ' എന്ന സിനിമ സംവിധാനം ചെയ്ത കെ. എസ്. ആന്റണിയുടെ ഉടമസ്ഥതയിൽ ആയിരുന്ന ആ സ്റ്റുഡിയോ. 1974ൽ ഞാൻ ഈ സ്റ്റുഡിയോ ചുറ്റിക്കാണുകയും അതിന്റെ അന്നത്തെ ഉടമസ്ഥനായ ശ്രീ. കെ. എസ്. ആന്റണിയെ അവിടെവച്ചു നേരിൽകണ്ടു സംസാരിച്ചിട്ടുള്ളതുമാണ്.

മുഖവിചാരം മുഖ്യവിചാരം

ജൂലിയാൻ പത്രോസ്, വെട്ടുകാട്

ജൂൺ ലക്കത്തിലെ മുഖവിചാരം ഇഷ്ടപ്പെട്ടു. പ്രജകൾക്ക് വേണ്ടിയാകണം രാജാവിന്റെ ഭരണം. ഞാനെന്തൊക്കെയോ ആണെന്ന തോന്നലും അഹങ്കാരവും ധിക്കാരവും ധാർഷ്ട്യവും ഒരു ഭരണാധികാരിക്കും ചേർന്നതല്ല. അങ്ങനെ ചിന്തിച്ച് രാജാ പാർട്ട് ചമഞ്ഞവർ ചരിത്രത്തിന് പുറത്തേക്ക് എറിയപ്പെട്ട കഥകളേറെയുണ്ട്. കൂടെ നിൽക്കുന്നവരുടെ സ്തുതിഗീതങ്ങളിൽ ഭരണാധികാരി മയങ്ങാൻ പാടില്ല. ജനക്ഷേമവും ദേശത്തിന്റെ ശാന്തിയും സമാധാനവും പ്രധാന ഘടകമാണ്.

നാടിന്റെ വളർച്ചയും നന്മയും സമാധാനവും ദീർഘവീക്ഷണത്തോടെയുള്ള സമീപനങ്ങളും നിലപാടുകളും പുതിയ സർക്കാരിൽനിന്നും ജനം പ്രതീക്ഷിക്കുന്നു.

ജീവനും വെളിച്ചവും ഒന്നിനൊന്ന് മികച്ചതായിക്കൊണ്ടിരിക്കുന്നു.

റീന ലോറൻസ്, പുതുക്കുറിച്ചി

കഴിഞ്ഞ ലക്കത്തിലെ പുത്തൻ അധ്യയന വർഷത്തെക്കുറിച്ചുള്ള ആന്റണി ഡെയ്സിന്റെ ലേഖനം, വായനയെ അത്യഗാധമായി വിലയിരുത്തിയ ഐറിസ് ടീച്ചറിന്റെ ലേഖനം, ബർമ്മാൻ തോമസിന്റെ നെയ്തൽ എന്ന കടൽത്തീരക്കഥകളെ ഡോ. സോമൻ കടലൂർ അതീവ സൂക്ഷ്മതയോടെ വിശകലനം ചെയ്തത്, ആശുപത്രി വാർഡ് എന്ന അജിയുടെ കവിത, നല്ല ചിത്രങ്ങൾ, വായനാ സുഖം പകരുന്ന അക്ഷരവിന്യാസം എല്ലാമെല്ലാം എന്തുകൊണ്ടും മികച്ചതായി.

മാസികയുടെ അണിയറ പ്രവർത്തകരെ പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു.

തിരുത്ത്

കഴിഞ്ഞ ലക്കം ജീവനും വെളിച്ചവും മാസികയിൽ പ്രസിദ്ധീകരിച്ച ഐറിസ് ടീച്ചർ എഴുതിയ ലേഖനത്തിന്റെ ശീർഷകം, 'വായനയിലൂടെ ചേക്കേറുന്ന മറുജീവിതങ്ങളെക്കുറിച്ച്" എന്നത് 'വായനയിലൂടെ ചേക്കേറുന്ന മറുജീവിതങ്ങളെക്കുറിച്ച്" എന്ന് തിരുത്തി വായിക്കണമെന്ന് അഭ്യർഥിക്കുന്നു.

പത്രാധിപർ

താളുകളിൽ

ആനുകാലികം

06 ഒരു ചാക്രികലേഖനത്തെക്കുറിച്ച് ഇത്ര പറയാൻ എന്തിരിക്കുന്നു?
ജോസ് ടി തോമസ്

ലേഖനം

10 ലത്തീൻ കത്തോലിക്കർ: സാമൂഹിക-സാമ്പത്തിക വിശകലനം
ഡോ. മാർട്ടിൻ പാടിക്

14 പുതിയ അധ്യയനവർഷം: ആശങ്കകളുടെയും പ്രതീക്ഷകളുടെയും– 2
ഡോ. ആൻറണി ഡെയ്ൻ

18 ആരോഗ്യത്തിൽ നമ്മുടെ പങ്കെന്ത്?
ഡോ. ജയശ്രീ എ. കെ.

26 സർക്കാരിന്റെ പുതുക്കിയ ബജറ്റും കടൽ മത്സ്യമേഖലയും
എ.ജെ. വിജയൻ

അഭിമുഖം

24 തിരക്കുഴി താണ്ടിയ യാനം; ശ്രീ അലക്സാണ്ടർ ഐ എ എസ്
ഡോ. ഐറിസ്

കവിത

13 ഭാരതിരാജ
വൈരമുത്തു മൊഴിമാറ്റം: പങ്കി

ടാക്കീസ്

32 മാതൃത്വം എന്ന തുഴഞ്ഞാൽ നീങ്ങാത്ത തോണി!
സുനിൽ സി. ഇ.

ചരിത്രപഥം

30 തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ – 6
ഇഗ്നേഷ്യസ് തോമസ്

മനർക്കാഴ്ച

42 കോക്രോച്ച് ജനതാ പാർട്ടി ഉയർത്തുന്ന ചോദ്യങ്ങൾ
ജെ. സി.

21 കാനോൻ നിയമം

22 സ്റ്റുഡൻസ് ഫോറം യോഗസഹായി

34 വചനജ്വാല

38 നീർച്ചാൽ

36 വാർത്തകൾ




















•ആനുകാലികം •ജോസ് ടി തോമസ്



ഒരു ചാക്രികലേഖനത്തെക്കുറിച്ച് ഇത്ര പറയാൻ എന്തിരിക്കുന്നു?

ആധുനിക കാലഘട്ടത്തിൽ, തന്റെ ആദ്യത്തെ ചാക്രികലേഖനം തന്നെ വ്യക്തവും സമഗ്രവുമായ ഒരു സാമൂഹിക ചാക്രികലേഖനമാക്കിയ ആദ്യ പാപ്പയാണ ലിയോ പതിനാലാമൻ. അതും ഒരു സിദ്ധാന്തപരമോ ആത്മീയമോ ദൈവശാസ്ത്രപരമോ ആയ വിഷയത്തെക്കുറിച്ചല്ല, മറിച്ച് മനുഷ്യരാശിയുടെ ഭാവിയെ സ്പർശിക്കുന്ന ആഗോള സാങ്കേതിക-നാഗരികതാത്മക വെല്ലുവിളിയായ നിർമിതബുദ്ധിയെ (എഐ) കേന്ദ്രീകരിച്ചാണ്.

വ്യവസായ വിപ്ലവം ഉയർത്തിയ ചോദ്യങ്ങളെ 1981-ൽ ലിയോ പതിമൂന്നാമന്റെ 'റേരും നൊവാരും' (പുതിയ കാര്യങ്ങൾ) അഭിമുഖീകരിച്ചതുപോലെ, ഇന്ന് എഐ




വ്യവസായ വിപ്ലവം ഉയർത്തിയ ചോദ്യങ്ങളെ 1981-ൽ ലിയോ പതിമൂന്നാമന്റെ 'റേരും നൊവാരും' (പുതിയ കാര്യങ്ങൾ) അഭിമുഖീകരിച്ചതുപോലെ, ഇന്ന് എഐ വിപ്ലവം ഉയർത്തുന്ന സാമൂഹികവും നാഗരികതാത്മകവും (CIVILIZATIONAL) ആയ ചോദ്യങ്ങളെ ലിയോ പതിനാലാമന്റെ 'മാഗ്നിഫിക്കാ ഹുമാനിറ്റാസ്' (മനുഷ്യവംശത്തിന്റെ മഹത്വം) അഭിമുഖീകരിക്കുന്നു.

വിപ്ലവം ഉയർത്തുന്ന സാമൂഹികവും നാഗരികതാത്മകവും (civilizational) ആയ ചോദ്യങ്ങളെ ലിയോ പതിനാലാമന്റെ 'മാനവ മഹിമ' (Magnifica Humanitas) അഭിമുഖീകരിക്കുന്നു. പതിമൂന്നാമനും പതിനാലാമനും ഇടയിലെ 135 വർഷംകൊണ്ട്, മാറ്റങ്ങളുടെ ഒരു യുഗത്തിൽനിന്ന് ആ യുഗത്തിന്റെതന്നെ മാറ്റത്തിലേക്കു ഭൂമിയും മനുഷ്യരാശിയും എത്തുകയായിരുന്നു. "ജാഗ്രത ആവശ്യമുള്ള വിലപ്പെട്ട ഒരു ഉപകരണം" ആയി നിർമിതബുദ്ധിയെ കാണുന്ന ഈ വിശ്വലേഖനം, ലോകമെമ്പാടും നടക്കുന്ന എഐ ചർച്ചകളിൽ പുതിയ ഒരു തിരിവു കൊണ്ടുവരുന്നുണ്ട്. എഐ ഗവേഷണത്തിനു രാജ്യാന്തര നിയന്ത്രണചട്ടക്കൂട് (regulatory framework) ഉണ്ടാക്കുക എന്ന മാനേജീരിയൽ ഭരണ-സാങ്കേതിക സമീപനത്തിൽ ഒതുങ്ങാതെ, പ്രശ്നത്തെ നരവംശശാസ്ത്രപരവും നാഗരികതാപരവും (civilizational) ആയി കാണാൻ പാപ്പ ക്ഷണിക്കുന്നു.

എഐ സുരക്ഷിതമാണോ? തെറ്റായ വിവരങ്ങൾ പടരുമോ? ജോലികൾ നഷ്ടപ്പെടുമോ? സ്വകാര്യത ഇല്ലാതാകുമോ? അൽഗൊരിതങ്ങൾ പക്ഷപാതപരമാണോ? വലിയ ടെക് കമ്പനികൾ അധികാരം കേന്ദ്രീകരിക്കുമോ? ഇവയെല്ലാം ഗൗരവമുള്ള ചോദ്യങ്ങളാണ്. അതുകൊണ്ടുതന്നെ സർക്കാരുകളും സർവകലാശാലകളും അന്താരാഷ്ട്ര സ്ഥാപനങ്ങളും AI regulation, transparency, accountability, explainability, human oversight തുടങ്ങിയ നയരൂപീകരണ ചട്ടക്കൂടുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, ഇതിന് അടിസ്ഥാനപരമായ ഒരു പരിമിതി ഉണ്ട്. അവയുടെ ഭൂരിഭാഗവും ഇപ്പോഴും ഒരു മാനേജീരിയൽ - ടെക്നോക്രാറ്റിക് ചക്രവാളത്തിലാണു നിലകൊള്ളുന്നത്. അതായത്, എഐയെ അതിശക്തമായ ഒരു സാങ്കേതികസംവിധാനമായി കണ്ട് അതിനെ "എങ്ങനെ നിയന്ത്രിക്കാം" എന്ന ചോദ്യത്തിനുള്ളിലാണ് അവയുടെ ശ്രദ്ധ. ഇവിടെത്തന്നെയാണ് 'മാനവ മഹിമ' ഒരു നിർണായക തിരിവു സൃഷ്ടിക്കുന്നത്.

ഈ രേഖ എഐയെക്കുറിച്ചുള്ള ചോദ്യത്തെ, സാങ്കേതിക-ഭരണപരമായ ചുറ്റുവട്ടത്തിൽനിന്ന് മനുഷ്യാവസ്ഥയുടെയും നാഗരികതയുടെയും ചോദ്യങ്ങളിലേക്കു മാറ്റുന്നു. മനുഷ്യൻ ആരാണ്? ബുദ്ധി എന്നത് എന്താണ്? മനുഷ്യജീവിതത്തിന്റെ അർഥം കാര്യക്ഷമത ആണോ വിവേകം ആണോ? മനുഷ്യബന്ധങ്ങൾ ഓപ്റ്റിമൈസേഷനിലേക്കു ചുരുങ്ങിയാൽ എന്തു സംഭവിക്കും? സ്നേഹം, സൗഹൃദം, ഉത്തരവാദിത്തം, തൊഴിൽ, സഹാനുഭൂതി എന്നിവയെ കേവലം കണക്കുകൂട്ടലിന്റെ (digital computation) ചട്ടക്കൂടുകൊണ്ടു പകരംവെക്കാനാകുമോ? ഈ ചോദ്യങ്ങളാണ് ഇത് ഉന്നയിക്കുന്നത്.

ചോദ്യത്തിലെ ഈ മാറ്റം വളരെ



ഒരു സമൂഹത്തിന്റെ ആത്മാവും അതിന്റെ നൈതിക-സാംസ്കാരിക ദിശയും നഷ്ടപ്പെട്ടാൽ, ഏറ്റവും മികച്ച നിയമ ചട്ടക്കൂടുകൾക്കുപോലും മനുഷ്യനെ സംരക്ഷിക്കാൻ കഴിയില്ല.


ഗൗരവമുള്ളതാണ്. കാരണം എഐയുടെ യഥാർഥ അപകടം ഭാവിയിലെ സൂപ്പർ ഇന്റലിജൻസ് മാത്രം ആവണമെന്നില്ല. മനുഷ്യസമൂഹംതന്നെ ക്രമേണ അൽഗൊരിതീയ യുക്തിയുടെ അടിസ്ഥാനത്തിൽ പുനർസ്സംഘടിതമാകുന്നതായിരിക്കാം, കൂടുതൽ വലിയ അപകടം. വിദ്യാഭ്യാസം learning analytics ആയി, സൗഹൃദം engagement metrics ആയി, രാഷ്ട്രീയം behavioural manipulation ആയി, മനുഷ്യശ്രദ്ധ market commodity ആയി, മനുഷ്യൻതന്നെ data profile ആയി മാറുന്ന ഒരു ലോകത്തിലേക്കുള്ള നീക്കമാണോ ഇന്നു നടക്കുന്നത് എന്നു സംശയിക്കാം.

ഈ പശ്ചാത്തലത്തിൽ 'മാനവ മഹിമ' ഒരു സാങ്കേതികവിദ്യാവിരുദ്ധ പ്രഖ്യാപനമല്ല; 'എഐ ഭയ'ത്തെ ആളിക്കത്തിക്കുന്ന രേഖയല്ല; അതൊരു എഐ വിരുദ്ധ പ്രമാണവുമല്ല. മറിച്ച് "ബുദ്ധി" എന്ന ആശയത്തിന്റെ ആത്മാവിലേക്കു നടത്തുന്ന നാഗരികതാപരമായ ഇടപെടലാണ്. ഈ രേഖ ഒരു നിർണായക വ്യത്യാസം മുന്നോട്ടുവയ്ക്കുന്നു: യന്ത്രങ്ങളുടെ കണക്കുകൂട്ടൽ എന്ന നിലയിലെ ബുദ്ധിയും, ജീവിതത്തിൽ പങ്കുചേരുന്ന വിവേകബുദ്ധിയും തമ്മിലുള്ള വ്യത്യാസം. ആ വ്യത്യാസം ആണ് ഈ ചാക്രിക ലേഖനത്തിലേക്കുള്ള താക്കോൽ.

ചാറ്റ്ജിപി പോലുള്ള വിശാല ഭാഷാമാതൃകകൾക്ക് (LLM), മനുഷ്യർ "love", "friendship", "responsibility" എന്നീ വാക്കുകൾ എങ്ങനെ ഉപയോഗിക്കുന്നു എന്നു വളരെ ആഴത്തിൽ മനസ്സിലാക്കാൻ കഴിയും. പക്ഷേ പാപ്പ ചൂണ്ടിക്കാണിക്കുന്നത് വ്യാകരണ വ്യൽപത്തിക്കും അനുഭവത്തിനും ഇടയിലെ അന്തരമാണ്. മനുഷ്യൻ സ്നേഹത്തെ വിവരിക്കുകമാത്രമല്ല, അത് അനുഭവിക്കുകയും സഹിക്കുകയും ബന്ധങ്ങളിൽ ജീവിക്കുകയും ചെയ്യുന്നു. അതേസമയം ഭാവിയിൽ എഐയ്ക്ക് ഏതെങ്കിലും രൂപത്തിലുള്ള ആന്തരികത വികസിക്കില്ലെന്ന് ഉറപ്പായി പറയാനുമാവില്ല. എന്നാൽ ചാക്രികലേഖനത്തിന്റെ മുഖ്യചോദ്യം അതുപോലും അല്ല. അതിന്റെ പ്രധാന ആശങ്ക, മനുഷ്യർ തങ്ങളെത്തന്നെ സാങ്കേതിക സിസ്റ്റങ്ങൾ ആയി കാണാൻ തുടങ്ങുമോ എന്നതാണ്. അതിനാൽ ഈ രേഖയുടെ ഏറ്റവും വലിയ സംഭാവന എഐയെക്കുറിച്ചുള്ള ചർച്ചയെ "risk management" എന്ന പരിധിയിൽ നിന്ന് "civilizational self-understanding" എന്ന തലത്തിലേക്ക് ഉയർത്തുന്നതിലാണ്. ഇത് നിയമംകൊണ്ടുള്ള regulation-നെ നിരസിക്കുന്നില്ല; പക്ഷേ അതുമാത്രം മതിയാകില്ലെന്ന് ഓർമിപ്പിക്കുന്നു. ഒരു സമൂഹത്തിന്റെ ആത്മാവും അതിന്റെ നൈതിക-സാംസ്കാരിക ദിശയും നഷ്ടപ്പെട്ടാൽ, ഏറ്റവും മികച്ച നിയമചട്ടക്കൂടുകൾക്കുപോലും മനുഷ്യനെ സംരക്ഷിക്കാൻ കഴിയില്ല.

എഐ ഭാവി ഒരു സാങ്കേതിക പ്രശ്നം മാത്രമല്ല. അത് മനുഷ്യൻ തന്റെ ബുദ്ധിയെ എന്തിനായി ഉപയോഗിക്കുന്നു എന്ന, വിവേകത്തെസംബന്ധിച്ച ചോദ്യമാണ്. കൊടുംകാര്യക്ഷമതയ്ക്കായോ, അധികാരത്തിനായോ, വിപണിക്കായോ? അല്ലെങ്കിൽ വിവേകം, ഉത്തരവാദിത്തം, അൻപ്, സഹസൃഷ്ടിപരത (co-creativity) എന്നിവയ്ക്കായോ? അവിടെയാണ് 'മാനവ മഹിമ' ഒരു പുതിയ നാഗരികതാ ചർച്ച ആരംഭിക്കുന്നത്. എഐയെ കൊല്ലാനല്ല, നിരായുധീകരിക്കാൻ അത് ആവശ്യപ്പെടുന്നു. വ്യക്തികൾ എന്ന നിലയിലും സമൂഹം എന്ന നിലയിലും നടക്കേണ്ട ഒരു നിരായുധീകരണം. ("എഐ ആധുനികകാല അടിമത്തത്തിലേക്കു നയിക്കാം" എന്നാണു പാപ്പ ചൂണ്ടിക്കാട്ടിയത്. നയിക്കാം, നയിച്ചേക്കാം, നയിച്ചേക്കും, കാരണമാകാം, കാരണമായേക്കാം, കാരണമായേക്കും എന്നൊക്കെ പറഞ്ഞാൽ അതിൽ എന്തു പഞ്ച്? പഞ്ച് വരണമെങ്കിൽ തലക്കെട്ടിൽ "എഐ അടിമത്തത്തിനു കാരണമാകും"എന്നുതന്നെ തറപ്പിച്ചങ്ങു പറയണം! എഐയെക്കുറിച്ച് ഭീതി പരത്തുന്ന പരമ്പരാഗത മാധ്യമങ്ങളിൽ മറ്റൊന്നും പ്രതീക്ഷിക്കുകവയ്യ).

സകല മനുഷ്യരുടെയും ഡിജിറ്റൽ ജീവിതത്തിലൂടെയും ചെറിയൊരുപിടി കോർപ്പറേഷനുകളുടെ ഡിജിറ്റൽ ചൂഷണത്തിലൂടെയും പുതിയൊരു ലോകക്രമം രൂപംകൊള്ളുന്ന അന്തരാളഘട്ടമാണിത്. അവിടെ ഭാവി പ്രവചിക്കുകയല്ല പാപ്പ. മുന്നിൽ രണ്ടു വിരുദ്ധ സാധ്യതകൾ ഉണ്ടെന്നു ചൂണ്ടിക്കാട്ടുകയും അവയിൽ ഒരു തിരഞ്ഞെടുപ്പ് എങ്ങനെ നടത്തുമെന്നതിന്റെ ധാർമികവും രാഷ്ട്രീയവുമായ പരിഗണനകൾ മുന്നോട്ടുവയ്ക്കുകയുമാണ് ചാക്രികലേഖനം. എഐ മനുഷ്യരാശിക്കു വിനാശം കൊണ്ടുവരുമോ, അതോ അഭൂതപൂർവമായ അഭിവൃദ്ധി സമ്മാനിക്കുമോ എന്ന ചോദ്യമാണ് ഇന്നു പല വേദികളിലും വാദപ്രതിവാദം ആകുന്നത്. എന്നാൽ ചരിത്രവും ലഭ്യമായ തെളിവുകളും സൂചിപ്പിക്കുന്നത് ഈ രണ്ട് അറ്റങ്ങളിൽ ഒന്നും അനിവാര്യമല്ല എന്നതാണ്. സാങ്കേതികവിദ്യകൾ സ്വയം സ്വർഗ്ഗമോ നരകമോ സൃഷ്ടിക്കാറില്ല; നിലവിലുള്ള മൂല്യങ്ങളെയും സ്ഥാപനങ്ങളെയും സാമൂഹിക ദിശകളെയും ശക്തിപ്പെടുത്തുകയാണ് അവ സാധാരണ ചെയ്യുന്നത്. ഈ പശ്ചാത്തലത്തിലാണ പാപ്പ, ബാബേൽ ഗോപുരത്തിന്റെയും പുതിയ ജറുസലേമിന്റെയും പ്രതീകങ്ങൾ ഉപയോഗിക്കുന്നത്. ഇവ ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങളല്ല; മറിച്ച് മനുഷ്യനാഗരികതയ്ക്കു മുന്നിലുള്ള രണ്ടു ദിശാസൂചകങ്ങളാണ്. സാങ്കേതിക



"എഐ എന്തായി മാറും എന്നതല്ല, എഐയെ നയിക്കുന്ന മനുഷ്യനാഗരികത എന്തായി മാറും" എന്നതാണ് പാപ്പ ഉന്നയിക്കുന്ന ചോദ്യം.

ശക്തിയിലും നിയന്ത്രണത്തിലും കേന്ദ്രീകൃതമായ ഒരു നാഗരികതയുടെ പ്രതീകമാണല്ലോ ബാബേൽ. ഇവിടെ ബുദ്ധി ജ്ഞാനത്തിൽനിന്ന വേർപെടുകയും കാര്യക്ഷമത മനുഷ്യബന്ധങ്ങളെ മറികടക്കുകയും ചെയ്യുന്ന. മനുഷ്യൻ ഡാറ്റയായും സമൂഹം ഒരു നിയന്ത്രിത സംവിധാനമായും ചുരുങ്ങാനുള്ള അപായസാധ്യത (risk) ഇവിടെ ഉണ്ടെന്നതു ശരിതന്നെ. അതേസമയം "പുതിയ ജറുസലേം" ("ദൈവനഗരം") മനുഷ്യ മഹിമ, നീതി, ഉത്തരവാദിത്തം, പരസ്പരബന്ധം, സഹവർത്തിത്വം എന്നിവയാൽ നയിക്കപ്പെടുന്ന ഒരു നാഗരികതയുടെ പ്രതീകമാണ്. ഇവിടെ സാങ്കേതികവിദ്യയും അധ്വാനവും മനുഷ്യനെ മാറ്റിസ്ഥാപിക്കുന്നില്ല; മറിച്ച് മനുഷ്യവികാസത്തെ സേവിക്കുന്ന. ആ ശുഭസാധ്യതയും (prospect) ഇവിടുണ്ടെന്ന കാണണം.

ഇങ്ങനെ ബാബേൽ സാധ്യതയെയും ദൈവനഗരസാധ്യതയെയും ഒരുമിച്ചു കാണുന്ന ഈ വീക്ഷണത്തിന്റെ പ്രത്യേകത, എഐയെക്കുറിച്ചുള്ള ചർച്ചയെ സാങ്കേതിക അപകടസാധ്യതകളിൽ (risks)നിന്നും നിയന്ത്രണനയങ്ങളിൽ (regulatory policies) നിന്നും ഉയർത്തിക്കൊണ്ട്, നാഗരികതാപരമായ (civilizational) ചോദ്യമാക്കി മാറ്റുന്നതിലാണ്. യഥാർഥ ചോദ്യം "എഐ എന്തായി മാറും" എന്നതല്ല; "എഐയെ നയിക്കുന്ന മനുഷ്യനാഗരികത എന്തായി മാറും" എന്നതാണ്. എഐയുടെ ഭാവി ഒടുവിൽ യന്ത്രങ്ങളുടെ കഥയല്ല. അത്, ജ്ഞാനത്തോടും കരുണയോടും ഉത്തരവാദിത്തത്തോടുംകൂടെ മനുഷ്യബുദ്ധി വളരുമോ എന്ന ചോദ്യമാണ്. ബാബേലിന്റെയും പുതിയ ജറുസലേമിന്റെയും ഇടയിലുള്ള തിരഞ്ഞെടുപ്പ് സാങ്കേതികവിദ്യയുടേതല്ല; മനുഷ്യരാശിയുടേതാണ്. ഇതാണ ലോകമെമ്പാടും നടക്കുന്ന എഐ ചർച്ചകളിൽ പാപ്പ കൊണ്ടുവരുന്ന പുതിയ മാനം.

"സാങ്കേതികവിദ്യ നിഷ്പക്ഷമാണ്; അത് എങ്ങനെ ഉപയോഗിക്കുന്ന എന്നതാണ പ്രശ്നം" എന്ന പൊതുവായ വാദത്തെ അദ്ദേഹം ഭാഗികമായി ചോദ്യം ചെയ്യുന്ന. സാങ്കേതികവിദ്യ ഒരു ഉപകരണം മാത്രമല്ല; അത് മനുഷ്യർ ലോകത്തെ കാണുന്ന രീതിയെയും ചിന്തിക്കുന്ന രീതിയെയും പ്രവർത്തിക്കുന്ന രീതിയെയും പുനഃക്രമീകരിക്കുന്ന എന്നതാണ് അദ്ദേഹത്തിന്റെ വാദം. ഉദാഹരണത്തിന്: കാറുകൾ യാത്രയെ മാത്രമല്ല, നഗരങ്ങളുടെ രൂപകല്പനയെയും മാറ്റി. സോഷ്യൽ മീഡിയ ആശയവിനിമയത്തെ മാത്രമല്ല, ശ്രദ്ധയെയും രാഷ്ട്രീയത്തെയും സാമൂഹികബന്ധങ്ങളെയും മാറ്റി. എഐ ഉൽപാദനക്ഷമതയെ മാത്രമല്ല, അറിവ്, സൃഷ്ടിപരത, വിദ്യാഭ്യാസം, തൊഴിൽ, തീരുമാനമെടുക്കൽ എന്നിവയെക്കുറിച്ചുള്ള നമ്മുടെ ധാരണകളെയും മാറ്റുന്ന. ഈ അർഥത്തിൽ സാങ്കേതികവിദ്യ "നിഷ്പക്ഷം" അല്ല. അതിന് ഒരു അന്തർനിഹിത ദിശാബോധം (internal logic), പ്രോത്സാഹനഘടന (incentive structure), ലോകവീക്ഷണം (worldview) എന്നിവയുണ്ട്. ചില മൂല്യങ്ങളെ അതു ശക്തിപ്പെടുത്തുകയും ചിലതിനെ ദുർബലമാക്കുകയും ചെയ്യുന്ന. എന്നാൽ പാപ്പ പറയുന്നത്, സാങ്കേതികവിദ്യ സ്വതവേ ദുഷ്ടമാണെന്നല്ല. മറിച്ച് ഓരോ സാങ്കേതികവിദ്യയും ഒരു സാംസ്കാരിക-നാഗരികതാത്മക ശക്തിയാണ്; അതിനാൽ അതിനെ സാമ്പത്തികമോ സാങ്കേതികമോ ആയ മാനദണ്ഡങ്ങൾ കൊണ്ടു മാത്രം വിലയിരുത്താനാവില്ല എന്നാണ്. ഇവിടെയാണ് അദ്ദേഹത്തിന്റെ നിലപാട് "എഐ, വിനാശമോ അഭിവൃദ്ധിയോ" എന്ന അതിലളിതമായ ചോദ്യത്തെ മറികടക്കുന്നത്. എഐ മനുഷ്യന്റെ കഴിവുകളെ വർധിപ്പിക്കുമോ എന്നതുമാത്രമല്ല ചോദ്യം; മനുഷ്യൻ എന്നതിന്റെ അർഥം തന്നെ അത് എങ്ങനെ പുനർനിർവചിക്കുന്ന എന്നതാണ് കൂടുതൽ അടിസ്ഥാനപരമായ ചോദ്യം.

അതിനാൽ ബാബേൽ-പുതു ജറുസലേം പ്രതീകങ്ങൾ സാങ്കേതികവിദ്യയെക്കുറിച്ചുമാത്രമല്ല; സാങ്കേതികവിദ്യ രൂപപ്പെടുത്തുന്ന മനുഷ്യനാഗരികതയുടെ ആത്മാവിനെക്കുറിച്ചുകൂടിയാണ്. അത് അദ്ദേഹത്തിന്റെ ചർച്ചയെ സാധാരണ regulatory framework-കളിൽ നിന്ന് ഒരു civilizational critique-ലേക്കും civilizational vision-ലേക്കും ഉയർത്തുന്ന (പോപ്പിന്റെ വിരുദ്ധ ബൈബിൾ പ്രതീകങ്ങൾക്കുപകരം മതേതര വൈരുദ്ധ്യ കല്പനകളും ആവാം. ഉദാഹരണത്തിന്, മേധാവിത്വത്തിനെതിരെ സഹകരണം, ടെക്നോക്രസിക്കെതിരെ ഹ്യൂമനിസം, ഓപ്റ്റിമൈസേഷനെതിരെ വിവേകം, ഊറ്റിയെടുക്കലിനെതിരെ മേൽനോട്ടം, സിസ്റ്റം എഫിഷ്യൻസിക്കെതിരെ മാനവ ഉൽക്കർഷം... അങ്ങനെയങ്ങനെ).

ചുരുക്കത്തിൽ, എഐയ്ക്ക് കൂടുതൽ ബുദ്ധിവയ്ക്കുമോ എന്നതിനുപകരം, ആ വർധിതബുദ്ധിയ്ക്കൊത്ത്, അതില്ലാതിരുന്ന മനുഷ്യജാതിയുടെ വിവേകബുദ്ധിയും സാമൂഹികോത്തരവാദിത്തവും ഐക്യദാർഢ്യവും നമ്മൾ വികസിപ്പിച്ചുകൊണ്ടിരിക്കുമോ എന്നതാവുന്നു ചോദ്യം. ആ ചോദ്യം വ്യക്തമായും ശക്തമായും ഉന്നയിച്ചതിലൂടെ ലിയോയുടെ പേപ്പസി ചരിത്രത്തിൽ അടയാളപ്പെട്ടുകഴിഞ്ഞു. എഐയെ ഭയപ്പെടുന്ന ഒരു ലോകത്തോട്, ബൈബിളിൽ ഏറ്റവും കൂടുതൽ ആവർത്തിക്കപ്പെടുന്ന ആ കരുതലിന്റെ വാക്യം ("ഭയപ്പെടേണ്ട") പറയുന്ന ഒരു പാപ്പയെ ആണ് ചാക്രിക (വിശ്വ) ലേഖനത്തിൽ നമുക്കു കണ്ടുകിട്ടാൻ കഴിയുക.

•



ലത്തീൻ കത്തോലിക്കർ: സാമൂഹിക-സാമ്പത്തിക വിശകലനം

(സംക്ഷിപ്ത രൂപം)



•ലേഖനം
ഡോ. മാർട്ടിൻ പാടിക്

ബഹുതല സ്പർശിയായ ഇടപെടലുകൾകൊണ്ട് മാത്രമേ ലത്തീൻ കത്തോലിക്കർ നേരിടുന്ന വിദ്യാഭ്യാസ- സാമ്പത്തിക- സാമൂഹിക- ക്ഷേമ പ്രശ്നങ്ങൾ പരിഹരിക്കാനാവൂ. വർഷങ്ങൾകൊണ്ട് പരിഹരിക്കാനുതകുന്ന ശാസ്ത്രീയ തന്ത്രങ്ങൾക്കു രൂപംകൊടുത്തുവേണം മുന്നോട്ടു പോകേണ്ടത്. ആനുകൂല്യങ്ങൾക്കു വേണ്ടി ശബ്ദം ഉയർത്തുന്നതിനോടൊപ്പം സമുദായ അംഗങ്ങളുടെ ആത്മാഭിമാനം (SELF-ESTEEM) വളർത്തുന്നതിനുള്ള നടപടികളും ഉണ്ടാവണം.

ലത്തീൻ കത്തോലിക്കരുടെ സാമൂഹിക-സാമ്പത്തിക അവസ്ഥ കൃത്യമായി അടയാളപ്പെടുത്തുന്ന ശാസ്ത്രീയ പഠനമോ, വിവരങ്ങളോ ഇല്ലായെന്നതാണ് യാഥാർഥ്യം. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പഠിക്കാൻ 2021 ഫെബ്രുവരി 9-ന് 'കോശി കമ്മീഷനെ' നിയോഗിച്ചതിന്റെ പശ്ചാത്തലത്തിൽ ലത്തീൻ കത്തോലിക്കരുടെ സാമൂഹിക-സാമ്പത്തിക അവസ്ഥ പഠിക്കാൻ സമുദായത്തിന്റെ ഉന്നതാധികാര സമിതിയായ KRLCC നിശ്ചയിച്ചു. തുടർന്ന് നടത്തിയ പഠനത്തിന്റെ നിഗമനങ്ങളാണ് "ലത്തീൻ കത്തോലിക്കർ: സാമൂഹിക-സാമ്പത്തിക വിശകലനം" എന്ന പുസ്തകത്തിന്റെ ഉള്ളടക്കം. അതിലെ പ്രധാനപ്പെട്ട ചില നിഗമനകളാണ് ഈ കുറിപ്പിനാധാരം.

രീതി ശാസ്ത്രം

പ്രാഥമിക- ദ്വിതീയ വിവരങ്ങളെ ആശ്രയിച്ചാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയത്. പ്രാഥമിക വിവര ശേഖരണത്തിനായി ശാസ്ത്രീയമായ 'സാമ്പിൾ സർവേ രീതി'യാണ് ഉപയോഗിച്ചത്. 'സിസ്റ്റമാറ്റിക് റാൻഡം സാംപ്ലിങ്ങിലൂടെ' തിരെഞ്ഞെടുക്കപ്പെട്ട 106198 ആളുകളിൽ നിന്നാണ് വിവര ശേഖരണം നടത്തിയത്. തുടർന്ന്, 'ഫോക്കസ് ഗ്രൂപ്പ്' ചർച്ചാരീതിയും അവലംബിച്ചു.

വലുപ്പം

ലത്തീൻ കത്തോലിക്കരുടെ വലുപ്പത്തെ സംബന്ധിച്ച് കൃത്യമായ ധാരണ പലർക്കും ഇല്ല. അതുകൊണ്ടുതന്നെ സമുദായത്തിലെ അംഗങ്ങളുടെ എണ്ണം ഔദ്യോഗികതലത്തിലും സ്വതന്ത്ര ഗവേഷണതലത്തിലും കുറച്ചുകാണിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ആധികാരിക രേഖയുടെ അഭാവമാണ് ഇത്തരം പിഴവുകൾക്ക് കാരണമെന്ന നിലപാടിന് ഇന്ന് പ്രസക്തിയില്ല. ഇതിനു കാരണം, ആഗോള കത്തോലിക്കാ സഭയുടെ ഔദ്യോഗിക റിപ്പോർട്ടായ "ആനുവാരോ പൊന്തിഫിച്ചോയിൽ" ലോകത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലെയും വിശ്വാസികളുടെ എണ്ണം പ്രസിദ്ധീകരിക്കാറുണ്ട്. 2019-ലെ വത്തിക്കാൻ റിപ്പോർട്ടനുസരിച്ച് കേരളത്തിലെ 12 ലത്തീൻ രൂപതകളിലെ വിശ്വാസികളുടെ എണ്ണം 2013ൽ 16,60,004 ആണ്. പ്രസ്തുത കണക്ക് 2021ലേക്ക് പ്രൊജക്ട് ചെയ്യുമ്പോൾ കിട്ടുന്നത് 20,04,548 ആകുന്നു. അതായത്, കേരള ജനസംഖ്യയിൽ ലത്തീൻ കത്തോലിക്കർ ഏകദേശം ആറ്(6)ശതമാനമാണ്. പ്രൊജക്ട് ചെയ്തതിന്റെ വിശദാംശങ്ങൾ പുസ്തകത്തിൽ നൽകിയിട്ടുണ്ട്.

അടിസ്ഥാന വിവരങ്ങളും വിദ്യാഭ്യാസവും


ജനസംഖ്യ സംബന്ധമായ വിവരങ്ങൾ, ഭൂമി-പാർപ്പിടം എന്നിവ സംബന്ധിച്ച വസ്തുതകൾ, സമ്പാദ്യ-ബാധ്യത വിശകലനം എന്നിവ വെളിപ്പെടുത്തുന്നത് ലത്തീൻ കത്തോലിക്കർ പിന്നാക്ക സാമൂഹിക അവസ്ഥയിലാണെന്ന നഗ്ന യാഥാർഥ്യമാണ്. ലത്തീൻ കത്തോലിക്കരിൽ 15.16 ശതമാനം ആളുകൾക്ക് സ്വന്തമായി ഭൂമി ഇല്ലെന്നു വ്യക്തമാക്കപ്പെടുന്നു. 2021ലെ സർവേയുടെ അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്കരുടെ സാക്ഷരതാ നിരക്ക് 84.9 ശതമാനമാണ്. 2011ലെ സെൻസസ് പ്രകാരം കേരളത്തിന്റെ സാക്ഷരതാ നിരക്കായ 93.91 ശതമാനത്തിലും താഴെയാണിത്. NSSOയുടെ (2019) എഴുപത്തഞ്ചാം റൗണ്ട് പ്രകാരം 2019-ൽ കേരളത്തിലെ സാക്ഷരതാ നിരക്ക് 96.2 ശതമാനം ആകുന്നു. 2011ലെ പട്ടിക ജാതിക്കാരുടെ സാക്ഷരതാ നിരക്ക് 81.65 ശതമാനം ആണ്. ഇപ്പോൾ അവരുടെ സാക്ഷരതാ നിരക്ക് 85 ശതമാനത്തിലധികം ആകാനുള്ള സാധ്യത വളരെ വലുതാണ്. അതായത് പട്ടികജാതിക്കാരുടെ സാക്ഷരതാ നിരക്കിന് സമാനമാണ് ലത്തീൻ കാത്തോലിക്കരുടെയും സാക്ഷരത നിരക്കെന്നു സൂചിപ്പിക്കേണ്ടി വരുന്നു.

സ്കൂൾ വിദ്യാഭ്യാസത്തിൽ ചില പ്രശ്നങ്ങൾ കാണുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസത്തിൽ ലത്തീൻ കത്തോലിക്കരുടെ അവസ്ഥ സങ്കീർണമാണ്. ബിരുദാനന്തര ബിരുദവും പ്രൊഫഷണൽ വിദ്യഭ്യാസവും നേടിയവർ കഷ്ടിച്ച് ഏഴു ശതമാനമാണെന്നത് സമുദായത്തിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയുടെ തികഞ്ഞ ദൃഷ്ടാന്തമാണ്. ഉന്നത വിദ്യാഭ്യാസത്തിൽ ആൺകുട്ടികളുടെ എണ്ണം കുറയുകയും പെൺകുട്ടികളുടെ സാന്നിധ്യം കൂടുകയും ചെയ്യുന്നുണ്ടെങ്കിലും സന്തോഷിക്കാൻ വകയില്ല. 2020-21ലെ ലത്തീൻ കത്തോലിക്കാവിഭാഗത്തിലെ വിദ്യാർഥികളിൽ പെൺകുട്ടികളുടെ തോത് 50.71 ആണ്. ബിരുദതലത്തിൽ ഈ തോത് 55.92 ശതമാനമായി ഉയരുന്നു. ബിരുദാനന്തര ബിരുദതലത്തിൽ അത് 62.58 ശതമാനമാണ്. എങ്കിലും കേരളത്തിലെ ബിരുദതലത്തിലെ പെൺകുട്ടികളുടെ തോതിനെ അപേക്ഷിച്ചു ഇത് വളരെ കുറവാണ്. 2019-20 വർഷത്തെ കണക്കു പ്രകാരം കേരളത്തിൽ, പെൺകുട്ടികളുടെ അനുപാതം ബിരുദതലത്തിൽ 68.1 ശതമാനവും, ബിരുദാനന്തര ബിരുദ തലത്തിൽ 67.7 ശതമാനവും ആണ് (Economic Review, 2020). സ്കൂൾ വിദ്യാഭ്യാസത്തിൽ വച്ചുതന്നെ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് കാണുന്നുണ്ടെങ്കിലും വിദ്യാഭ്യാസം തുടരുന്നവർ ആൺകുട്ടികളെ അപേക്ഷിച്ചു കൂടുതലാണ്. അതേസമയം അവരുടെ നിരക്ക് സംസ്ഥാന ശരാശരിക്കും താഴെയാണ്.

കുടുംബത്തിന്റെ സാമ്പത്തിക പ്രാരാബ്ധത തുടങ്ങിയുള്ള കുടുംബ സമ്മർദ്ദങ്ങൾ (Family Pressure) പഠനം ഉപേക്ഷിക്കാൻ ആൺകുട്ടികളെ പ്രേരിപ്പിക്കുന്നതായി ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ പ്രതിപാദിക്കപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ ലഭിക്കുന്ന പല ഗ്രാന്റുകളും സ്കോളർഷിപ്പുകളും ഉന്നത വിദ്യാഭ്യാസത്തിന് ലഭിക്കുന്നില്ല. ഇത് ഒരു പരിധിവരെ ലത്തീൻ കത്തോലിക്കാ ന്യൂനപക്ഷ വിദ്യാർഥികളെ ഉന്നത വിദ്യാഭ്യാസത്തിൽനിന്ന് അകന്നു നിൽക്കുവാനോ, പാതിവഴിയിൽ ഉപേക്ഷിക്കാനോ വഴിയൊരുക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും പ്രൊഫഷണൽ വിദ്യാഭ്യാസവും ലത്തീൻ കത്തോലിക്കർക്ക് പൊതുവിൽ വിദൂരത്തിൽതന്നെ. ദളിത് ക്രൈസ്തവരും തീരദേശവാസികളും കൂടിയ അളവിൽ ഈ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു.

തൊഴിൽ വിന്യാസം

കൃഷി, മത്സ്യബന്ധന മേഖലകൾ അടങ്ങുന്ന പ്രാഥമിക മേഖലയിൽ 23.27 ശതമാനം ആളുകളാണ് ആശ്രയിക്കുന്നത്. കേരളത്തിൽ ഇത് 27.3 ശതമാനം ആകുന്നു. മത്സ്യബന്ധന മേഖലയിലെ ആശ്രിതത്വം ആണ് ഇത്രയെങ്കിലും ആളുകൾ പ്രാഥമിക മേഖലയിൽ കാണാൻ കഴിയുന്നത്. ദ്വിതീയ മേഖലയിൽ 51.57 ശതമാനം ആളുകൾ പണിയെടുക്കുന്നു. കേരളത്തിൽ ഇത് 24.17 ശതമാനം ആകുന്നു. നിർമാണ മേഖലയിലെ ആശ്രയത്വം ആണ് ഇതിനു കാരണം. ബാക്കിയുള്ളവരാണ്(25.16%) സേവന മേഖലയിൽ പണിയെടുക്കുന്നത്. അതായത് കേരളത്തിന്റെ തൊഴിൽ വിന്യാസ രീതിയിൽനിന്നും വ്യത്യസ്തമാ



ണ് ലത്തീൻ കാത്തോലിക്കരിലെ തൊഴിൽ വിന്യാസം. കൃത്യമായി പറഞ്ഞാൽ നിർമാണ, മത്സ്യ ബന്ധന മേഖലകളെയാണ് നാം ഉപജീവനത്തിനായി കൂടുതൽ ആശ്രയിക്കുന്നത്.

സംഘടിത - അസംഘടിത വിഭാഗങ്ങളായി തരംതിരിച്ചാൽ, 11.61 ശതമാനം തൊഴിലാളികൾമാത്രമാണ് സംഘടിത മേഖലയിൽ പണിയെടുക്കുന്നത്. സംഘടിത മേഖലയിൽ പണിയെടുക്കുന്നവരിൽ കൂടുതൽപേരും(44.35%) സംസ്ഥാന സർക്കാർ മേഖലയിലാണ് ജോലി ചെയ്യുന്നത്. സംസ്ഥാന സർവീസ് കഴിഞ്ഞാൽ സ്വകാര്യ മേഖലയിലാണ് കൂടുതൽപേരും ജോലി ചെയ്യുന്നത്(23.1). ഇവിടെയും ചില പ്രശ്നങ്ങൾ കാണാം. സംസ്ഥാന സർക്കാർ സർവീസിൽ ജോലിക്കു പ്രവേശിക്കുന്നവർ (മെറിറ്റിൽ ഉൾപ്പടെ) കേവലം 2.23 ശതമാനം മാത്രമാണ്. സംസ്ഥാന സംവരണം ആയ നാല് ശതമാനംപോലും കൈവരിക്കാൻ പ്രാപ്തിയില്ലാത്തവരാണെന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. മാത്രവുമല്ല, താഴെ തട്ടിലുള്ള III, IV ഗ്രേഡുകളിലാണ് 70.16 ശതമാനം ലത്തീൻ കത്തോലിക്കാ ജീവനക്കാരും കേന്ദ്രികരിച്ചിരിക്കുന്നത്. ശക്തമായ ഇടപെടലിന്റെ അനിവാര്യതയെയാണ് ഇത് ചൂണ്ടിക്കാട്ടുന്നത്.

അസംഘടിത തൊഴിലാളികളിൽ ഏറ്റവും കൂടുതൽപേർ പണിയെടുക്കുന്നത് നിർമാണ മേഖലയിലാണ് (31.85%). അതിനെ തുടർന്ന് മത്സ്യ മേഖല (19%), ഷോപ്സ് &എസ്റ്റാബ്ലിഷ്മെന്റ്, തനതു ജോലിക്കാർ/ സ്വയം തൊഴിൽ ചെയ്യുന്നവർ എന്നീ നിലകളിൽ പണിയെടുക്കുന്നു. ഈ നാലു വിഭാഗങ്ങളിലുംകൂടി 81.86 ശതമാനം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. 26ഇനം തൊഴിൽ വിഭാഗങ്ങളാണ് നിർമാണ മേഖലയിൽ ഉൾപെടുത്തിയിരിക്കുന്നതെന്നു പ്രത്യേകം മനസിലാക്കണം. ഒറ്റ വിഭാഗങ്ങളായി തരംതിരിച്ചാൽ ഏറ്റവും വലിയ വിഭാഗം മത്സ്യത്തൊഴിലാളികൾതന്നെ.

മറ്റു വിഭാഗങ്ങൾ

ലത്തീൻ കത്തോലിക്കരിലെ ദളിത് ക്രൈസ്തവർ, ആംഗ്ലോ-ഇന്ത്യൻ, സ്ത്രീകൾ, പ്രവാസികൾ എന്നിവരെക്കുറിച്ചെല്ലാം വിശദമായി പുസ്തകത്തിൽ അപഗ്രഥിച്ചിട്ടുണ്ട്.

ഉപസംഹാരം

ബഹുതല സ്പർശിയായ ഇടപെടലുകൾകൊണ്ട് മാത്രമേ ലത്തീൻ കത്തോലിക്കർ നേരിടുന്ന വിദ്യാഭ്യാസ- സാമ്പത്തിക- സാമൂഹിക- ക്ഷേമപ്രശ്നങ്ങൾ പരിഹരിക്കാനാവൂ. വർഷങ്ങൾകൊണ്ട് പരിഹരിക്കാനുതകുന്ന ശാസ്ത്രീയ തന്ത്രങ്ങൾക്കു രൂപംകൊടുത്തുവേണം മുന്നോട്ടു പോകേണ്ടത്. ആനുകൂല്യങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്തുന്നതിനോടൊപ്പം സമുദായ അംഗങ്ങളുടെ ആത്മാഭിമാനം (Self-esteem) വളർത്തുന്നതിനുള്ള നടപടികളും ഉണ്ടാവണം. അതൊരു തുടർ പരിപാടിയും ആകണം. ഉറവിടത്തിന്റെ ഗർവ് പ്രകടിപ്പിക്കാനായി അഞ്ഞൂറ്റിക്കാർ, എഴുന്നൂറ്റിക്കാർ, ദലിത്, മുക്കുവർ, നാടാർ, ആംഗ്ലോഇന്ത്യൻ എന്നിങ്ങനെ തരംതിരിഞ്ഞു മേനിനടിക്കുന്ന നാട്യത്തിൽ നിന്നും സമുദായ അംഗങ്ങളെ മോചിപ്പിച്ച്, ഒരു കുടക്കീഴിൽ മുന്നോട്ടു നയിക്കുന്നതിൽ നേതൃത്വം കൂടുതൽ ശ്രദ്ധ പുലർത്തിയാൽ മാത്രമേ മാറ്റം സൃഷ്ടിക്കാനാവൂ.

•


•കവിത

വൈരമുത്തു

മൊഴിമാറ്റം : പങ്കി



ഭാരതിരാജ



പൂർവികരുടെ പുത്രനേ നീ യാത്രയായോ?
ഗ്രാമത്തെ രാജാവേ
നീ കാലം ചെയ്തുവോ?
ഞങ്ങളുടെ മണ്ണിന്റെ മണം
മരണ മണമായോ?

അടഞ്ഞുകിടന്ന സിനിമാ വാതിലുകളെ
തുറന്നവനേ, തുറന്നുതന്നവനേ!
ആകാശത്തിനു പിന്നാലെ അധിക 'നക്ഷത്ര'ങ്ങളെ
പരിചയപ്പെടുത്തിയവനേ!
എന്നെയും ആത്മാഭിമാനത്തോടെ
പ്രകാശിക്കാൻ പ്രേരിപ്പിച്ചവനേ!
'കൂടപ്പിറപ്പേ, രക്തബന്ധമേ' എന്ന നേതാക്കളുടെ
അഭിസംബോധനയ്ക്ക പകരം
'എന്റെ പ്രിയപ്പെട്ട തമിഴ് ജനമേ' എന്ന
രത്നപ്രയോഗത്തിന് മുദ്ര ചാർത്തിയവനേ!

നീ അദ്ഭുത പ്രവർത്തകൻ
പൂഴിയെ പൊന്നാക്കി.
സിനിമയുടെ നിറം വെള്ള എന്നതിനെ
കറുപ്പെന്നാക്കിയ കലാകാരൻ നീ!

ഇടിഞ്ഞ ചുവരുകളും തകർന്ന മനുഷ്യരും
ശിഥില ജീവിതവും
നിന്റെ കലയ്ക്ക് അസംസ്കൃത വസ്തുക്കൾ.

ഈ പട്ടിക്കാടിനെ ദില്ലിവരെ എത്തിച്ച
'അല്ലി' നഗര രാജാവ് നീ
ഇനി എങ്ങനെ ഞാൻ തനിയെ തേനിയിലേക്ക് പോകും?

സഹ്യപർവത വെള്ളച്ചാട്ടങ്ങൾ
കരഞ്ഞുകൊണ്ട് ചോദിക്കില്ലേ എവിടെ ഭാരതിരാജ?
കറ്റാഴകാട്ടിലെ കരപ്പാൻ ചോദിക്കുമല്ലോ എവിടെ ഭാരതിരാജ?
കരുവേല മരം ചോദിക്കുമല്ലോ എവിടെ ഭാരതിരാജ?
എന്ത് മറുപടി പറയും ഞാൻ?
എങ്ങനെ ഞാൻ തനിച്ചിരിക്കും?

നീ തൂലിക ഞാൻ ചായം
ഞാൻ തൂലിക നീ ചായം
തൂലിക ഇല്ലാതെ ഛായവും
ഛായമില്ലാതെ തൂലികയും എന്തിനാവും?

നീ അരിവാൾ ഞാൻ കൈപ്പിടി
ഞാൻ അരിവാൾ
നീ കൈപ്പിടി
അരിവാൾ ഇല്ലാത്ത കൈപ്പിടിയും
കൈപ്പിടി ഇല്ലാത്ത അരിവാളും എന്തിനുകൊള്ളാം?

എന്നെ കരയാൻ അനുവദിക്കൂ...
ദേഹത്തിന്റെ ഉപ്പെല്ലാം കണ്ണീരായി അലിയട്ടെ
ഇനി എന്തെഴുതാൻ?

'നടികർ തിലക'ത്തെപ്പോലെ ഞാനും പുലമ്പട്ടെ:
മന്ദമാരുതൻ തിരിച്ചുവരുമോ?
എന്റെ പാട്ടിനെ അതിഷ്ടപ്പെടുമോ?
പ്രോത്സാഹിപ്പിക്കാൻ, മടിയിലിട്ട് താലാട്ടാൻ
ഒരമ്മമടി കിട്ടുമോ?

ആദ്യപ്രണാമം ചെയ്തവനേ
നിനക്കെന്റെ അന്ത്യപ്രണാമം!

•

(തമിഴ് ഗ്രാമീണ ജീവിതത്തിന്റെ നിസ്സീമമായ സൗന്ദര്യവും മനുഷ്യബന്ധങ്ങളുടെ ആഴവും വെള്ളിത്തിരയിൽ അതുല്യ ഭംഗിയോടെ പകർത്തിയ കലാകാരനായിരുന്നു ഭാരതിരാജ. മണ്ണിന്റെ മണവും ഗ്രാമത്തിന്റെ ആത്മാവും സിനിമയിലൂടെ അദ്ദേഹം ലോകത്തിന് പരിചയപ്പെടുത്തി. കഥാപാത്രങ്ങളിലൂടെ മനുഷ്യന്റെ സന്തോഷങ്ങളും ദുഃഖങ്ങളും പ്രണയവും പോരാട്ടങ്ങളും ഹൃദയസ്പർശിയായി അവതരിപ്പിച്ചു. വൈരമുത്തു തന്റെ ആദ്യ സിനിമ ഗാനമായ 'പൊൻമാലൈ പൊഴുത' രചിച്ചത് ഭാരതിരാജയുടെ 'നിഴലുകൾ' എന്ന സിനിമയ്ക്കുവേണ്ടിയായിരുന്നു.)

•ലേഖനം
ഡോ. ആൻറണി ഡെയ്ൻ
(Behavioural & Emotional
Enrichment Trainer)



പുതിയ അധ്യയനവർഷം: ആശങ്കകളുടെയും പ്രതീക്ഷകളുടെയും 2



അധ്യാപകരുടെ മേഖല, വളർച്ചയും സ്വഭാവരൂപീകരണവും:

വിദ്യാ ത്രിത്വത്തിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ഘടകമാണ് അധ്യാപകർ. ഒരു കുട്ടിയുടെ ജീവിതത്തിൽ മാതാപിതാക്കൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്താൻ കഴിയുന്നത് അധ്യാപകർക്കാണ്. ക്ലാസ്സ്മുറികളിൽ കേവലം പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കുന്നതിനപ്പുറം, കുട്ടികളുടെ മാനസിക വളർച്ചയെയും സ്വഭാവരൂപീകരണത്തെയും അധ്യാപകർ എങ്ങനെയാണ് സ്വാധീനിക്കുന്നത് എന്ന് നമുക്ക് പരിശോധിക്കാം.

1. മാനസിക സുരക്ഷിതത്വവും ഊഷ്മളമായ ബന്ധങ്ങളും

വിദ്യാലയ അന്തരീക്ഷത്തിൽ അധ്യാപകരും വിദ്യാർഥിയും തമ്മിലുള്ള ബന്ധം കേവലം ഔദ്യോഗികമായ ഒന്നല്ല. ആധുനിക വിദ്യാഭ്യാസ മനഃശാസ്ത്ര പഠനങ്ങൾ സൂചിപ്പിക്കുന്നത്, കുട്ടികളുടെ അക്കാദമിക് വിജയത്തിന്റെ ഏറ്റവും വലിയ പ്രവചനാത്മക ഘടകം (Predictor of success) അധ്യാപകരുമായി അവർക്കുള്ള ബന്ധത്തിന്റെ ആഴമാണെന്നാണ്. ക്ലാസ്സ്മുറിയിൽ 'മാനസിക സുരക്ഷിതത്വം' (Psychological Safety) ഉറപ്പാക്കുക എന്നത് അധ്യാപകരുടെ പ്രാഥമിക ചുമതലയാണ്.

ഭയമില്ലാത്ത അന്തരീക്ഷം: തെറ്റുകൾ വരുത്തുമോ എന്ന് ഭയപ്പെടാതെ, സ്വന്തം സംശയങ്ങൾ ചോദിക്കാനും പുതിയ ആശയങ്ങൾ പങ്കുവെക്കാനും കുട്ടിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം. പരീക്ഷണങ്ങൾക്കുള്ള ധൈര്യം: തോൽവിയെക്കുറിച്ചോ പരിഹാസങ്ങളെക്കുറിച്ചോ ഉള്ള ഭയം മാറുമ്പോൾ കുട്ടികൾ വലിയ അക്കാദമിക് വെല്ലുവിളികൾ ഏറ്റെടുക്കാൻ (Academic Risk-taking) സ്വയം തയ്യാറാകുന്നു.

വൈകാരികമായ താങ്ങ്: കുടുംബപരമായോ സാമൂഹികപരമായോ പിന്നാക്കം നിൽക്കുന്നവരും പലവിധ പ്രതിസന്ധികൾ അനുഭവിക്കുന്നവരുമായ കുട്ടികൾക്ക് (At-risk students) അധ്യാപകരുടെ സ്നേഹപൂർണമായ പിന്തുണ വലിയ ആശ്വാസമായി (Buffer against stress) മാറുന്നു. ഇത് അവരുടെ മാനസിക സമ്മർദ്ദം കുറയ്ക്കുകയും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുകയും ചെയ്യും.

2. പ്രചോദനവും ആധുനിക ബോധനരീതികളും

കുട്ടികളിൽ പഠനത്തോടുള്ള താല്പര്യം നിലനിർത്തുക എന്നത് ഇന്നത്തെ കാലത്ത് വലിയൊരു വെല്ലുവിളിയാണ്. മാർക്കുകൾ, സമ്മാനങ്ങൾ തുടങ്ങിയ ബാഹ്യമായ ഘടകങ്ങൾ നൽകി കുട്ടികളെ പഠിപ്പിക്കുന്നതിനേക്കാൾ (Extrinsic Motivation), കുട്ടിയുടെ ഉള്ളിൽ നിന്നുതന്നെ പഠിക്കാനുള്ള ആഗ്രഹം (Intrinsic Motivation) വളർത്തിയെടുക്കാൻ അധ്യാപകർക്ക് സാധിക്കണം. ഇതിനായി അധ്യാപകർ കുട്ടികൾക്ക് താഴെ പറയുന്ന മൂന്ന് കാര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്:

കുട്ടികളിൽ പഠനത്തോടുള്ള താല്പര്യം നിലനിർത്തുക എന്നത് ഇന്നത്തെ കാലത്ത് വലിയൊരു വെല്ലുവിളിയാണ്. മാർക്കുകൾ, സമ്മാനങ്ങൾ തുടങ്ങിയ ബാഹ്യമായ ഘടകങ്ങൾ നൽകി കുട്ടികളെ പഠിപ്പിക്കുന്നതിനേക്കാൾ കുട്ടിയുടെ ഉള്ളിൽ നിന്ന് തന്നെ പഠിക്കാനുള്ള ആഗ്രഹം വളർത്തിയെടുക്കാൻ അധ്യാപകർക്ക് സാധിക്കണം.

സ്വയംഭരണാധികാരം (Autonomy): പഠന പ്രക്രിയയിൽ കുട്ടികൾക്ക് സ്വന്തമായി തീരുമാനങ്ങൾ എടുക്കാനും അവരുടെ താല്പര്യങ്ങൾക്കനുസരിച്ച് പ്രോജക്ടുകൾ തിരഞ്ഞെടുക്കാനും അവസരം നൽകുക.

യഥാർഥ ജീവിതവുമായുള്ള ബന്ധം (Relevance): പാഠപുസ്തകത്തിലെ സിദ്ധാന്തങ്ങൾ കേവലം മനപ്പാഠമാക്കാതെ, അവ കുട്ടിയുടെ ചുറ്റുപാടുമുള്ള ലോകവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണിച്ചുകൊടുക്കുക. (ഉദാഹരണത്തിന്, സസ്യങ്ങളുടെ പ്രകാശസംശ്ലേഷണത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ സ്കൂൾ മുറ്റത്തെ ചെടികളെ നിരീക്ഷിക്കാൻ അവസരമൊരുക്കുക). ഫലപ്രദമായ പ്രതികരണം (Competence): കുട്ടികൾ ചെയ്യുന്ന നല്ല കാര്യങ്ങളെ കൃത്യസമയത്ത് അഭിനന്ദിക്കുകയും, അവരുടെ കഴിവിനെക്കുറിച്ച് അവർക്ക് തന്നെ ആത്മവിശ്വാസം നൽകുകയും ചെയ്യുക.

ബോധനശാസ്ത്ര തന്ത്രം - സോക്രട്ടിക് രീതി (The Socratic Method): വിവരങ്ങൾ അധ്യാപകൻ നേരിട്ട് പറഞ്ഞു കൊടുക്കുന്ന പരമ്പരാഗത രീതിക്ക് പകരം, കൃത്യമായ ചോദ്യങ്ങളിലൂടെ കുട്ടികളെ ചിന്തിപ്പിക്കുകയും ഉത്തരത്തിലേക്ക് അവരെ നയിക്കുകയും ചെയ്യുന്ന രീതിയാണിത്. ഇത് കുട്ടികളിൽ ചോദ്യം ചോദിക്കാനുള്ള മനോഭാവവും (Critical Thinking) യുക്തിബോധവും വളർത്തുന്നു.



3. സ്വഭാവരൂപീകരണവും ധാർമിക വിദ്യാഭ്യാസവും

വിദ്യാഭ്യാസം എന്നത് കേവലം അറിവ് നേടൽ മാത്രമല്ല, അത് സംസ്കാര സമ്പന്നരായ മനുഷ്യരെ സൃഷ്ടിക്കൽ കൂടിയാണ്. ഈയൊരു ധർമം നിർവഹിക്കുന്നതിൽ അധ്യാപകർ കുട്ടികൾക്ക് ഒരു ഉത്തമ മാതൃക ആയി മാറേണ്ടതുണ്ട്. കുട്ടികൾ അധ്യാപകരുടെ വാക്കുകളേക്കാൾ കൂടുതൽ അവരുടെ പ്രവർത്തികളെയാണ് നിരീക്ഷിക്കുന്നത്.

സുസ്ഥിരത (Consistency): അധ്യാപകരുടെ പെരുമാറ്റത്തിലും തീരുമാനങ്ങളിലും ഉള്ള സുസ്ഥിരത കുട്ടികളിൽ വിശ്വസ്തത വളർത്തും.

സഹതാപവും ബഹുമാനവും (Empathy and Respect): എല്ലാ കുട്ടികളെയും അവരുടെ പോരായ്മകളോടെ അംഗീകരിക്കുകയും അവരോട് ബഹുമാനത്തോടെ പെരുമാറുകയും ചെയ്യുമ്പോൾ, കുട്ടികളും മറ്റുള്ളവരോട് ആ രീതിയിൽ പെരുമാറാൻ ശീലിക്കുന്നു.

ശരിയും തെറ്റും തിരിച്ചറിയൽ: സമൂഹത്തിന് അനുയോജ്യമായ ധാർമിക മൂല്യങ്ങൾ പകർന്നു നൽകാനും, ഡിജിറ്റൽ ലോകത്തും യഥാർഥ ജീവിതത്തിലും ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് വേർതിരിച്ചറിയാനും അധ്യാപകർ കുട്ടികളെ നയിക്കണം.

4. ധാർമികമായ വിലയിരുത്തൽ രീതികൾ

പരീക്ഷകളും മൂല്യനിർണയങ്ങളും കുട്ടികളെ തരംതിരിക്കാനോ ശിക്ഷിക്കാനോ ഉള്ള മാർഗങ്ങളല്ല, മറിച്ച് അവരുടെ പഠന പുരോഗതി മനസ്സിലാക്കാനുള്ള ഉപകരണങ്ങളാണ്. അതിനാൽ അധ്യാപകരുടെ വിലയിരുത്തൽ രീതികൾ എപ്പോഴും ധാർമികവും സുതാര്യവുമായിരിക്കണം.



പക്ഷപാതമില്ലായ്മ (Bias-free Evaluation): അധ്യാപകരുടെ വിലയിരുത്തൽ പൂർണമായും നീതിയുക്തവും (Fair), കൃത്യവും (Valid), വിശ്വസനീയവും (Reliable) ആയിരിക്കണം. ജാതി, മതം, സാമ്പത്തിക പശ്ചാത്തലം അല്ലെങ്കിൽ വ്യക്തിപരമായ താല്പര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ കുട്ടികളോട് വിവേചനം കാണിക്കരുത്.

ക്രിയാത്മകമായ തിരുത്തലുകൾ (Constructive Feedback): ചുവന്ന മഷി കൊണ്ട് മാർക്കിടുക എന്നതിനപ്പുറം, കുട്ടിയുടെ പോരായ്മകൾ എവിടെയാണെന്നും അത് എങ്ങനെ പരിഹരിക്കാമെന്നും സ്നേഹത്തോടെ പറഞ്ഞു കൊടുക്കണം.

വിശ്വാസം കെട്ടിപ്പടുക്കൽ: പരീക്ഷകളിൽ കൃത്യമായ മൂല്യനിർണയം നടത്തുമ്പോൾ കുട്ടികൾക്ക് അധ്യാപകരിൽ വിശ്വാസം വർധിക്കുകയും, അവർ സ്വന്തം തെറ്റുകൾ തിരുത്തി കൂടുതൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ ശ്രമിക്കുകയും ചെയ്യും. ചുരുക്കത്തിൽ, ക്ലാസ്മുറികളിൽ സ്നേഹത്തിന്റെയും സുരക്ഷിതത്വത്തിന്റെയും അന്തരീക്ഷം ഒരുക്കുന്ന, കുട്ടികളെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന, സ്വന്തം ജീവിതംകൊണ്ട് മാതൃകയാകുന്ന അധ്യാപകർക്ക് മാത്രമേ നാളത്തെ നല്ലൊരു തലമുറയെ വാർത്തെടുക്കാൻ സാധിക്കൂ.

പരസ്പര സഹകരണത്തിന്റെ ഊർജം: രക്ഷിതാവ്-അധ്യാപക കൂട്ടായ്മയുടെ ശക്തി: ഒരു വിദ്യാലയത്തിന്റെ മികച്ച പ്രവർത്തനത്തിനും കുട്ടികളുടെ ഉന്നത വിജയത്തിനും രക്ഷിതാക്കളും അധ്യാപകരും തമ്മിലുള്ള ശക്തമായ കൂട്ടായ്മ അനിവാര്യമാണ്. ഇവർ രണ്ടു കൂട്ടരും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ്. ഒരേ ലക്ഷ്യത്തോടെ, പരസ്പര വിശ്വാസത്തോടെ ഇവർ കൈകോർക്കുമ്പോൾ അവിടെ രൂപപ്പെടുന്നത് കുട്ടിയുടെ വളർച്ചയെ വേഗത്തിലാക്കുന്ന ഒരു വലിയ ഊർജമാണ് (Synergy). കേരളത്തിലെ വിദ്യാലയ അന്തരീക്ഷത്തിൽ ഈ കൂട്ടായ്മയ്ക്ക് എത്രത്തോളം പ്രാധാന്യമുണ്ടെന്ന് നമുക്ക് പരിശോധിക്കാം.



1. അകലം കുറയ്ക്കൽ: വീടും വിദ്യാലയവും തമ്മിലുള്ള പാലം

അധ്യാപകരും രക്ഷിതാക്കളും തമ്മിൽ നിരന്തരമായ സമ്പർക്കം പുലർത്തുമ്പോൾ, വീടും വിദ്യാലയവും തമ്മിലുള്ള അകലം ഇല്ലാതാവുകയും കുട്ടിക്ക് അനുയോജ്യമായ ഒരു സുസ്ഥിര പഠനാന്തരീക്ഷം (Consistent Learning Environment) സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. സ്കൂളിൽ കുട്ടി എന്ത് പഠിക്കുന്നുവോ, അതിന്റെ തുടർച്ച വീട്ടിലും ഉറപ്പാക്കാൻ ഇതിലൂടെ സാധിക്കും. ഈ സഹകരണം കുട്ടികളിൽ താഴെ പറയുന്ന നല്ല മാറ്റങ്ങൾ ഉണ്ടാക്കുന്നു:

കൃത്യമായ ഹാജർ നില (Better Attendance): രക്ഷിതാക്കൾ സ്കൂളുമായി നിരന്തരം ബന്ധപ്പെടുമ്പോൾ കുട്ടികൾ ക്ലാസ്സുകൾ ഒഴിവാക്കാനുള്ള സാധ്യത കുറയുന്നു.

അടിസ്ഥാന നൈപുണ്യങ്ങളുടെ വികസനം (Improved Foundational Skills): ഗണിതം, ഭാഷാ പ്രയോഗങ്ങൾ തുടങ്ങിയ അടിസ്ഥാന കാര്യങ്ങളിൽ കുട്ടി നേരിടുന്ന ബുദ്ധിമുട്ടുകൾ അധ്യാപകർക്ക് രക്ഷിതാക്കളുമായി പങ്കുവെക്കാം. ഇതനുസരിച്ച് വീട്ടിൽ പ്രത്യേക പരിശീലനം നൽകാൻ രക്ഷിതാക്കൾക്ക് സാധിക്കും.

ഉയർന്ന പഠനനിലവാരം (Higher Academic Outcomes): രണ്ടു വശത്തുനിന്നും കൃത്യമായ ശ്രദ്ധ ലഭിക്കുന്ന കുട്ടികൾ പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

2. വിദ്യാർഥികളുടെ മാനസികക്ഷേമം ഉറപ്പാക്കൽ

ഇന്നത്തെ കൗമാരപ്രായക്കാരായ കുട്ടികൾ നേരിടുന്ന മാനസിക വെല്ലുവിളികൾ വളരെ വലുതാണ്. പഠനഭാരം, പിയർ പ്രഷർ (Peer Pressure), സൈബർ ലോകത്തെ പ്രശ്നങ്ങൾ എന്നിവ അവരെ എളുപ്പത്തിൽ ബാധിക്കാം. രക്ഷിതാക്കളും അധ്യാപകരും ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ കുട്ടികളിലെ ഇത്തരം മാറ്റങ്ങൾ നേരത്തെ തിരിച്ചറിയാൻ സാധിക്കൂ. ക്ലാസ്സിൽ പെട്ടെന്ന് നിശ്ശബ്ദരാകുന്ന കുട്ടിയുടെയോ, അല്ലെങ്കിൽ പഠനത്തിൽ ശ്രദ്ധ കുറയുന്ന കുട്ടിയുടെയോ അവസ്ഥ അധ്യാപകർ രക്ഷിതാവിനെ അറിയിക്കുമ്പോൾ, അതിന്റെ പിന്നിലെ കാരണം (കുടുംബപരമായ പ്രശ്നങ്ങൾ, ഉറക്കമില്ലായ്മ അല്ലെങ്കിൽ ഉത്കണ്ഠ) കണ്ടെത്താൻ എളുപ്പമാകുന്നു. അതുപോലെ, സ്കൂളിൽ കുട്ടി നേരിടുന്ന ഒറ്റപ്പെടുത്തലുകൾ (Bullying), പരിഹാസങ്ങൾ എന്നിവയെക്കുറിച്ച് കുട്ടി വീട്ടിൽ പറയുകയാണെങ്കിൽ, രക്ഷിതാവിന് അത് അധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്താം. ഇത് കുട്ടിയുടെ വൈകാരിക സുരക്ഷിതത്വം (Emotional Support) വിദ്യാലയത്തിലും വീട്ടിലും ഒരേപോലെ ഉറപ്പാക്കാൻ സഹായിക്കും.

3. അധ്യാപകർക്കും വിദ്യാലയങ്ങൾക്കും കരുത്തുപകരൽ

രക്ഷിതാക്കളുടെ സജീവമായ പങ്കാളിത്തം അധ്യാപകരുടെ ജോലിഭാരം കുറയ്ക്കുക മാത്രമല്ല, അവരുടെ ആത്മവിശ്വാസം (Teacher Morale) വർധിപ്പിക്കുകയും ചെയ്യും. കേരളത്തിലെ സ്കൂളുകളിൽ നിലവിലുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളിലും (SMC) പി.ടി.എ (PTA) കളിലും രക്ഷിതാക്കൾ സജീവമായി ഇടപെടേണ്ടതുണ്ട്.

സന്നദ്ധ സേവനങ്ങൾ (Volunteering): സ്കൂളിലെ വാർഷിക കലോത്സവങ്ങൾ, കായികമേളകൾ, വിനോദയാത്രകൾ എന്നിവയിൽ രക്ഷിതാക്കൾ വോളന്റിയർമാരായി പങ്കുചേരുമ്പോൾ സ്കൂൾ അധികൃതരുടെ ഭാരം ലഘൂകരിക്കപ്പെടുന്നു.

സ്കൂളുകൾ ഒരു സാമൂഹിക കേന്ദ്രമായി മാറുന്നു: രക്ഷിതാക്കളുടെ പങ്കാളിത്തം വഴി വിദ്യാലയങ്ങൾ കേവലം കെട്ടിടങ്ങൾ എന്നതിനപ്പുറം ആ നാട്ടിലെ സാംസ്കാരികവും സാമൂഹികവുമായ ഉണർവിന്റെ കേന്ദ്രങ്ങളായി (Community Hubs) പരിവർത്തനം ചെയ്യപ്പെടുന്നു.

വിഭവങ്ങൾ പങ്കുവെക്കൽ: പല മേഖലകളിൽ പ്രാവീണ്യമുള്ള രക്ഷിതാക്കൾക്ക് (ഉദാഹരണത്തിന് ഡോക്ടർമാർ, കൗൺസിലർമാർ, ഐ.ടി വിദഗ്ധർ) സ്കൂളിലെ മറ്റ് കുട്ടികൾക്കായി പ്രത്യേക ക്ലാസ്സുകൾ എടുക്കാൻ സാധിക്കും.

4. അഭിപ്രായവ്യത്യാസങ്ങളും വെല്ലുവിളികളും പരിഹരിക്കൽ

രക്ഷിതാക്കളും അധ്യാപകരും ഒത്തുപോകുമ്പോൾ ചിലപ്പോഴൊക്കെ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. വിദ്യാലയത്തിലെ നിയമങ്ങളും (ഉദാഹരണത്തിന് ഫോൺ ഉപയോഗം, വസ്ത്രധാരണ രീതികൾ) കുടുംബത്തിലെ ശീലങ്ങളും തമ്മിൽ വൈരുദ്ധ്യങ്ങൾ ഉണ്ടാകുമ്പോൾ കുട്ടികൾ ആശയക്കുഴപ്പത്തിലാകാം. കൂടാതെ, കുട്ടിയുടെ സ്വഭാവദൂഷ്യങ്ങൾക്ക് പലപ്പോഴും രക്ഷിതാക്കൾ സ്കൂളിനെ മാത്രം കുറ്റപ്പെടുത്തുന്ന പ്രവണതയും കണ്ടുവരാറുണ്ട്. ഇത്തരം വെല്ലുവിളികളെ എങ്ങനെ നേരിടാം:

തുറന്ന ചർച്ചകളുടെ പ്രാധാന്യം:

സ്കൂളുകളിൽ നടത്തുന്ന പിടിഎ മീറ്റിംഗുകൾ കേവലം പ്രോഗ്രസ് കാർഡിൽ ഒപ്പിടാനും മാർക്കുകൾ താരതമ്യം ചെയ്യാനുമുള്ള വേദിയാക്കരുത്. പകരം, കുട്ടികളുടെ സമഗ്രമായ പുരോഗതിയെക്കുറിച്ച് അധ്യാപകരും രക്ഷിതാക്കളും തമ്മിൽ ആരോഗ്യകരമായ സംവാദങ്ങൾ (Open Dialogues) അവിടെ നടക്കണം. പരസ്പരം പഴിചാരാതെ, കുട്ടിയുടെ നന്മയ്ക്കായി ഇരുവിഭാഗവും വിട്ടുവീഴ്ചകൾ ചെയ്യാനും പൊതുവായ ഒരു തീരുമാനത്തിൽ (Consensus) എത്തിച്ചേരാനും തയ്യാറാകണം. അച്ചടക്കവും ധാർമ്മിക മൂല്യങ്ങളും വളർത്തേണ്ടത് വിദ്യാലയത്തിന്റെ മാത്രം ചുമതലയല്ല, മറിച്ച് വീടിന്റെയും ഒത്തുചേർന്നുള്ള ഉത്തരവാദിത്തമാണെന്ന് രക്ഷിതാക്കൾ മനസ്സിലാക്കണം. ചുരുക്കത്തിൽ, രക്ഷിതാക്കളും അധ്യാപകരും പരസ്പരം വിരൽചൂണ്ടുന്ന ശത്രുക്കളാകരുത്; മറിച്ച് കുട്ടിയുടെ ഭാവി മനോഹരമാക്കാൻ ഒരേ ദിശയിലേക്ക് തുഴയുന്ന പങ്കാളികളാകണം. ഈ കെട്ടുറപ്പുള്ള സൗഹൃദമാണ് ഒരു വിദ്യാർഥിയുടെ വിജയത്തിന്റെ യഥാർഥ രഹസ്യം.

തുടരും...

•ആരോഗ്യം •

ഡോ. ജയശ്രീ എ. കെ.
പ്രൊഫസർ. കമ്മ്യണിറ്റി മെഡിസിൻ
ഗവ: മെഡിക്കൽ കോളേജ്. കണ്ണൂർ



ആരോഗ്യത്തിൽ നമ്മുടെ പങ്കെന്ത് ?


മരുന്ന് മാത്രമല്ല ചികിത്സക്ക് വേണ്ടതെന്നത് ഒരു പ്രാഥമികമായ അറിവാണ്. രോഗം വരുന്നത് തടയുന്നതിൽ പോഷകാഹാരം, ശുദ്ധമായ കുടിവെള്ളം, മലിനമല്ലാത്ത വായു എന്നിവയെല്ലാം പ്രധാനമാണ്.

ആരോഗ്യത്തോടെ ജീവിക്കണമെന്ന് ആഗ്രഹിക്കാത്തവരായി ആരുണ്ടാകും? ആരും ഉണ്ടാകില്ല. എന്നാൽ അത് ആർജിച്ചെടുക്കുന്നതിൽ നമുക്ക് ഓരോരുത്തർക്കും പങ്കുണ്ടെന്നത് മിക്കപ്പോഴും നമ്മൾ ഓർക്കാറുമില്ല. മുൻപൊക്കെ ചികിത്സകരായ വൈദ്യന്മാർക്കും വയറ്റാട്ടിമാർക്കും നമ്മൾ ശരീരവും മനസ്സും അർപ്പിച്ച് വിശ്വാസത്തോടെ രോഗശാന്തിക്കായി കാത്തിരുന്നു. ആരോഗ്യകരമായ ജീവിതചര്യകൾ എത്രത്തോളം പാലിച്ചിരുന്നു എന്ന് നമുക്കറിയില്ല. എങ്കിലും എണ്ണതേച്ചുകുളിയും പ്രസവാനന്തര ശ്രുശ്രൂഷകളുമൊക്കെ ഇതിന്റെ ഭാഗമായിരുന്നു എന്ന് പറയാം. പരമ്പരാഗതമായ സമ്പ്രദായങ്ങളിൽനിന്ന് ജീവിതംമാറിയ ഇന്നത്തെ സാഹചര്യത്തിൽ ആരോഗ്യ പരിപാലനവും അതിനനുസരിച്ച് മാറിയിട്ടുണ്ട്. മോഡേൺ മെഡിസിന്റെ വളർച്ച മറ്റെല്ലാ ഇടങ്ങളിലുമെന്നപോലെ നമ്മുടെ നാട്ടിലും ആരോഗ്യാവസ്ഥയിൽ മാറ്റമുണ്ടാക്കിയിട്ടുണ്ട്. പ്രത്യേകിച്ചും ആയുസ്സിന്റെ കാര്യത്തിൽ. കേരളീയരുടെ ആരോഗ്യം ഒരു നൂറ്റാണ്ടുകൊണ്ട് ഇരട്ടിയായി മാറി എന്നത് ഇത് തെളിയിക്കുന്നുണ്ട്.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനുമുൻപുതന്നെ മോഡേൺ മെഡിസിൻ ഇവിടെ വേര് പിടിച്ചു. ആധുനികമായ ടെക്നോളജിയും വ്യവസായവും വിദ്യാഭ്യാസവും വളർന്നതോടൊപ്പം മോഡേൺ മെഡിസിനും നമ്മൾ ഉൾക്കൊണ്ടു. എങ്കിലും നമ്മുടെ ജീവനോടും ജീവിതത്തോടും ഏറ്റവും അടുത്തുനിൽക്കുന്ന ഒന്നാണ് രോഗചികിത്സ എന്നതുകൊണ്ട് പാരമ്പര്യത്തെ പൂർണമായി കൈവെടിയാൻ നമ്മുടെ സമൂഹം സന്നദ്ധമായിട്ടില്ല. പരമ്പരാഗത ചികിത്സാരീതികളും നമ്മൾ തുടർന്ന് പോരുന്നു. ചികിത്സകരും ഈ സംഘർഷം അനുഭവിക്കാറുണ്ട്. 1953 ൽ ബംഗാളി നോവലിസ്റ്റ് ആയ താരാ ശങ്കർ ബന്ദോപാദ്ധ്യായ രചിച്ച ആരോഗ്യ നികേതനം എന്ന നോവൽ ഇത് നന്നായി വരച്ചു കാട്ടുന്നുണ്ട്. അതിലെ കഥാപാത്രമായ ജീവൻ മഷോയ് ഒരു പാരമ്പര്യ ചികിത്സകനാണ്. മോഡേൺ മെഡിസിന് പെട്ടെന്നുണ്ടാകുന്ന സ്വീകാര്യതയും അതുമൂലം ചികിത്സാരംഗത്തുണ്ടാകുന്ന സംഘർഷങ്ങളും അദ്ദേഹത്തിന് അമ്പരപ്പും സമ്മർദ്ദവും ഉണ്ടാക്കുന്നു. മോഡേൺ മെഡിസിനെ നമുക്ക് സ്വീകാര്യമാക്കിയതിന് പ്രധാന ഘടകങ്ങൾ പെട്ടെന്നുള്ള രോഗ മുക്തിയും, ജാതി വ്യത്യാസങ്ങളോ മറ്റ വ്യത്യാസങ്ങളോ ഇല്ലാതെ ഇത് എല്ലാവർക്കും പ്രാപ്യമാണ് എന്നതുകൂടിയും ആയിരിക്കാം. എങ്കിലും ഇത് അപ്പാടെ ജനങ്ങൾ സ്വീകരിച്ചതായും കാണാൻ കഴിയില്ല. ഉദാഹരണത്തിന് വസൂരിമൂലം ആളുകൾ കൂട്ടത്തോടെ മരിച്ചു വീണിരുന്ന നാടാണ് നമ്മുടേത്. എങ്കിലും ഇത് തടയാനുള്ള കുത്തിവയ്പ്പെടുക്കാൻ ആരോഗ്യ പ്രവർത്തകർ വരുമ്പോൾ ഭയന്ന് ഒളിച്ചിരുന്ന ആളുകളും ഉണ്ടായിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്. അങ്ങനെ, വ്യക്തിപരമായ ഒരു തലവും പാരമ്പര്യവും നിലനിൽക്കുമ്പോഴും ആരോഗ്യം ആധുനിക സമൂഹത്തിൽ സാമൂഹ്യ സുരക്ഷയുടെ ഭാഗമായി എന്നത് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.

ഒരു ജനാധിപത്യ രാഷ്ട്രമായി, സ്വതന്ത്രമായ ഇന്ത്യയിൽ ആരോഗ്യം ജനക്ഷേമത്തിന്റെ പ്രധാന ഘടകമായി മാറി. എല്ലാവർക്കും ആരോഗ്യം എത്തിക്കുന്നതിനായി ഗ്രാമീണാരോഗ്യത്തിനും മെഡിക്കൽ കോളേജുകൾ പോലെയുള്ള ഉയർന്ന പഠന സ്ഥാപനങ്ങൾക്കും ഒരേപോലെ പ്രാധാന്യം നൽകിയിരുന്നു. മരുന്നുകളും വാക്സിനുകളും നിർമിക്കുന്ന ഫാക്ടറികളും തുടങ്ങാൻ അന്നത്തെ ഭരണാധികാരികൾ ഉത്സാഹം കാണിച്ചു. 1951-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജ്, തൊട്ടടുത്ത വർഷം അതിനടുത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള അവിട്ടം തിരുനാൾ ആശുപത്രി എന്നിവ ഉണ്ടായി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആരോഗ്യസ്ഥാപനങ്ങളുണ്ടായി. പല ആശുപത്രികളും സ്ഥാപിക്കുന്നതിൽ പങ്കുവഹിച്ച ആളായിരുന്ന ബംഗാളിയായ ഡോക്ടർ ബി.സി. റോയ്. വളരെയധികം പ്രതിബന്ധങ്ങൾ നേരിട്ടുകൊണ്ടാണ് ബ്രിട്ടനിൽ പോയി അദ്ദേഹം മെഡിക്കൽ ബിരുദമെടുത്തത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായ അദ്ദേഹം ബംഗാളിന്റെ മുഖ്യമന്ത്രിയായി ദീർഘകാലം സേവനം അനുഷ്ഠിക്കുകയും ഭാരതരത്ന ബഹുമതി നേടുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ജന്മദിനവും, സാന്ദർഭികമായി ചരമദിനവും ജൂലൈ ഒന്നിനാണ്. അദ്ദേഹത്തോടുള്ള ആദര സൂചകമായി അന്നേ ദിവസം "ഡോക്ടേഴ്സ് ഡേ" ആയി ആചരിക്കുന്നു. ഡോക്ടർമാർ നൽകുന്ന സേവനങ്ങൾക്ക് നൽകപ്പെടുന്ന ആദരവിനെയാണ് ഡോക്ടേഴ്സ് ഡേ സൂചിപ്പിക്കുന്നത്.

ഡോക്ടറും രോഗിയുമായുള്ള ബന്ധം എക്കാലവും നൈതികവും ഒട്ടൊക്കെ വൈകാരികവുമാണ്. അത് നിലനിൽക്കെതന്നെ, രാഷ്ട്രത്തിന്റെ ക്ഷേമപ്രവർത്തനം എന്ന നിലയ്ക്കാണ് ആധുനിക ആരോഗ്യ പരിപാലനസങ്കല്പം വികസിച്ചു വന്നത്. അതിന് രാജ്യത്തിന്റെ ധനപരമായും നയപരമായും ഉള്ള പങ്കും ആവശ്യമാണ്. ബി.



സി റോയ് ഡോക്ടർ, നഴ്സ്, വൈദ്യശാസ്ത്രാധ്യാപകൻ എന്നീ റോളുകൾക്കുപുറമേ രാഷ്ട്രീയ പ്രവർത്തകൻ, ജനപ്രതിനിധി, ഭരണകർത്താവ് എന്നീ റോളുകൾകൂടി വഹിച്ചിരുന്നു എന്നത് ഈ ദിനത്തിന് വിശാലമായ അർഥം നൽകുന്നുണ്ട്.

1978-ൽ ലോകാരോഗ്യ സംഘടന എല്ലാവർക്കും ആരോഗ്യം എന്ന ഒരു കാഴ്ചപ്പാട് മുന്നോട്ടു വച്ചിരുന്നു. നമ്മുടെ പ്രാഥമികാരോഗ്യ സങ്കൽപ്പനവും ഇതോട് ചേർന്നതാണ്. ഇന്ത്യയിൽ ആരോഗ്യപരിപാലനം വിഭാവനം ചെയ്തിരിക്കുന്നത് ഡോക്ടർമാരുടെ മാത്രം സേവനം എന്ന തരത്തിലോ ചികിത്സ മാത്രം എന്ന നിലക്കോ അല്ല. ജനങ്ങളുമായി അടുത്ത് ഇടപഴകുന്ന ആരോഗ്യ പ്രവർത്തകർ ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. ആശുപത്രികളും മെഡിക്കൽ കോളേജുകളും ചികിത്സയിൽ പ്രധാനമാണെങ്കിലും, രോഗംവരാതെ നോക്കുന്നതിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് വലിയ റോളുണ്ട്. അത് കൂടുതലും നിർവഹിക്കുന്നത് ആരോഗ്യപ്രവർത്തകരാണ്. മരുന്ന് മാത്രമല്ല ചികിത്സക്കുവേണ്ടതെന്നത് ഒരു പ്രാഥമികമായ അറിവാണ്. രോഗം വരുന്നത് തടയുന്നതിൽ പോഷകാഹാരം, ശുദ്ധമായ കുടി വെള്ളം, മലിനമല്ലാത്ത വായു എന്നിവയെല്ലാം പ്രധാനമാണ്.

ഇപ്പോൾ നമ്മുടെ നാട്ടിൽ



ഷിഗെല്ല എന്ന ബാക്ടീരിയ പകർത്തുന്ന വയറിളക്ക രോഗം പടർന്ന് പിടിക്കുകയാണല്ലോ. മലിനമായ വെള്ളം കുടിക്കുന്നതിലൂടെയോ ഭക്ഷണം കഴിക്കുന്നതിലൂടെയോ ആണ് ഈ രോഗം പടരുന്നത്. മഞ്ഞപ്പിത്തവും ഇതേപോലെത്തന്നെ പലയിടങ്ങളിലും പടർന്ന് പിടിക്കുന്നുണ്ട്. മലിനജലം പൈപ്പുകളിലൂടെയോ കിണറുകളിലൂടെയോ ഒക്കെ കുടിവെള്ളത്തിൽ എത്തുന്നതാണ് ഇത് ഇങ്ങനെ തുടർച്ചയായി നിലനിൽക്കുന്നതിന് കാരണം. ഡോക്ടറുടെ അടുത്തെത്തിയാൽ ചികിത്സ ലഭിച്ചേക്കും. എന്നാൽ, രോഗികൾ അധികമായാൽ നല്ല രീതിയിൽ എല്ലാവർക്കും ചികിത്സ കിട്ടാൻ ബുദ്ധിമുട്ടാകും. ഇതിൽ നമുക്ക് എന്തുചെയ്യാൻ പറ്റുമെന്നല്ലേ? പല കാര്യങ്ങളും ചെയ്യാൻപറ്റും. ഇത്തരം പകർച്ച രോഗങ്ങളുണ്ടാകുമ്പോൾ തിളപ്പിച്ചാറ്റിയ വെള്ളംമാത്രം കുടിക്കുക, നിർജലീകരണം ഉണ്ടായി മരണത്തിൽ എത്താതെ ഉപ്പും പഞ്ചസാരയും അടങ്ങിയ വെള്ളമോ കഞ്ഞി വെള്ളമോ ഇടക്കിടെ രോഗിക്ക് നൽകുക എന്നിവയൊക്കെ ചെയ്യാൻ കഴിയും. മറ്റുള്ളവരിലേക്ക് രോഗം പകരാതെ കൈകൾ കഴുകി ശുചിത്വം പാലിക്കുക, രോഗി ഉപയോഗിച്ച പാത്രങ്ങൾ വൃത്തിയായി സോപ്പിട്ട് കഴുകുക, സാനിറ്ററി ലാട്രിനുകൾ ഉപയോഗിക്കുക തുടങ്ങി പലതും ചെയ്യാനും മറ്റുള്ളവരെ പഠിപ്പിക്കാനുമുണ്ട്.

കൊതുകുകളും അതേ പോലെയുള്ള മറ്റ പ്രാണികളും പരത്തുന്ന ഡെങ്കിപ്പനി, ചെള്ള് പനി, മൃഗ സമ്പർക്കത്തിലൂടെ വരുന്ന എലിപ്പനി, നിപ്പ എന്നിങ്ങനെ പല സംക്രമികരോഗങ്ങളും ഇവിടെയുണ്ട്. ചികിത്സ വേണ്ടതാണെങ്കിലും രോഗം പടരാതിരിക്കാനുള്ള നടപടികൾ എടുക്കാനുള്ള ഉത്തരവാദിത്തം എല്ലാവർക്കുമുണ്ട്. ആയുർദൈർഘ്യം കൂടുതലായതിന്റെ ഫലമായി കൂടുതൽ കാലം ജീവിക്കുമെങ്കിലും പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ പകരാവ്യാധികൾ വളരെ അധികമായിരിക്കുന്നു. മൂന്നിലൊന്ന് ആളുകൾക്കും ഇതിൽ ഏതെങ്കിലും ഒന്നോ ഒന്നിലധികമോ ഉണ്ടാവും. ഭക്ഷണത്തിലെ ക്രമീകരണങ്ങൾകൊണ്ടും വ്യായാമം കൊണ്ടും അതോടൊപ്പം മരുന്നുകൊണ്ടും നിയന്ത്രിക്കാവുന്നവയാണിവ. അങ്ങനെ ചെയ്തില്ലെങ്കിൽ പക്ഷാഘാതം, ഹൃദയാഘാതം, കിഡ്നിക്ഷതം തുടങ്ങി പല സങ്കീർണതകളും ഉണ്ടാകാനിടയുണ്ട്. ഇത് ആശുപത്രികളിൽ അഡ്മിറ്റ് ആകുന്നവരുടെ എണ്ണം വർധിപ്പിക്കുകയും എല്ലാവർക്കും വേണ്ട ശ്രദ്ധ കിട്ടാതാവുകയും ചെയ്യും. ഇവയിലെല്ലാം നാമോരോരുത്തരുടേയും പങ്ക് വളരെ വ്യക്തമാണല്ലോ. ജനങ്ങളേയും ആശുപത്രികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ആരോഗ്യ പ്രവർത്തകർ, അംഗൻ വാടി പ്രവർത്തകർ, ആശമാർ എന്നിവരൊക്കെ നന്നായി അദ്ധ്വാനിക്കുന്നുണ്ട് . എന്നാൽ, ജനപങ്കാളിത്തവും അതുപോലെ പ്രധാനമാണ്. മാലിന്യ നിർമാർജനം, ക്ളോറിനേഷൻ, കൊതുക നിവാരണം എന്നിവയൊക്കെ നമുക്ക്തന്നെ ചെയ്യാവുന്നതാണ്.

ഈ പറഞ്ഞതെല്ലാംതന്നെ വ്യക്തിപരമായ നമ്മുടെ കടമകളാണ്. എന്നാൽ, അതിനപ്പുറത്ത് നമുക്ക് കൂട്ടായി പ്രവർത്തിക്കേണ്ട സാമൂഹ്യ രാഷ്ട്രീയ ഉത്തരവാദിത്തം കൂടിയുണ്ട്. മോഡേൺ മെഡിസിൻ നമ്മുടെ നാട്ടിൽ വ്യാപകമായത് ജനാധിപത്യ രാഷ്ട്രസങ്കല്പത്തോടൊപ്പമാണ്. എല്ലാവർക്കും അതിന്റെ ഗുണങ്ങൾ ലഭ്യമാകണം. ബി. സി. റോയിയുടെയും മറ്റും കാലത്തിൽനിന്ന് ഭിന്നമായി നമ്മുടെ ക്ഷേമ സങ്കല്പങ്ങൾ മാറിയിരിക്കയാണ്. മരുന്നുകളും ആശുപത്രികളുമൊക്കെ കൂടുതൽ വ്യവസായവൽക്കരിക്കപ്പെടുകയും ആരോഗ്യത്തിന് ഗവണ്മെന്റ് മാറ്റിവക്കുന്ന ബഡ്ജറ്റ് കുറഞ്ഞിരിക്കുകയുമാണ്. അതിനാൽ മരുന്നുകളുടെ വില കുതിച്ചുയരുകയും സാധാരണക്കാർക്ക് താങ്ങാൻ പറ്റാതാവുകയും ചെയ്യുകൊണ്ടിരിക്കുന്നു. ഈ അവസ്ഥ മാറണമെങ്കിൽ ജനങ്ങളുടെ കൂട്ടായ ഇടപെടൽ ഭരണത്തിലുണ്ടാകണം. അത് പഞ്ചായത്ത് മുതൽ നിയമസഭവരെയോ ലോക്സഭ വരെയോ ആകാം.നമ്മൾ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ ഈ കാര്യങ്ങൾ നോക്കുകയും അവരെക്കൊണ്ട് അത് നടത്തി എടുക്കാൻ ശ്രമിക്കുകയും വേണം. ആരോഗ്യം അവകാശമായി ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അത് പ്രാവർത്തികമാകാൻ വിഭവങ്ങളുടെ സന്തുലിതമായ വിതരണം ആവശ്യമാണ്. അങ്ങനെ നോക്കുമ്പോൾ ആരോഗ്യപ്രവർത്തനം എന്നത് ഒരു രാഷ്ട്രീയ പ്രവർത്തനമാകുന്നു. രാഷ്ട്രീയക്കാരനും ഡോക്ടറുമായിരുന്ന ബി.സി. റോയിയെ ഓർക്കുന്ന വേളയിൽ ഇത് ഒന്നുകൂടി ഉറപ്പിക്കാം.

•

•കാനോൻ നിയമം

സെമിത്തേരിയും മൃതസംസ്കാര ചടങ്ങും



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

ക്രൈസ്തവരുടെ മൃതസംസ്കാര കർമത്തെ ആരാധനാഘോഷമായും അവരെ സംസ്ക്കരിക്കുന്ന സെമിത്തേരിയെ വിശുദ്ധസ്ഥലമായുമാണ് സഭ കാണുന്നത്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1240 - 1243, 1180 എന്നിവ സെമിത്തേരിയെക്കുറിച്ചും സെമിത്തേരിയിലെ മൃതസംസ്കാരത്തെക്കുറിച്ചും വിവരിക്കുന്നു, സെമിത്തേരിക്കുവേണ്ടി നിയമാനുസൃതം നീക്കിവയ്ക്കപ്പെട്ട സ്ഥലം ആശീർവദിക്കപ്പെടുന്നതോടെ അത് വിശുദ്ധസ്ഥലമായി കണക്കാക്കപ്പെടും.

സെമിത്തേരിയും ഉടമസ്ഥതയും

CIC 1240 - 1241 വിവിധ ഉടമസ്ഥതയിലുള്ള സെമിത്തേരി വിവരിക്കുന്നു: അതനുസരിച്ച്

1. ഇടവക സ്ഥാപിച്ച സെമിത്തേരിയുടെ ഉടമസ്ഥത ഇടവകയ്ക്കായിരിക്കും.

2. പൊതു സെമിത്തേരിയുടെ ഉടമസ്ഥത അത് സ്ഥാപിച്ചവർക്കായിരിക്കും. വിവിധ മതവിഭാഗങ്ങൾക്കുവേണ്ടിയുള്ള പൊതുസെമിത്തേരിയാണെങ്കിൽ മരണമടയുന്ന ക്രൈസ്തവ വിശ്വാസികൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ഭാഗം ആശീർവദിക്കേണ്ടതാണ്.

3. സന്യാസസഭകൾ (ഇൻസ്റ്റിറ്റ്യൂട്ടുകൾ) സ്ഥാപിച്ച സെമിത്തേരിയുടെ ഉടമസ്ഥത സന്യാസ സഭയ്ക്കായിരിക്കും.

4. പ്രാദേശിക സഭാധികാരിയുടെ തീരുമാനമനുസരിച്ച് മറ്റ് നൈയാമിക വ്യക്തികളോ (Juridicial persons) കുടുംബങ്ങളോ സ്ഥാപിച്ച സെമിത്തേരിയുടെ ഉടമസ്ഥത അതാതു നൈയാമിക വ്യക്തികൾക്കും കുടുംബങ്ങൾക്കുമായിരിക്കും.

മൃതസംസ്കാരചടങ്ങും സെമിത്തേരിയും / സ്ഥലവും

CIC 1180, 1242 പ്രകാരം മരിച്ച വിശ്വാസികളെ സംസ്കരിക്കേണ്ട സെമിത്തേരി/സ്ഥലം താഴെപ്പറയുന്നവയാണ്:

1. സ്വന്തം ഇടവക സെമിത്തേരി;

2. നിയമപരമായി തിരഞ്ഞെടുത്ത മറ്റൊരു സെമിത്തേരി;

3. മരണമടഞ്ഞ സ്ഥലത്തെ ഇടവക സെമിത്തേരി;


4. തനതായ സെമിത്തേരിയുള്ള സമർപ്പിത സഭാംഗങ്ങളിൽപ്പെട്ടവർക്ക് അവരവരുടേതായ സഭാ സെമിത്തേരി;

5. പാപ്പ, കർദിനാളന്മാർ, രൂപതാ മെത്രാന്മാർ (വിരമിച്ചവരുൾപ്പെടെ) എന്നിവർക്ക് ദൈവാലയം.

മൃതസംസ്കാരാഘോഷത്തിൽ ആരാധനക്രമം പറയുന്ന സെമിത്തേരിയിൽ നടത്തുന്ന ചടങ്ങുകൾ, മൃതസംസ്കാരം സെമിത്തേരിയിൽവച്ച് നടത്തപ്പെടുന്നു.

CIC 1242 പ്രകാരം, പാപ്പ, കർദിനാളന്മാർ, രൂപതാ മെത്രാന്മാർ എന്നിവരൊഴികെ മറ്റാരുടെയും മൃതശരീരം ദൈവാലയങ്ങളിൽ സംസ്കരിക്കാൻ പാടില്ല.

CIC 1243 പ്രകാരം, സെമിത്തേരികളുടെ പവിത്രതയ്ക്കും സ്വഭാവം സംരക്ഷിച്ചും പരിപോഷിപ്പിച്ചുംകൊണ്ടുള്ള ശരിയായ നടത്തിപ്പിനുവേണ്ട ഉചിതമായ നിർദേശങ്ങൾ പ്രത്യേക നിയമത്തിന് അതായത് പ്രാദേശിക സഭാ നിയമത്തിന് നല്കാനാകും. •



വിദ്യാഭ്യാസശ്രേഷ്ഠ
തിരുവനന്തപുരം അതിരൂപത

സ്റ്റുഡൻസ് ഫോറം യോഗസഹായി

ജൂലൈ 2026

> പ്രാർഥനാ ഗാനം

> പ്രാർഥന (എല്ലാവരും ഏറ്റുചൊല്ലുന്നു)

പരസ്പരം സ്നേഹിക്കുവാൻ അങ്ങ് ഞങ്ങളോട് കൽപ്പിച്ച വചനം അനുസരിച്ച് ഞങ്ങൾ ഞങ്ങളോടും മാതാപിതാക്കളോടും ഗുരുഭൂതരോടും പ്രകൃതിയോടും സ്നേഹമുള്ളവരായി തീരുവാനും കൊച്ചു കൊച്ചു പരിഭവങ്ങളും പരിദേവനങ്ങളും മറന്നും ക്ഷമിച്ചും അങ്ങയുടെ സ്നേഹത്തിന്റെ വാഹകരാകുവാനും ഞങ്ങളെ സഹായിക്കേണമേ.
ആമേൻ.

1സ്വർഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രീത്വസ്തുതി

> സ്വാഗതം (പ്രസിഡൻറ്)
> റിപ്പോർട്ട് (സെക്രട്ടറി)
> ഹാജർ (സെക്രട്ടറി)
> അധ്യക്ഷപ്രസംഗം (പ്രസിഡന്റ്)

പ്രിയപ്പെട്ട കൂട്ടുകാരേ ഈ മാസത്തെ ചിന്താവിഷയം: 'സ്നേഹം'

സ്നേഹം മനുഷ്യരുടെ ജീവിതത്തിലെ ഏറ്റവും വിലമതിക്കപ്പെടുന്ന ഒരു വികാരമാണ്. മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹം, സുഹൃത്തുക്കൾക്കിടയിലെ സൗഹൃദം, അധ്യാപകരുടെ വിദ്യാർഥികളോടുള്ള കരുതൽ എന്നിവയെല്ലാം സ്നേഹത്തിന്റെ വിവിധ രൂപങ്ങളാണ്. സ്നേഹം ഉള്ളിടത്ത് സന്തോഷവും സമാധാനവും നിറഞ്ഞിരിക്കും.

സ്നേഹം മനുഷ്യരെ തമ്മിൽ അടുത്ത് കൂട്ടുന്നു. സ്നേഹമുള്ള ആളുകൾ എപ്പോഴും മറ്റുള്ളവരെ സഹായിക്കാൻ തയ്യാറായിരിക്കും. ഒരു ചെറിയ പുഞ്ചിരിയും ഒരു നല്ല വാക്കുപോലും സ്നേഹത്തിന്റെ അടയാളങ്ങളാണ്. സ്നേഹമില്ലാത്ത ജീവിതം ശൂന്യമാണ്.

സ്നേഹം സഹനശക്തിയും ക്ഷമയും പഠിപ്പിക്കുന്നു. ഒരാളുടെ ദു:ഖത്തിൽ പങ്കുചേരാനും സന്തോഷത്തിൽ കൂടെയായിരിക്കാനും സ്നേഹം സഹായിക്കുന്നു. അതുകൊണ്ട് നാം എല്ലാവരും സ്നേഹത്തോടെ ജീവിക്കേണ്ടവരാണ്.

വായന പരിശീലനം
(ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

പ്രസംഗ പരിശീലനം
(അഞ്ചുപേർ 2 മിനിറ്റ് വീതം)
വിഷയം:

- സ്നേഹം: മനുഷ്യജീവിതത്തിന്റെ അടിത്തറ
- സ്നേഹവും ക്ഷമയും: ബന്ധങ്ങളെ ശക്തിപ്പെടുത്തുന്ന മൂല്യങ്ങൾ
- മനുഷ്യനെ മനുഷ്യനാക്കുന്നത് സ്നേഹമോ?
- സ്നേഹത്തിന്റെ ഭാഷ: വാക്കുകളേക്കാൾ പ്രവൃത്തികൾ
- മാതാപിതാക്കളുടെ സ്നേഹം: ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹം
- സ്നേഹം ഒരു വികാരം മാത്രമല്ല, ഒരു ജീവിതശൈലി കൂടിയാണ്

ക്വിസ് മത്സരം

- പരസ്പര സ്നേഹം എന്നത് എന്താണ്?
- ഒരു നല്ല ബന്ധത്തിന്റെ ഏറ്റവും പ്രധാന അടിസ്ഥാനം ഏതാണ്?
- സ്നേഹബന്ധത്തിൽ ആശയ വിനിമയത്തിന്റെ പ്രാധാന്യം എന്താണ്?
- മറ്റൊരാളുടെ വികാരങ്ങളെ മനസ്സിലാക്കാനുള്ള കഴിവിനെ എന്താണ് പറയുന്നത്?
- പരസ്പര ബഹുമാനം ഇല്ലാത്ത ബന്ധം ദീർഘകാലം നിലനിൽക്കുമോ?
- ക്ഷമിക്കാൻ പഠിക്കുന്നത് ബന്ധത്തെ എങ്ങനെ സഹായിക്കുന്നു?
- സ്നേഹത്തോടൊപ്പം നൽകേണ്ട മറ്റൊരു പ്രധാന ഗുണം ഏതാണ്?
- ഒരു ബന്ധത്തിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്നത് സാധാരണമാണോ?
- പരസ്പര സ്നേഹത്തിന്റെ ഒരു പ്രധാന ലക്ഷണം എന്താണ്?
- സ്നേഹം പ്രകടിപ്പിക്കാൻ ഏറ്റവും നല്ല മാർഗം എന്താണ്?

മറ്റ് മത്സരങ്ങൾ (ഉപന്യാസം, കവിത, കഥ)

- എന്റെ അമ്മയുടെ സ്നേഹം
- സൗഹൃദത്തിന്റെ മാധുര്യം
- സ്നേഹമുള്ള ഒരു ലോകം
- സ്നേഹം പങ്കുവെച്ചാൽ വളരും
- സ്നേഹവും മനുഷ്യമൂല്യങ്ങളും

> ജന്മദിനാശംസകൾ/അഭിനന്ദനങ്ങൾ

> തൊഴിൽ പഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ (വൈസ് പ്രസിഡൻറ്)

> സ്കോളർഷിപ്പ്/ പ്രവേശന പരീക്ഷകളെ പരിചയപ്പെടുത്തൽ (ട്രഷറർ)

> വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ (ഇടവക/ ഫൊറോന/രൂപത)


> ചർച്ച:

'കുറുക്കുവഴി (വിശുദ്ധ കൊച്ചുത്രേസ്യയുടെ ആധ്യാത്മികത)'

ഞങ്ങൾക്ക് ആത്മാക്കളെ നൽകുക

ലോകത്തിന്റെ സകല ഭാഗങ്ങളിലും ഏറ്റവും വിദൂരമായ ദ്വീപുകളിൽപോലും ഞാൻ സുവിശേഷം പ്രചരിപ്പിക്കും. ഞാൻ ഒരു മിഷനറിയാകും. അത് ഏതാനും വർഷങ്ങളിലേക്ക് മാത്രമായിരിക്കുകയില്ല, കഴിയുമായിരുന്നുവെങ്കിൽ ലോകാവസാനംവരെ ഒരു മിഷണറിയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുമായിരുന്നു.

പ്രിയ കർത്താവേ, ഞങ്ങൾക്ക് ആത്മാക്കളെ നൽകുക... ആത്മാക്കൾക്കുവേണ്ടി ഞങ്ങൾ ദാഹിക്കുന്നു. എല്ലാത്തിലുമുപരി പ്രേഷിതരുടെയും രക്തസാക്ഷികളുടേയും ആത്മാക്ക



ൾക്കുവേണ്ടി അവർ മുഖേന പാവപ്പെട്ട പാപികളുടെ ആത്മാക്കളെ, അങ്ങയോടുള്ള സ്നേഹത്താൽ ജ്വലിക്കുന്നതിനായിട്ടുതന്നെ.

മാർഗം സ്വീകരിക്കാതെ ലക്ഷ്യം പ്രാപിക്കുക സാധ്യമല്ല. നമ്മുടെ കർത്താവ് എന്നെ ഗ്രഹിപ്പിച്ചതിനാൽ കൂടുതൽ കുരിശുകളെ അഭിമുഖീകരിച്ചപ്പോഴെല്ലാം പീഡാസഹനത്തോടുള്ള എന്റെ ആകർഷണവും കൂടുതൽ ശക്തിയുള്ളതായിത്തീർന്നു.

യാതൊരു മരുന്നിനും എന്റെ രോഗം മാറ്റാൻ കഴിയുകയില്ലെന്ന് എനിക്ക് ബോധ്യമായി. തങ്ങളുടെ സ്വന്തം കാര്യങ്ങൾ നോക്കാൻ സമയമോ മാർഗമോ ഇല്ലാത്ത പാവപ്പെട്ട പ്രേഷിതർക്ക് എന്റെ രോഗങ്ങൾകൊണ്ട് പ്രയോജനമുണ്ടാക്കാൻ ദൈവവുമായി ഒരു ഉടമ്പടിയിൽ ഞാൻ ഏർപ്പെട്ടു.

നിങ്ങൾ വിധിക്കരുത്; നിങ്ങളും വിധിക്കപ്പെടുകയില്ല. കുറ്റാരോപണം നടത്തരുത്; നിങ്ങളുടെ മേലും കുറ്റം ആരോപിക്കപ്പെടുകയില്ല, ക്ഷമിക്കുവിൻ; നിങ്ങളോടും ക്ഷമിക്കപ്പെടും.

ഒരു വേളയിൽ വിശുദ്ധിയോടെ കാൽമണിക്കൂർ നേരം ദിവസവും തോട്ടത്തിൽ കൂടി നടക്കുവാൻ നിർദേശിക്കപ്പെട്ടു. ഇതവളെ കൂടുതൽ ക്ഷീണിപ്പിക്കുന്നുവെന്ന് കണ്ടപ്പോൾ ക്ഷീണമുണ്ടാകുന്ന ആ നടപ്പ് വേണ്ടെന്ന് ഒരു സഹോദരി അവളോട് പറഞ്ഞു.

അവളുടെ മറുപടി: അത് നേരുതന്നെ, പക്ഷേ എനിക്ക് ശക്തിനൽകുന്നതെന്താണെന്ന് അറിയാമോ? എന്റെ ഓരോ കാലടിയും ഏതെങ്കിലും വിദൂരദേശത്ത് തന്റെ പ്രേഷിത പ്രവർത്തനങ്ങൾമൂലം തളരുന്ന ആരെങ്കിലും കാണണമെന്ന് ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ ക്ഷീണം കുറയ്ക്കാൻ ഞാൻ എന്റെ ക്ഷീണം ദൈവത്തിന് സമർപ്പിക്കുന്നു.

വി.യോഹന്നാൻ 19:28: അനന്തരം, എല്ലാം നിറവേറിക്കഴിഞ്ഞുവെന്നറിഞ്ഞ് തിരുവെഴുത്തു പൂർത്തിയാകാൻവേണ്ടി യേശു പറഞ്ഞു: എനിക്ക് ദാഹിക്കുന്നു.

വി.മത്തായി 28:18-20: യേശു അവരെ സമീപിച്ച്, അരുളിച്ചെയ്തു: സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും

> നന്ദി

> മാതാവിനോടുള്ള ഗാനം

•

തയ്യാറാക്കിയത് :
അയോണ ഗ്രേസ് പാരീസ് &
പ്രഷീല ജോസഫ്
(സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീമംഗം)







തിരക്കുഴിതാണ്ടിയ യാനം

ശ്രീ അലക്സാണ്ടർ ഐ എ എസുമായി അഭിമുഖം

"We don't live alone. We are members of one body.
We are responsible for each other."
(Inspector Calls: J B Priestly)


സമുദ്രതീരസംരക്ഷണത്തിന്റെ കൂടി ചുമതലയുള്ള കേരളസംസ്ഥാന ജലവിഭവവകുപ്പിൽ മന്ത്രി മോൺസ് ജോസഫിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായി ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്ന അലക്സാണ്ടർ ഐഎഎസ്, തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വള്ളവിള സ്വദേശിയാണ്. ഒരു തീരദേശ മത്സ്യഗ്രാമത്തിലെ പരിമിതികളെല്ലാം വകഞ്ഞ്, കഠിനാധ്വാനത്തിലൂടെ ഭരണനിർവഹണത്തിന്റെ ഉയരങ്ങളിലെത്തുകയും, ആലപ്പുഴപോലുള്ള തീരദേശജില്ലയുടെ ഭരണചുമതല ഏല്ക്കുകയുംചെയ്ത അപൂർവാനുഭവങ്ങളുടെ കരുത്താണ് ഈ വ്യക്തിത്വം.

ഒരു പിന്നാക്കസമൂഹത്തിന്റെ ഉയർച്ചയുടെ മാപിനികളാണ് വിദ്യാഭ്യാസം നേടി, ഔദ്യോഗികപദവികളുടെ പടവുകൾ താണ്ടി, ജനസേവനത്തിന് നിർണായക തീരുമാനങ്ങളെടുക്കാവുന്ന പദവികളിലെത്തുന്ന വ്യക്തികൾ. അങ്ങനെയെങ്കിൽ പിന്നിട്ട നാൾവഴികളിലെല്ലാം പരമിതികളെ സാധ്യതകൾ കൂടിയായി തിരിച്ചറിഞ്ഞ് അതിജീവനം സാധ്യമാക്കിയ അലക്സാണ്ടർ ഐഎഎസ് തീരഗ്രാമങ്ങളുടെ ഗാഥകളിലേക്ക് ഉൾച്ചേർക്കപ്പെടുന്ന ചരിത്രവ്യക്തികൂടിയാണെന്നത് അഭിമാനകരമായ വസ്തുതയാണ്.

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ മാധ്യമ കമ്മീഷനും 'ജീവനും വെളിച്ചവും' മാസികയ്ക്കുമായി പ്രത്യേകം നല്കിയ അഭിമുഖത്തിൽ അദ്ദേഹം സ്വജീവിതയാത്രയെ സമൂഹത്തിന്റെ ശക്തിയായി നിർവചിച്ചുകൊണ്ട് സംസാരിച്ചു.

ആലപ്പുഴ ജില്ലാ കലക്ടർ പദവിയിൽനിന്ന് ഔദ്യോഗികമായി വിരമിച്ചശേഷം പുതിയ മന്ത്രിസഭയ്ക്കൊപ്പം ഭരണനിർവഹണത്തിന്റെ അനുഭവപരിചയം പങ്കിടുന്ന ഇദ്ദേഹം, തീരദേശപ്രതിനിധികൂടിയായി നിന്ന് കടൽത്തീരസംരക്ഷണ ചുമതലയുള്ള വകുപ്പിൽ തീരുമാനമെടുക്കൽ പ്രക്രിയയുടെ ഭാഗമാകുന്ന എന്നത് പ്രതീക്ഷയുണർത്തുന്നു.

"തികച്ചും സാധാരണമായ ജീവിതപരിസരങ്ങളിൽനിന്ന് ഭരണനിർവഹണത്തിന്റെ ഔദ്യോഗികതലങ്ങളിലേക്ക് ഉയർന്നുവന്നത്, ഒരു സ്വപ്നംപോലെ, സന്തോഷം പകരുന്നു. വളർച്ചയുടെ ഓരോ ഘട്ടത്തിലും ചുറ്റുപാടുകളെ സൂക്ഷ്മമായി നോക്കിക്കാണുമ്പോൾ, പല ഓഫീസുകൾക്കുമുന്നിലും സ്വച്ഛമായ ജീവിതത്തിനാ



യുള്ള അപേക്ഷകളുമായി മണിക്കൂറുകളും ദിവസങ്ങളും കാത്തുനിൽക്കുന്ന അതിസാധാരണക്കാരെ കണ്ടത് ഇന്നും മറന്നിട്ടില്ല. അവരുടെ ജീവിതാവസ്ഥകൾ നേരിട്ടറിഞ്ഞ് അവരുടെ ആവലാതികളിന്മേൽ ഫലപ്രദമായ പരിഹാരം നിർദേശിക്കാൻ കഴിയണം എന്ന് കരുന്നിലേ വളർത്തിയ ഒരു കനവിന്റെ സാക്ഷാത്കാരമാണ് കൈവന്ന ഈ പദവികൾ എന്ന് തിരിച്ചറിയുന്നു. ഒപ്പം അതിലേക്ക് നടത്തിയ ചിട്ടയൊത്ത അധ്വാനവും മനസ്സൊരുക്കത്തിന് വളമിട്ടു.

വള്ളവിളയിൽനിന്ന് ഒരുകിലോമീറ്റർ നിത്യവും നടന്ന് കൊല്ലങ്കോട് ഗവ. ഹൈസ്കൂളിൽ പഠിച്ചകാലം വീണ്ടും അഭിമാനത്തോടെ ഓർത്തത് ഐഎഎസ് സെലക്ഷൻ കിട്ടിയശേഷം അതേ സ്കൂളിലേക്ക് വിശിഷ്ടാതിഥിയായി ചെന്നെത്തിയപ്പോഴാണ്. അത് അത്യാഹ്ലാദവും പ്രചോദനവുമേകി. വിദ്യാർഥികൾക്കും അവരോടൊത്ത് പഠനത്തിൽ പങ്കാളികളും വഴികാട്ടികളുമാകുന്ന അധ്യാപകർക്കും പ്രതീക്ഷയും പ്രചോദനവും നല്കാനായത് അവിസ്മരണീയമായ അനുഭവമായി.

പഠനവും തുടർന്നുള്ള ജോലിലഭ്യതയും കഴിഞ്ഞ് കുടുംബത്തിലേക്ക് ജീവിതലക്ഷ്യം ചുരുക്കുന്ന സാമാന്യബോധത്തിനുമപ്പുറം സമൂഹത്തോടൊപ്പം സഞ്ചരിച്ച് വരുംതലമുറകളെ പ്രചോദിപ്പിച്ച് നാടിന്റെ വാക്കായും വഴിയായും മാറുക എന്നത് അപൂർവം പേർ മാത്രം സഞ്ചരിക്കുന്ന ഒറ്റയടിപ്പാതകളാണ്. പിറന്നുവളർന്ന കമ്യൂണിറ്റി വ്യക്തികളുടെ വളർച്ചയ്ക്കേകുന്ന ആർജിതബോധം ചാലകശക്തിയായി മാറും. കടൽപ്പണിക്കാരുടെയും മറ്റ് കണ്ണിയറ്റ തൊഴിലാളികളുടെയും കാഠിന്യമുള്ള പരമ്പരാഗത തൊഴിൽ സാഹചര്യങ്ങൾ... ഇല്ലായ്മയും ഇകഴ്ത്തലും വകഞ്ഞ് മക്കളെപ്പോറ്റി മെച്ചപ്പെട്ട നിലയിലെത്തിക്കാനുള്ള കനപ്പാടുകൾ... നിശ്ശബ്ദമായ ഈ മുന്നേറ്റങ്ങൾ പകരുന്ന പാഠങ്ങൾ വലിയ തിരിച്ചറിവാണ്. ഈ പരമ്പരാഗത സമൂഹം എന്നുമൊരു പാഠശാലയാണ്. കടലറിവുകൾമാത്രം കൈമുതലാക്കി തിരക്കുഴി താണ്ടി കാറ്റിന്റെ വഴിമാത്രം ആശ്രയിച്ചുള്ള പണിശാലയാണ് കടൽ. പരമ്പരാഗതമായ അറിവുകൾ... ആവാസയിടങ്ങളെക്കുടി കരുതലോടെ കാക്കുന്ന ജീവിതശൈലി... കടൽപ്പണിക്കാരുടെ നാൾവഴികൾ ഇനിയും പൂർണമായി ലോകം അറിഞ്ഞിട്ടില്ല. ആ അനുഭവങ്ങൾ പകരുന്ന ഊർജം ഒരാളെയും ഉൾവലിയാനോ പിൻതിരിപ്പിക്കാനോ പ്രേരിപ്പിക്കില്ല. അതിജീവനത്തിനായി പെടാപ്പാട് പെടുന്ന ഒരു കമ്യൂണിറ്റിയുടെ വേറിട്ട അനുഭവങ്ങളിലൂടെ ജീവിച്ച ഒരാൾക്കും വെല്ലുവിളികൾ നേരിടാൻ പുറമേനിന്നുള്ള സഹായം വേണ്ടിവരില്ല.

ചലനാത്മകത (mobility) കടൽപ്പണിക്കാരുടെ സമൂഹത്തിന്റെ സിരകളിലുണ്ട്. കട്ടമരത്തിൽക്കയറി കാറ്റിനെമാത്രം തുണചേർത്ത് കടലാഴങ്ങളിലേക്ക് പോയി തൊഴിൽതേടിയവർ - ജീവിതം മെനഞ്ഞവർ പില്ലാലത്ത് സാങ്കേതിക-ശാസ്ത്രപാഠങ്ങൾകൂടി ഉൾക്കൊണ്ട് അധ്വാനത്തെ ലഘൂകരിക്കാൻ പ്രാപ്തി നേടിയെങ്കിലും വിഭവസമാർജനത്തിനായുള്ള യാത്രകളും, താണ്ടിയ കടൽ ദൂരങ്ങളും പിൻതലമുറകളെയും സ്വാധീനിച്ചു. തൊഴിലവസരങ്ങൾക്കായവർ പല ലോകങ്ങളിലുമെത്തി... എങ്കിലും സ്വന്തം മണൽനാടുകളെ ആർദ്രമായവർ ഉള്ളിൽ പേറുകയാണ്. ഇന്നും പുതുതലമുറ ഈ ചലനശക്തി പരീക്ഷിക്കുന്നുവെന്ന് കാണുന്നത് അഭിമാനം പകരുന്നു.

തിരുവനന്തപുരം ലത്തീൻ അതിരൂപതാംഗം എന്ന നിലയിൽ ചിന്തിക്കുമ്പോൾ, സഭ പകർന്നുനല്കിയ വിശ്വാസജീവിതത്തിന്റെ കരുത്തും സാമൂഹിക ശാക്തീകരണപ്രക്രിയകളിലേക്ക് പരിവർത്തനം ചെയ്ത് ആത്മീയതയും ജീവിക്കാനാകുന്നു എന്നത് സാർഥകമായി കരുതുന്നു. അതിരൂപതയുടെ കീഴിലെ വിവിധങ്ങളായ സ്ഥാപനങ്ങളെ കമ്യൂണിറ്റിയുടെ കരുത്തിന്റെ പര്യായങ്ങളായിക്കണ്ട് അവയിലൂടെ ഈ ജനസമൂഹം വളർച്ചയും വികാസവും നേടുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവർത്തനതലത്തിൽ വിമർശനങ്ങൾ ഉണ്ടെങ്കിലും അവയും സാധ്യതകളായി കാണാനാകുമെന്നും സമൂഹത്തിന്റെ പുരോഗതിക്ക് സഹായകമാകുമെന്നും കരുതുന്നു.

മര്യനാട് കമ്യൂണിറ്റി ഡെവലപ്മെന്റ് പദ്ധതിയിലൂടെ വ്യക്തമായ ദിശാബോധം പകർന്ന മെത്രാൻ പീറ്റർ ബർണാഡ് പെരേര തിരുമേനിയുടെ തീക്ഷ്ണമായ പ്രവർത്തനശൈലിയുടെ മഹത്തായപാരമ്പര്യമാണ് അതിരൂപതയുടെ എന്നത്തേയും ചാലകശക്തി എന്ന് മനസ്സിലാക്കുന്നു. കാലോചിതമായ നയരൂപീകരണങ്ങളും പ്രവർത്തനങ്ങളും ഉണ്ടാകേണ്ടതായിക്കാണുന്നു. പുതുതലമുറകളെ വിദ്യാഭ്യാസത്തിലൂടെ, കഠിനാധ്വാനത്തിലൂടെ മുന്നേറാൻ സഹായിക്കണം.


പുതുതലമുറയോട് പറയാനുള്ളത്, ഒരു വെല്ലുവിളിക്കുമുന്നിലും തോറ്റ് വഴിമാറിപ്പോകരുത് എന്നാണ്; പരിമിതികളെത്തന്നെ സാധ്യതകളാക്കിമാറ്റി, പാരമ്പര്യം തോറ്റിയെടുത്ത അതിജീവനക്കരുത്തിൽ നിലവിലെ സാഹചര്യങ്ങളെ മറികടക്കുകതന്നെ വേണം എന്നാണ്.

കടലിലിറങ്ങുന്ന ഓരോ യാനവും ഓരോ കടൽപ്പണിക്കാരനും തിരകളെ മുറിച്ചുപോകാൻ തളരാതെ, അവിരാമമായി ശ്രമിക്കുന്നതിനെ, ജീവിതത്തെ മുന്നോട്ട നയിക്കേണ്ട സന്ദേശമായിക്കാണണം. ആ നാടുവെളിച്ചം അണയാതെ കാക്കണം."

തീരഗ്രാമങ്ങളുടെ സങ്കീർണമായ പ്രശ്നങ്ങളിൽ പുറമേ നിന്നൊരു പഠനസഹായവും ആവശ്യമില്ലാത്ത, തീരത്തിന്റെ വേറിട്ട പ്രതിനിധിയാണ് ശ്രീ അലക്സാണ്ടർ ഐഎഎസ് എന്നത് സവിശേഷതയാണ്. ഇന്നും സാമൂഹിക-സാംസ്കാരിക-ഭരണ മേഖലകളിൽ തീരദേശ ജനത പ്രാതിനിധ്യമില്ലാതെ അദൃശ്യരായി മാറിനിൽക്കുകയും മാറ്റിനിർത്തപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ സ്വയം തുഴഞ്ഞെത്തിയ ഈ ജീവിതം ചരിത്രത്തിൽ അടയാളപ്പെടുത്തുന്ന വലിയൊരു പ്രതീക്ഷയാണ്.

•

•ലേഖനം •എ.ജെ. വിജയൻ



സർക്കാരിന്റെ പുതുക്കിയ ബജറ്റും കടൽ മത്സ്യമേഖലയും

പുതിയ ബജറ്റ് നിർദേശങ്ങൾ കേരളത്തിലെ കടൽ മത്സ്യ മേഖലയെയും തീരദേശ സമൂഹത്തെയും എങ്ങനെയാണ് ബാധിക്കാൻ പോകുന്നതെന്ന് പരിശോധിക്കാനും വിലയിരുത്താനുമാണ് ഇവിടെ ശ്രമിക്കുന്നത്.

സംസ്ഥാന മുഖ്യമന്ത്രി കൂടിയായ ധനകാര്യ മന്ത്രി ഇപ്പോൾ അവതരിപ്പിച്ച ബജറ്റ് മുൻ സർക്കാർ അവതരിപ്പിച്ചതും നിയമസഭ അംഗീകരിച്ചതുമായ 2026-27 വർഷത്തേക്കുള്ള ബജറ്റിന്റെ പുതുക്കിയ രൂപമാണ്. മുൻ ബജറ്റിലെ ചില പദ്ധതി നിർദേശങ്ങൾ വേണ്ടെന്നുവയ്ക്കാനും തുകകളിൽ മാറ്റംവരുത്താനും പുതിയ ചില പദ്ധതികൾ നിർദേശിക്കാനും പുതുക്കിയ ഒരു ബജറ്റിലൂടെ സാധിക്കും. എന്നാൽ മുൻ ബജറ്റിനെകുറിച്ച് പുതുക്കിയ ബജറ്റിന്റെ ആമുഖത്തിൽ മുഖ്യമന്ത്രി എടുത്തുപറയുന്ന ഒരു കാര്യം പ്രതീക്ഷിത വരുമാനമായി (പ്രധാനമായും കേന്ദ്രവിഹിതം) കാണിച്ചിട്ടുള്ള തുകയിൽ 20,500 കോടി രൂപയുടെ ഗണ്യമായ കുറവ് ഉണ്ടെന്നും അത് കണക്കിലെടുക്കുമ്പോൾ മുൻ സർക്കാർ പദ്ധതി അടങ്കൽ തുക 35,750 കോടി രൂപയായി നിശ്ചയിച്ചതിൽ ആനുപാതിക കുറവ് വേണ്ടിവരുമെന്നുമാണ്. ഇതിനർഥംഈ ധനവർഷത്തിൽ ഉദ്ദേശിച്ചിരുന്ന പല പദ്ധതികളും നടപ്പാക്കാൻ കഴിയില്ലെന്നാണ്.

ഒരു വാർഷിക ബജറ്റ് അടിസ്ഥാനപരമായി ആ വർഷത്തെ പ്രതീക്ഷിക്കുന്ന വരവ്-ചെലവ് കണക്കാണ്. എന്നാൽ പുതുക്കിയ ബജറ്റിനെക്കുറിച്ച് മുഖ്യമന്ത്രി ആദ്യമേ പറയുന്നത് ഇത് "അടുത്ത അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന-ക്ഷേമ പ്രവർത്തനങ്ങളുടെ ഒരു ദിശാസൂചിക" ആയിരിക്കുമെന്നാണ്. എന്നുവച്ചാൽ ബജറ്റിലെ പല പ്രഖ്യാപനങ്ങളും നടപ്പിലാക്കുന്നതിന് ബജറ്റിൽ തുക നീക്കിവച്ചിട്ടില്ല, അത് സർക്കാരിന്റെ നയ പ്രഖ്യാപനമായി കണ്ടാൽ മതിയെന്നാണ്. ഇത് ബജറ്റ് പ്രസംഗത്തിലും വ്യക്തമാണ്. പുതുക്കിയ ബജറ്റിൽ പുതുതായി തുക നീക്കിവച്ചിട്ടുള്ള പുതിയ പദ്ധതി പ്രഖ്യാപനങ്ങളുണ്ട്, ഒപ്പം യാതൊരു തുകയും നീക്കിവച്ചിട്ടില്ലാത്ത പ്രഖ്യാപനങ്ങളും ഉണ്ട്. ഈ പശ്ചാത്തലത്തിൽ പുതിയ ബജറ്റ് നിർദേശങ്ങൾ കേരളത്തിലെ കടൽ മത്സ്യ മേഖലയെയും തീരദേശ സമൂഹത്തെയും എങ്ങനെയാണ് ബാധിക്കാൻ പോകുന്നതെന്ന് പരിശോധിക്കാനും വിലയിരുത്താനുമാണ് ഇവിടെ ശ്രമിക്കുന്നത്.

ഫിഷറീസ് സബ്-പ്ലാൻ

പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി നൽകിവരുന്ന എസ്.സി.പി/ടി.എസ്.പി മാതൃകയിൽ ഫിഷറീസ് സബ്-പ്ലാൻ നടപ്പിലാക്കുമെന്ന് യു.ഡി.എഫിന്റെ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഉണ്ടായിരുന്നതാണ്. മത്സ്യമേഖലക്കും മത്സ്യത്തൊഴിലാളികൾക്കുമായി ഒരു ഫിഷറീസ് സബ് പ്ലാൻ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന വാഗ്ദാനം ഈ ബജറ്റിൽ ഉണ്ടെങ്കിലും, സബ്-പ്ലാൻ എന്ന നിലയിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല, ഒരുപക്ഷേ അടുത്ത വർഷത്തെ ബജറ്റിൽ അങ്ങനെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ഭാവിയിൽ എന്തായിരിക്കും ഫിഷറീസ് സബ്



പ്ലാനിലൂടെ നടത്താൻ പോകുന്നതെന്ന ചില സൂചനകളും ബജറ്റിൽ പറയുന്നുണ്ട്. ഫിഷറീസ് സബ് പ്ലാനിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുമെന്നും വിദേശ പഠനത്തിനും സഹായം നൽകുമെന്നും പറയുന്നു. എന്നാൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക്, അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്ക് പ്രൊഫഷണൽ ഉന്നത വിദ്യാഭ്യാസത്തിന് ഉൾപ്പെടെ, ധനസഹായം നൽകുന്ന പദ്ധതി 1984 മുതൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് ഗവണ്മെന്റ് തുടങ്ങിവച്ചത് ഇപ്പോഴും നിലവിലുണ്ടെന്നതാണ് യാഥാർഥ്യം. വിദേശ രാജ്യങ്ങളിൽ പഠിക്കാൻ പോകുന്നവർക്കും സഹായം നൽകുമെന്ന് പറയുന്നത് സ്വാഗതാർഹമാണെങ്കിലും, ഈ ബജറ്റിലെ മറ്റൊരു ഭാഗത്ത് സംസ്ഥാനത്തെ യുവാക്കൾ പഠനത്തിനായി വിദേശങ്ങളിൽ പോകുന്നത് ഒഴിവാക്കാൻ നമ്മുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുമെന്ന വാഗ്ദാനവും ഉണ്ട്.

തീരശോഷണത്തിന്റെ കാരണങ്ങളായ തെറ്റായ നിർമിതികളും വൻതോതിലുള്ള തീരമണലെടുക്കൽ നടപടികളും നിർത്തിവച്ച് പ്രകൃതിദത്തമായ കടൽത്തീരങ്ങളെ നിലനിർത്തി തീരപരിസ്ഥിതിയും മീൻപിടുത്ത തൊഴിലും സംരക്ഷിക്കാനുള്ള ആർജ്ജവം ഈ സർക്കാരിനും ഇല്ലെന്ന് വ്യക്തം.

മത്സ്യബന്ധനം

ഫിഷറീസ് മേഖലയിലെ വിവിധ വകുപ്പുകൾക്കും പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിരുന്ന 200.93 കോടി രൂപക്ക് പുറമെ ഫിഷറീസ് വകുപ്പിന് അധികമായി 50 കോടി രൂപ ഈ ബജറ്റിൽ നൽകുന്നുണ്ട്. എന്നാലിത് ഏതാണ്ട് പൂർണമായും മണ്ണെണ്ണ സബ്സിഡി 75 രൂപയായി വർധിപ്പിച്ച് നൽകുമെന്ന വാഗ്ദാനം നടപ്പാക്കാൻവേണ്ടി വരുമെന്നാണ് കരുതേണ്ടത്. എപ്പോഴും വില കൂടിക്കൊണ്ടിരിക്കുന്ന മണ്ണെണ്ണക്ക് നൽകുന്ന സബ്സിഡി മണ്ണെണ്ണ പെർമിറ്റുകൾ വിലയ്ക്കെടുത്ത് മണ്ണെണ്ണ കച്ചവടം നടത്തുന്നവരുടെ ലാഭം കൂട്ടാനാണ് ഉപകരിക്കുന്നതെന്നും വള്ളങ്ങളിൽ പണിയെടുക്കുന്ന യഥാർഥ മത്സ്യത്തൊഴിലാളികൾക്ക് ഉപകാരപ്പെടുന്നില്ലെന്നുമുള്ള ആക്ഷേപം വ്യാപകമായി നിലനിൽക്കുന്നുണ്ട്. പ്രത്യേക ഭവനപദ്ധതി, ഇതര തൊഴിൽമാർഗങ്ങൾക്കുള്ള പരിശീലനം, മത്സ്യബന്ധനം മുടങ്ങുന്ന ദിവസങ്ങളിൽ വേതന സഹായം എന്നിവയെല്ലാം ബജറ്റിലെ വാഗ്ദാനങ്ങളാണെങ്കിലും ഇതിനായി തുകകൾ നീക്കി വച്ചതായി കാണുന്നില്ല. പൂന്തുറയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമിക്കുമെന്ന വാഗ്ദാനം മത്സ്യബന്ധനം എന്നതിന് കീഴിൽ ഉൾപ്പെടുത്താതെ മറ്റു പ്രധാന പദ്ധതികളുടെ കൂട്ടത്തിലാണ് ചേർത്തിട്ടുള്ളത്. ആ കൂട്ടത്തിലെ മിക്കവാറും എല്ലാ പദ്ധതികൾക്കും കൃത്യമായ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും പൂന്തുറ ഹാർബർ നിർമ്മാണത്തിന് തുക വകയിരുത്താത്തത് ഇത് നടപ്പാക്കുന്നത് നീണ്ടുപോകാനുള്ള സാധ്യതയാണ് സൂചിപ്പിക്കുന്നത്.

തീരശോഷണം എന്ന ഗുരുതരമായ പ്രശ്നം എങ്ങനെ പരിഹരിക്കണം എന്ന കാര്യത്തിൽ ഈ സർക്കാരും ചിന്താക്കുഴപ്പത്തിലാണെന്ന് പറയാതെ വയ്യ. കേരള കടൽത്തീരമാകെ കടൽഭിത്തികളും, പുലിമുട്ടുകളും നിർമിക്കുന്ന ഫലവത്തല്ലാത്ത അശാസ്ത്രീയ രീതികളുടെകൂടെ ബീച്ച് നറിഷ്മെന്റ് കൂടി ഈ ബജറ്റിൽ ചേർത്തിട്ടുണ്ട്. തീരശോഷണത്തിന്റെ കാരണങ്ങളായ തെറ്റായ നിർമിതികളും വൻതോതിലുള്ള തീരമണലെടുക്കൽ നടപടികളും നിർത്തിവച്ച് പ്രകൃതിദത്തമായ കടൽത്തീരങ്ങളെ നിലനിർത്തി തീരപരിസ്ഥിതിയും

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ മൂന്ന് തീരദേശ ജില്ലകളിലെ തീരക്കടലിലെ മണലും മറ്റും കൂടുതലായി ഖനനം ചെയ്യാനും അതിന്റെ സംസ്കരണത്തിനുമായുള്ള രണ്ട് സമുദ്ര ബന്ധിത സ്വകാര്യ നിക്ഷേപ പദ്ധതികൾക്കാണ് കോറിഡോർ എന്ന ഓമനപ്പേര് നൽകിയിരിക്കുന്നതെന്ന് പച്ചമലയാളത്തിൽ പറയാം.



മീൻപിടുത്ത തൊഴിലും സംരക്ഷിക്കാനുള്ള ആർജവം ഈ സർക്കാരിനും ഇല്ലെന്ന് വ്യക്തം.

മിഷൻ സമുദ്രയും കടൽ മത്സ്യമേഖലയും

പുതുക്കിയ ബജറ്റിൽ പുതുതായി ഉൾക്കൊള്ളിച്ചിരിക്കുന്നതും തുക വകയിരുത്തിയതുമായ പദ്ധതികളിൽ ഏറ്റവും പ്രധാനം മിഷൻ സമുദ്രയാണ്. യുഡിഎഫിന്റെ പ്രകടന പത്രികയിൽ ഉള്ളതാണെങ്കിലും ഈ ബജറ്റ് പ്രഖ്യാപനത്തോടെയാണ് അത് പൊതുസമൂഹത്തിൽ ചർച്ചക്ക് വിധേയമാകുന്നത്. പോർട്ട് സിറ്റി ഉൾപ്പെടുന്ന മിഷൻ സമുദ്ര പദ്ധതിക്കായി 400 കോടി രൂപയാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. നിലവിലുള്ള വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങൾ ഉൾപ്പെടെ കേരളമാകെ പുതിയ തുറമുഖാധിഷ്ഠിത പദ്ധതികൾ സ്വകാര്യ മേഖലയുടെ നിക്ഷേപം സാധ്യമാക്കി നടപ്പാക്കാനാണ് ശ്രമം. അതിന്റെ പ്രാരംഭ നടപടികൾക്കാണ് തുക ഉപയോഗിക്കാൻ പോകുന്നത്. കപ്പൽ നിർമാണശാല, കപ്പൽ അറ്റകുറ്റപ്പണി, കടലിലൂടെ കൂടുതൽ ചരക്ക്-യാത്രാ ഗതാഗതം, നിലവിലുള്ള ചെറു തുറമുഖങ്ങൾ വിപുലമാക്കൽ എന്നിങ്ങനെയുള്ള കടൽ വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സതേൺ കേരള ഇക്കണോമിക് കോറിഡോർ &റയർ എർത്ത് ആൻഡ് ക്രിറ്റിക്കൽ മിനറൽസ് കോറിഡോർ

പുതുക്കിയ ബജറ്റിൽ രണ്ടാമത്തെ പ്രധാനപ്പെട്ടതും പുതുതായി തുക വകയിരുത്തിയിട്ടുള്ളതുമായ ഒരു പദ്ധതി നിർദേശത്തിന്റെ പേരാണിത്. മലയാളത്തിലുള്ള പ്രസംഗ രേഖയിൽ പോലും ഈ ഇംഗ്ലീഷ് വാക്കുകൾ മാത്രമാണുള്ളത്. എന്താണ് സംഭവമെന്ന് നോക്കാം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ മൂന്ന് തീരദേശ ജില്ലകളിലെ തീരക്കടലിലെ മണലും മറ്റും കൂടുതലായി ഖനനം ചെയ്യാനും അതിന്റെ സംസ്കരണത്തിനുമായുള്ള രണ്ട് സമുദ്ര ബന്ധിത സ്വകാര്യ നിക്ഷേപ പദ്ധതികൾക്കാണ് കോറിഡോർ എന്ന ഓമനപ്പേര് നൽകിയിരിക്കുന്നതെന്ന് പച്ചമലയാളത്തിൽ പറയാം. ഇതിന്റെ രൂപരേഖകൾ തയ്യാറാക്കാനും സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാനുള്ള നടപടികൾക്കുമായി ഈ ബജറ്റിൽ 150 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്.

ബജറ്റ് പ്രസംഗത്തിൽ പോലും "ആലപ്പുഴയെ ഇന്ത്യയുടെ ബ്ലൂ ഇക്കോണമി തലസ്ഥാനമായി മാറ്റും" എന്ന് പറയുന്നുണ്ട്. നരേന്ദ്ര മോഡി സർക്കാരിന്റെ ബ്ലൂ ഇക്കോണമി നയത്തിനെതിരെയും കൊല്ലം കടലിൽ കടൽ മണൽ ഖനനം ചെയ്യാൻ കേന്ദ്ര സർക്കാർ നടത്തിയ ടെണ്ടർ നടപടികൾക്കെതിരെയും ഒറ്റക്കെട്ടായി കേരള നിയമസഭ പ്രമേയം പാസാക്കിയിരുന്നു എന്നതെല്ലാം മറന്നുകൊണ്ടാണ് പുതിയ ബജറ്റിൽ ഈ പ്രഖ്യാപനം നടത്തിയിരിക്കുന്നത്.

കടൽ മത്സ്യമേഖലയെ സർവനാശത്തിലേക്ക് തള്ളിവിടാനുള്ള ബജറ്റ്?

പുതിയ ബജറ്റിന്റെ വികസന ദിശാ സൂചിക അടിസ്ഥാനപരമായി ഈ രണ്ട് വിധത്തിലാണ് കടലിനെ നോക്കിക്കാണുന്നത്:

- കടലും കടലിലെ വിഭവങ്ങളും ഇതുവരെയും ഉപയോഗപ്പെടുത്താത്ത ഒരു വലിയ ധനസ്രോതസ്സ്
- കടൽ സർക്കാരിന്റെ വകയാണ്, അവിടെ എന്ത് ചെയ്യണമെന്ന് നിശ്ചയിക്കാനുള്ള അധികാരം സർക്കാരിനുണ്ട്

മേൽപ്പറഞ്ഞിരിക്കുന്ന രണ്ട് ധാരണകളുടെ അടിസ്ഥാനത്തിലാണ് പുതിയ ബജറ്റിൽ മിഷൻ സമുദ്രയും, കടൽ ധാതുമണൽ കോറിഡോറുകളും ഇടംപിടിച്ചിരിക്കുന്നത്. ഈ ധാരണകൾ തെറ്റാണെന്ന് മാത്രമല്ല, കടലിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന മീൻപിടുത്ത, അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വലിയ സമൂഹത്തിന്റെ പങ്കിനെ പൂർണമായും മറന്നുകൊണ്ടുള്ളതുമാണ്. കടലിൽ പ്രധാനമായും രണ്ടുതരം വിഭവങ്ങളാണുള്ളത്. ജീവനുള്ള, പുനരുൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുന്ന മത്സ്യങ്ങളും മറ്റ ജീവജാലങ്ങളുമാണ് ഒരു വിഭവം (living and renewable natural resource). മറ്റൊന്നാകട്ടെ, കടലിന്റെ അടിത്തട്ടിലുള്ള ജീവനില്ലാത്തതും എടുത്തുമാറ്റുന്നതോടെ ഇല്ലാതാകുന്നതുമായ ധാതുക്കളും, എണ്ണയും, പ്രകൃതി വാതകങ്ങളുമാണ് (non-renewable

natural resource).

കേരളത്തിലെ തീരക്കടലിൽ (12 മൈൽ വരെ) നിന്നും ഓരോ വർഷവും പരമാവധി 6 ലക്ഷം ടൺ വരെ പിടിച്ചെടുക്കാവുന്ന മത്സ്യ സമ്പത്ത് ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. കേരളത്തിൽ കഴിഞ്ഞ രണ്ടു ദശകങ്ങളായി പ്രതിവർഷം കടലിൽനിന്നും നമ്മുടെ മീൻപിടുത്തക്കാർ പിടിച്ചുകൊണ്ടിരിക്കുന്ന മത്സ്യത്തിന്റെ അളവും ശരാശരി 6 ലക്ഷം ടൺ ആണ്. സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ 2021-ലെ കണക്കനുസരിച്ച് കേരളത്തിൽ കടലിൽപോയി മീൻപിടുത്തം നടത്തുന്നവരുടെ എണ്ണം 1.89 ലക്ഷമാണ്. ഇതിൽ 1.02 ലക്ഷം പേർ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലാണുള്ളത്. ഫിഷറീസ് വകുപ്പിന്റെതന്നെ 2021-ലെ കണക്കനുസരിച്ച് കേരളത്തിന്റെ കടലിൽ മീൻപിടുത്തം നടത്തുന്ന ആകെ ഉരുക്കളുടെ എണ്ണം 43,000 ആണ്, ഇതിൽ ചെറുകിട മോട്ടോർ-ഘടിപ്പിച്ചതും അല്ലാത്തതുമായ ഉരുക്കൾ 37,000 ആണ്. ഈ മീൻപിടുത്തക്കാരും, അനുബന്ധ തൊഴിലുകളിലേർപ്പെടുന്നവരും, അവരെ ആശ്രയിച്ച ജീവിക്കുന്നവരും അടങ്ങുന്ന കടലോര മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആകെ ജനസംഖ്യ 8.08 ലക്ഷമാണ്. കേരളത്തിലെ ജനങ്ങളേറെയും അവരുടെ പ്രോട്ടീൻ ഭക്ഷണത്തിന് ആശ്രയിക്കുന്നത് ഇവർ പിടിച്ചുകൊണ്ടുവരുന്ന മീനിനെയാണ്. കരയിൽ വസിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങൾക്കും കടലിൽ തൊഴിൽ ചെയ്യുന്നവരും കടലിലെ മത്സ്യസമ്പത്തും അദൃശ്യമായിരിക്കാം. ഈ ബജറ്റ് അവതരിപ്പിച്ച മുഖ്യമന്ത്രിയും വലിയൊരു വിഭാഗം തൊഴിലാളികളുടെ ഉപജീവന ഇടം എന്ന നിലയിലും ഒരു പ്രധാന ഉൽപ്പാദനമേഖല എന്ന നിലയിലും നമ്മുടെ കടൽ മേഖലയെ കാണാത്തതുകൊണ്ടാണ്, ഇതുവരെ പ്രയോജനപ്പെടുത്താത്ത ഒരു മേഖല എന്ന നിലയിൽ തീരക്കടലിനെ പുതിയ നിക്ഷേപ ഇടമാക്കാൻ ശ്രമിക്കുന്നത്. 600 കി.മീ നീളംവരുന്ന കേരള തീരത്തിന് സമീപത്തായുള്ള കടലിൽ രാത്രിയും പകലും എന്നില്ലാതെ അര ലക്ഷത്തോളം ഉരുക്കൾ മീൻതേടി സഞ്ചരിക്കുകയും പിടിച്ചശേഷം മീനുമായി തിരികെ കരയിലേക്ക് വരികയും ചെയ്യുന്നിടത്താണ്, കരയിലെ റോഡ്-റെയിൽ സംവിധാനങ്ങൾക്ക് ഉപരിയായി കൂടുതൽ ചരക്ക്, യാത്രാ ഗതാഗതത്തിനായി കടലിനെ ഉപയോഗപ്പെടുത്തുക എന്ന സ്വപ്നവുമായി മുഖ്യമന്ത്രി ഈ ബജറ്റിലൂടെ വരുന്നത്.

കടലിലെ ജീവനില്ലാത്ത വിഭവങ്ങളെ എടുത്തു മാറ്റി ലാഭമുണ്ടാക്കാവുന്ന സ്രോതസ്സായി കാണുന്നതും തെറ്റാണ്. കടലിലെ ജീവനുള്ള വിഭവങ്ങളുടെ ആവാസ വ്യവസ്ഥകളാണ് കടലിന്റെ അടിത്തട്ടും മറ്റും. ഇതിൽ പവിഴപ്പുറ്റുകളും റീഫുകളും പെടുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ ഇതെല്ലാം എടുത്തുമാറ്റുന്നതിന് ഒത്താശ ചെയ്യുന്ന കോറിഡോർ പദ്ധതികളിലൂടെ കടലിന്റെ ജൈവ ആവാസ വ്യവസ്ഥകളാണ് നശിപ്പിക്കുക.

കടൽ സർക്കാരിന്റെ വകയാണെന്ന (state property) ധാരണയിലാണ് അവിടം സ്വകാര്യ നിക്ഷേപകരുടെ പ്രവൃത്തികൾക്ക് വിട്ടുകൊടുക്കാൻ ഈ ബജറ്റിലൂടെ സർക്കാർ ശ്രമിക്കുന്നത്. പരമ്പരാഗത മീൻപിടുത്തക്കാർ കടലിനെയും കടലിലെ സമ്പത്തിനെയും സ്വകാര്യവൽക്കരിക്കാൻ ശ്രമിച്ചിരുന്നില്ല. അതിനെ എല്ലാവരുടെയും സ്വത്തായി (common property) കണ്ടുകൊണ്ടാണ് അവർ തൊഴിൽ ചെയ്തിരുന്നത്. ഇപ്പോൾ ബജറ്റിലെ നിർദേശങ്ങളിലൂടെ കടലിനെ സ്വകാര്യ സ്വത്തും(private property) കോർപ്പറേറ്റ് സ്വത്തും ആക്കി മാറ്റാനാണ് നീക്കം.

ഈ ബജറ്റ് നിർദ്ദേശങ്ങൾ കേരളത്തിലെ തീരദേശ ജനതയുടെ മുഖ്യതൊഴിലിനും അവരുടെ വാസസ്ഥലങ്ങൾക്കും

ഇങ്ങനെ നോക്കുമ്പോൾ കടൽ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് നൂറ്റാണ്ടുകളായി ഉപജീവനം നടത്തിവന്നിരുന്ന ഒരു വലിയ ജനവിഭാഗത്തെ പുറന്തള്ളി പരിസ്ഥിതി നാശത്തിനും സാമൂഹ്യ അസമത്വത്തിനുമുള്ള നീക്കം എന്ന നിലയിൽ കണ്ടുകൊണ്ട് ഈ ബജറ്റ് നിർദ്ദേശങ്ങൾ തീർച്ചയായും എതിർക്കപ്പെടുകതന്നെ വേണം.



നാശം വരുത്താനാണ് ഇടയാക്കുക. വിഴിഞ്ഞം കടലും തീരവും അദാനിക്ക് കൈമാറിയ നടപടി കേരളമാകെ വ്യാപിപ്പിക്കാനാണ് നീക്കം. അദാനിമാർക്കും കരിമണൽ കർത്തമാർക്കും വേണ്ടി സംസ്ഥാനത്തിന്റെ കടലിനെയും കടൽ സമ്പത്തിനെയും പരിസ്ഥിതിയെയും ഒട്ടാകെ തീറെഴുതുന്നതാണ് മിഷൻ സമുദ്രയും കോറിഡോറും.

ഉപസംഹാരം

ഇങ്ങനെ നോക്കുമ്പോൾ കടൽ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് നൂറ്റാണ്ടുകളായി ഉപജീവനം നടത്തിവന്നിരുന്ന ഒരു വലിയ ജന വിഭാഗത്തെ പുറന്തള്ളി പരിസ്ഥിതി നാശത്തിനും സാമൂഹ്യ അസമത്വത്തിനുമുള്ള നീക്കം എന്ന നിലയിൽ കണ്ടുകൊണ്ട് ഈ ബജറ്റ് നിർദേശങ്ങൾ തീർച്ചയായും എതിർക്കപ്പെടുകതന്നെ വേണം.

പരിസ്ഥിതി സംരക്ഷണത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും കുറിച്ച് ആഴത്തിലുള്ള വീക്ഷണമാണ് ഫ്രാൻസിസ് പാപ്പ നൽകുന്നത്. ഭൂമിയെ നമ്മുടെ പൊതുഭവനം (common home) എന്ന് വിശേഷിപ്പിച്ച അദ്ദേഹം, പ്രകൃതി സംരക്ഷണത്തെ മനുഷ്യന്റെ ധാർമികവും ആത്മീയവുമായ ഉത്തരവാദിത്തമായാണ് കണക്കാക്കുന്നത്. അമിതമായ ഉപഭോഗവും പ്രകൃതി വിഭവങ്ങളുടെ ചൂഷണവും എതിർക്കപ്പെടണമെന്നും പ്രകൃതിദത്ത വിഭവങ്ങൾ ഭാവി തലമുറയ്ക്കൂടി അവകാശപ്പെട്ടതാണെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. ഈ രീതിയിൽ ചിന്തിക്കുമ്പോൾ ഒരുത്തമ കത്തോലിക്കാ വിശ്വാസിക്ക് ഈ ബജറ്റിലെ മിഷൻ സമുദ്രയോടും ധാതുമണൽ കോറിഡോറിനോടും യോജിക്കാനാവില്ല.

•

•ചരിത്രപഥം

ഇഗ്നേഷ്യസ് തോമസ്



തിരുവനന്തപുരം അതിരൂപത നവതി ആഘോഷിക്കാനൊരുങ്ങുമ്പോൾ 6

തിരുവനന്തപുരം രൂപതയുടെ വജ്ര ജൂബിലിക്കൊരുക്കമായി 1997 ഓഗസ്റ്റ് 24 മുതൽ ആഗസ്റ്റ് 29 വരെ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്ന വൈദിക സന്യസ്ത അൽമായ ഒത്തുവാസം രൂപതയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലാണ്. പിന്നിട്ട വഴികളെ വിലയിരുത്തി മുന്നോട്ടുള്ള രൂപതയുടെ പ്രയാണത്തെപ്പറ്റി ക്രിയാത്മകമായി ചർച്ച ചെയ്യാൻ ഈ ഒത്തുവാസം ഉപകരിക്കുകയുണ്ടായി.



2004 ജൂൺ 17-ന് തിരുവനന്തപുരം രൂപതയെ അതിരൂപതയായി ഉയർത്തുകയും നെയ്യാറ്റിൻകര, കൊല്ലം, പുനലൂർ, ആലപ്പുഴ രൂപതകളെ സാമന്ത രൂപതകളായി നിശ്ചയിക്കുകയും ചെയ്തു. 2012 മേയ് 20 മുതൽ 25 വരെ നടന്ന അതിരൂപതാ സിനഡ് ''നവ സുവിശേഷവല്ക്കരണം തിരുവനന്തപുരം അതിരൂപതയുടെ ഇന്നത്തെ സാഹചര്യത്തിൽ'' എന്ന വിഷയമായിരുന്ന ചർച്ച ചെയ്തത്. അജപാലനം, വിദ്യാഭ്യാസം, സാമൂഹ്യം, അല്മായർ, പ്രേഷിതപ്രവർത്തനം എന്നീ തലങ്ങളിൽ രൂപതയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ കർമ്മപരിപാടികൾക്ക് രൂപം നല്കാൻ അതിരൂപതാ സിനഡിന് കഴിഞ്ഞു. 2016 ഫെബ്രുവരി രണ്ടിന് തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി ഡോ. ക്രിസ്തുദാസ് രാജപ്പൻ നിയമിതനായി. 2016 ഏപ്രിൽ 3-ാം തീയതി മെത്രാഭിഷേക കർമം വെട്ടുകാട് പള്ളി അങ്കണത്തിൽവച്ച് നടന്നു.

കേരളത്തിലെ ലത്തീൻ സഭാസമൂഹം കാലഘട്ടത്തിന്റെ വെല്ലുവിളികളെയും സാധ്യതകളെയും അഭിമുഖീകരിച്ച് മുന്നേറുന്നതിന് രൂപം നല്കിയ കെ.ആർ.എൽ.സി.സി.യുടെ വളർച്ചക്ക് അഭിവന്ദ്യ സൂസപാക്യം പിതാവും തിരുവനന്തപുരം അതിരൂപതയും നല്കിയ നേതൃത്വം എന്നുമെന്നും സ്മരിക്കപ്പെടേണ്ടതുണ്ട്. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സമൂഹം സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്കാരിക തൊഴിൽ മേഖലകളിൽ മുന്നേറുന്നതിനാവശ്യമായ സംവിധാനങ്ങൾക്ക് രൂപം നല്കാനും സമുദായത്തിന്റെ അവകാശങ്ങൾക്കായി പോരാടാനുമുള്ള ശക്തമായ ഒരു പ്രസ്ഥാനമായി രൂപപ്പെടാൻ ഇക്കാലയളവിൽ ഈ സംഘടനക്കായിട്ടുണ്ട്. ഇതോടൊപ്പംതന്നെ അല്മായ പ്രസ്ഥാനങ്ങളായ KLCA, KLCWA, DCMS, LCYM തുടങ്ങിയ അൽമായ സംഘടനകൾ പ്രവർത്തനനിരതമാകുന്നതും ഈ കാലഘട്ടത്തിലാണ്.

ലത്തീൻകാർക്ക് ജസ്റ്റിസ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ നിർദ്ദേശിക്കപ്പെട്ട 'സ്പെഷ്യൽ റിക്രൂട്ട്മെന്റ്'' നടപ്പിലാക്കണമെന്ന മെന്നാവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരങ്ങളിലും പിന്നാക്ക ദളിത് ആദിവാസികളുടെ അവകാശങ്ങൾക്കുവേണ്ടി രാജ്യത്ത് നടന്ന പൊതുപ്രക്ഷോഭങ്ങളിലും ഐക്യദാർഢ്യവും പിന്തുണയുമായി സൂസപാക്യം പിതാവും തിരുവനന്തപുരം അതിരൂപതയും എക്കാലവും നിലകൊണ്ട എന്നത് ശ്രദ്ധേയമായ വസ്തുതയാണ്.

മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടങ്ങളിലും അവരുടെ തൊഴിലിനെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളിലും നിരന്തരമായി ഇടപെടാനും പ്രതിസന്ധിഘട്ടങ്ങളിലും സംഘർഷഭരിതമായ അന്തരീക്ഷത്തിലും ക്രിയാത്മകമായ ഇടപെടലുകൾ നടത്താനും രൂപതാ നേതൃത്വം ശ്രദ്ധിച്ചിരുന്നു എന്നത് വസ്തുതയത്രെ. പ്രത്യേകിച്ച് കോസ്റ്റൽ ഏജൻസി ഫോർ ഡവലപ്മെന്റ് ആന്റ് ലിബറേഷൻ (CADAL) എന്ന സംഘടനയുടെ രൂപീകരണത്തോടെ തീരദേശത്തെ പ്രശ്നങ്ങളിൽ സമയോചിതമായ ഇടപെടലുകൾ നടന്നുവരുന്നു. 2004 ഡിസംബർ 26-ന് തീരദേശത്തെ നടുക്കിയ സുനാമിയും 2017 നവംബർ 29,30 തീയതികളിൽ ആഞ്ഞുവീശിയ ഓഖിയും നമ്മുടെ തീരങ്ങളെ ഭീതിപ്പെടുത്തുകയും ജനങ്ങളുടെ ജീവനും ജീവനോപാധികൾക്കും വമ്പിച്ച നാശം വരുത്തിവയ്ക്കുകയും കടലിന്റെ ആവാസവ്യവസ്ഥയെ തകിടം മറിക്കുകയും ചെയ്തു. തീരദേശജനതയെ ദുരിതത്തിലാക്കിയ ഈ മഹാദുരന്തങ്ങളിൽ രൂപതയും രൂപതാ സംവിധാനങ്ങളും ജനങ്ങളോടൊപ്പം നിലകൊണ്ടു.

2018 ആഗസ്റ്റ് 8 മുതൽ 19 വരെ മധ്യകേരളത്തിലെ ജില്ലകളിലുണ്ടായ വൻ പ്രളയം ജനജീവിതത്തെ താറുമാറാക്കി. ഈ സന്ദർഭത്തിൽ തിരുവനന്തപുരം തീരത്തെ മത്സ്യത്തൊഴിലാളികൾ ബോട്ടുകളുമായി അവിടേയ്ക്ക് കടന്നുചെന്ന് അനേകം ജീവനുകളെ രക്ഷപ്പെടുത്തി. മത്സ്യത്തൊഴിലാളികളെ അന്നത്തെ കേരള മുഖ്യമന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ചത് കേരളത്തിന്റെ സ്വന്തം സൈന്യമെന്നത്രെ. ഈ കാലയളവിൽ തീരത്ത് സംഭവിച്ച കടലാക്രമണങ്ങൾ, തീരശോഷണം, തൊഴിൽ നഷ്ടം, മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ അശാസ്ത്രീയ നിർമാണംവഴി നിരവധി മത്സ്യത്തൊഴിലാളികൾ അപകടമരണത്തിന് ഇരയായ സംഭവങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധമായ നടപടികൾ എന്നിവയ്ക്ക് നേരെ ശബ്ദമുയർത്താനും പ്രതിഷേധം രേഖപ്പെടുത്താനും ആശ്വാസ നടപടികൾ സ്വീകരിക്കാനും രൂപതാധ്യക്ഷനും രൂപതയിലെ സാമൂഹ്യ ശ്രുശ്രൂഷാ സമിതിയുടെയും മറ്റ് അല്മായ പ്രസ്ഥാനങ്ങളുടെയും നേതൃത്വത്തിൽ കാര്യമായ ശ്രമങ്ങൾ നടത്തിയിരുന്നുവെന്നതാണ് വസ്തുത.

തലസ്ഥാന നഗരത്തിലെ സാമൂഹിക - സാംസ്കാരിക കൂട്ടായ്മകളിൽ സൂസപാക്യം പിതാവിന്റെ സാന്നിധ്യം ശ്രദ്ധേയമായിരുന്നു. കേരളത്തിന്റെ മതസൗഹാർദ്ദവും സാഹോദര്യവും നിലനിർത്താൻവേണ്ടി ആരംഭിച്ച 'ശാന്തി സമിതി'എന്ന പ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിലകൊണ്ട സൂസപാക്യം പിതാവിന്റെ സാന്നിധ്യം ഏവരും വിലമതിച്ചിരുന്നു. 'മതേതരത്വത്തിന്റെയും മനുഷ്യനന്മയുടെയും തിളങ്ങുന്ന മുഖ'മായാണ് മുൻ നിയമസഭാ സ്പീക്കർ വി.എം. സുധീരൻ, സൂസപാക്യം പിതാവിനെ വിശേഷിപ്പിച്ചത്. സൂസപാക്യം പിതാവിന്റെ സമർത്ഥമായ നേതൃത്വത്തിൻകീഴിൽ മൂന്ന് ദശകങ്ങളിലായി തിരുവനന്തപുരം രൂപത മുന്നേറുകയായിരുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിന് ശക്തമായ സാക്ഷ്യംനല്കുന്ന തിളക്കമുള്ള സഭാസമൂഹമായി തിരുവനന്തപുരം രൂപതയാകുന്ന പ്രാദേശിക സഭയെ അദ്ദേഹം നയിച്ചു.

തിരുവനന്തപുരം അതിരൂപതയ്ക്ക് പുതിയ ഇടയൻ

സൂസപാക്യം പിതാവിന്റെ പിൻഗാമിയായി ഈ അതിരൂപതയിലെ പുതിയതുറ ഇടവകാംഗമായ റവ. ഡോ. തോമസ് നെറ്റോ 2022 മാർച്ച് മാസം 19-ാം തീയതി ചുമതലയേറ്റു. ദീർഘനാളായി തീരദേശത്തെ ജനങ്ങൾ അനുഭവിച്ചുവന്നിരുന്ന ദുരിതങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന തീരശോഷണവും വിഴിഞ്ഞം തുറമുഖ നിർമാണംമൂലം മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിച്ചുകൊണ്ടിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടിയുള്ള പ്രക്ഷോഭസമരങ്ങൾ ഇക്കാലയളവിൽ നടന്നു. വിഴിഞ്ഞം സമരം അതിന്റെ പൂർണമായ അർഥത്തിൽ ലക്ഷ്യം കൈവരിക്കാനായില്ലെങ്കിലും അന്താരാഷ്ട്രതലത്തിൽതന്നെ വിഴിഞ്ഞം പ്രതിഷേധസമരം ശ്രദ്ധിക്കപ്പെട്ടു. ബ്ലൂ ഇക്കോണമി നടപ്പിലാവുന്നതോടുകൂടി മത്സ്യബന്ധന മേഖലയിൽ സംഭവിക്കാൻപോകുന്ന വിപത്തുകളും തീരദേശ ഹൈവേമൂലം ഭൂമിയും കിടപ്പാടവും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ആശങ്കകളും മുതലപ്പൊഴിയിൽ തുടർച്ചയായി സംഭവിക്കുന്ന അപകടമരണങ്ങളും ബീച്ച് ടൂറിസത്തിന്റെപേരിൽ നടക്കുന്ന തീരഭൂമി കയ്യേറ്റവുമെല്ലാം ഈ കാലയളവിൽ സജീവമായി ഉയർന്നുവരുന്നു; രൂപതാമക്കൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും വെല്ലുവിളികളുമാണ്. ഈ ദശാസന്ധിയിൽ മത്സ്യത്തൊഴിലാളി സംഘടനകളുടെ ശാക്തീകരണത്തിലൂടെയും ഫലപ്രദമായ രാഷ്ട്രീയ ഇടപെടലുകളിലൂടെയുമുള്ള പരിഹാരശ്രമങ്ങളാണ് രൂപതാധ്യക്ഷന്റെ ഭാഗത്ത് നിന്നുണ്ടാകുന്നത്. കൂടാതെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പുകളിൽ സമുദായംഗങ്ങളായ നിരവധിപേരെ മത്സരരംഗത്ത് അണിനിരത്തുകയും ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭയിലെ വിവിധ വാർഡുകളിലെയും പ്രതിനിധികളായി നിരവധി സമുദായാംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുകയുമുണ്ടായി. ഭരണനിർവഹണത്തിലും ധനവിനിയോഗത്തിലും തദ്ദേശസ്വയംഭരണസഭകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് നിർണായകമായ പങ്കുവഹിക്കാനും തീരദേശമേഖലയുടെ പുരോഗതി കൈവരിക്കുവാനും ഈ പ്രാതിനിധ്യംവഴി സാധ്യമാകുമെന്ന് പ്രതീക്ഷിക്കാം.



ദൈവരാജ്യനിർമിതിക്കായി കഴിഞ്ഞ 9 ദശാബ്ദക്കാലത്തോളം ഇടയന്മാരും പുരോഹിതരും സന്യസ്തരും അൽമായരും ഒന്നുചേർന്ന് അധ്വാനിക്കുകയായിരുന്നു. ദൈവരാജ്യനിർമിതിയുടെ പൂർണത യുഗാന്ത്യോന്മുഖ ലക്ഷ്യമാണ്. ആ ലക്ഷ്യത്തിലെത്തിച്ചേരുന്നതിന് 90 വർഷങ്ങളിൽ തിരുവനന്തപുരം അതിരൂപത നടത്തിയ കഠിനാധ്വാനത്തിന്റെ ഫലപ്രാപ്തിയെപ്പറ്റിയുള്ള വിലയിരുത്തൽ നവതിയിലേയ്ക്ക് പ്രവേശിക്കുന്ന രൂപത നടത്തുമെന്ന് പ്രതീക്ഷിക്കാം. സഭാചരിത്രത്താളിൽ തിരുവനന്തപുരം രൂപതയുടെ ഏടുകൾക്ക് അതീവ പ്രാധാന്യമുണ്ട്. ഒന്നുമില്ലായ്മയിൽനിന്ന് തുടങ്ങി ഇന്നുകാണുന്ന ഭൗതിക സംവിധാനങ്ങളും ഘടനകളും വിവിധ ശ്രുശ്രൂഷകളുടെ വൈവിധ്യപൂർണമായ പ്രവർത്തനങ്ങളും പൂർവസൂരികളുടെ ത്യാഗത്തിന്റെ ബലിക്കല്ലിൽ വിടർന്ന പുഷ്പങ്ങളത്രെ.

•

•ടാക്കീസ് •സുനിൽ സി. ഇ.



മാതൃത്വം
എന്ന തുഴഞ്ഞാൽ നീങ്ങാത്ത തോണി!
(ബാലൻ എന്ന സിനിമയുടെ വായന)

സമൂഹം എന്ന ശല്യക്കാരനുമുന്നിൽനിന്നും തന്റെ പുത്രനെ രക്ഷിച്ചുനിർത്തുകയെന്നത് അമ്മ ഏറ്റെടുക്കുന്ന വെല്ലുവിളിയാണിവിടെ. സമൂഹം കൃത്രിമത സൃഷ്ടിച്ച് നിഷിദ്ധമാക്കിയതിനെ പുണർന്നുപുല്കാനുള്ള ത്വര ഏതു പുത്രനെയും കാത്തിരിക്കുന്നുവെന്ന് ബാലൻ വിദഗ്ധമായി പ്രതിപാദിക്കുന്നു.

ധാരാളം കതകുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യപ്പെടുന്ന ഒരു ആത്മനിത്യബന്ധമാണ് മാതൃ - പുത്രബന്ധമെന്നത്. ഒരു കതകടച്ചാൽ അഥവാ ഏത് കതക് തുറന്നാൽ അവർക്കുള്ളിലെ സ്നേഹത്തിന്റെ അളവ് കണ്ടുപിടിക്കാൻ പറ്റും എന്നന്വേഷിക്കുക പ്രധാനമാണ്. ഗർഭപ്പേടിയുള്ള (Tokophobia) സ്ത്രീയുടെ മനോനിലകളെ വികിരണപ്പെടുത്തിയ Sara's എന്ന സിനിമയെ കയ്യടിച്ചു സ്വീകരിച്ചവരാണ് മലാളികൾ. അതിൽ പ്രസവം എന്ന തിരഞ്ഞെടുപ്പ് സ്ത്രീയുടെ ഒരുപാട് ചോയ്സുകളിൽ ഒന്നിൽപ്പെടുത്തിയാണ് ചിത്രീകരിക്കുന്നത്. ഇത് സ്ത്രീയുടെ പരിണാമ സംഗ്രഹമാണ്. ഇപ്പോഴും മലയാളി പ്രേഷകനു മുമ്പിൽ ഒരു കാല്പനിക അമ്മയുണ്ട്. അത് സ്നേഹത്തിന്റെ കരിക്കുലമാണ്, കരിക്കലവും. ബന്ധങ്ങളിലെ ഊഷ്മളത ഊർജം നിറയ്ക്കുന്ന തലച്ചോർ വയറിങ്ങാണ് മാതൃ-പുത്രബന്ധമെന്ന് സ്ഥാപിക്കുന്ന ഒരു സിനിമയാണ് ചിദംബരം സംവിധാനം ചെയ്ത "ബാലൻ: ദ ബോയ്." ഒരു അമ്മയും മകനും തമ്മിലുള്ള വൈകാരിക ബന്ധവും അവരുടെ യാത്രകളുമാണ് സിനിമയുടെ കേന്ദ്രപ്രമേയം. അത് നിത്യസങ്കീർണതകളുടെ പുതിയൊരു ആഖ്യാന ലോകത്തേക്കാണ് ബാലൻ നമ്മെ കൊണ്ടെത്തിക്കുന്നത്: മാതൃത്വം എന്ന തുഴഞ്ഞാൽ നീങ്ങാത്ത തോണിയുടെ പലതരം പരിണാമങ്ങളെയാണ് ബാലൻ ചൂണ്ടിക്കാട്ടുന്നത്. പരിപാലന നാളുകളിൽ ദൃഢീകരിക്കപ്പെട്ട അമ്മബന്ധം നിതാന്ത ഓർമയായി മനുഷ്യരിൽ കുടികൊള്ളും. തിരിച്ച് ഗർഭപാത്രത്തിൽ കയറി സുഷുപ്തിയിലാകുന്നത് കാല്പനിക കാവ്യങ്ങളിൽ കടന്നുവരുന്നത് സ്വപ്നസാഫല്യസമമാണ്. പ്രായപൂർത്തിയായിക്കഴിഞ്ഞാൽ വേറിട്ടുപോയി ഉണ്ടാക്കുന്ന എല്ലാ ബന്ധങ്ങളും താത്ക്കാലികമാണെന്നും അത് മാറപ്പെടുന്നതാണെന്നും ബിഹേവിയർ സയിന്റിസ്റ്റായ ജെയ്ൻ ഗ്രഡാൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. അമ്മുടെ ഹൃദയം ഒരു ചെറിയ അറയല്ല. അതിൽ നിത്യം പറ്റിത്തൂങ്ങാൻ പ്രേരിപ്പിക്കുന്നത് നിത്യാനന്ദ നിർവാണപ്രസാരിണിയായ ഒരു മാതൃവാത്സല്യം അവർ പ്രക്ഷോപണം ചെയ്യുന്നതുകൊണ്ടാണ്. ഇത്തരം ഒരു അമ്മയിൽനിന്ന് മകന് ലഭിക്കുന്ന സൗകര്യലാഭങ്ങളെക്കുറിച്ചാണ് ബാലൻ പറയാൻ ശ്രമിക്കുന്നത്. മെച്ചപ്പെട്ട ജനിതക ഘടകങ്ങൾ അടുത്ത തലമുറയ്ക്ക കൈമാറുക എന്ന ലളിത കർത്തവ്യമല്ല ഇവിടെ മാതൃത്വം. മറിച്ച് അതിജീവനത്തിനുവേണ്ടി നിജപ്പെടുത്തിയിട്ടുള്ള ഘടനാവിന്യാസങ്ങളുടെ ഒരു പ്രധാനകണ്ണിയാവുക എന്ന പ്രധാനപ്പെട്ട വൈകാരിക ചുമതലയാണ് മാതൃത്വം. സ്വന്തം ജനിതകവസ്തു ശാശ്വതീകരിക്കാനുള്ള തത്രപ്പാടിന്റെ ഭാഗമായിട്ട് പക്ഷേ ഈ പരിണാമത്തെ കണ്ടുകൂടാ. മകൻ അമ്മത്വം എന്ന കുത്തക ഏറ്റുവാങ്ങുന്നത് മാതൃത്വത്തിന്റെ നിർവചനം ഇടുങ്ങിയതല്ല എന്നു ചിത്രീകരിക്കാനാണ്.

സമൂഹം എന്ന ശല്യക്കാർ

ഒരു അമ്മ തന്റെ ഫിസിയോളജി രൂപീകരിക്കുമ്പോൾ ചില കാഴ്ചപ്പാടുകളും ഉത്തരവാദിത്തങ്ങളും ഒപ്പം തുന്നിവയ്ക്കപ്പെടുന്നുണ്ട്. അത് തന്റെ പുത്രനെ പരിണാമബോധത്തോടെ സമൂഹം എന്ന പ്രൈമിസിന് യോജിക്കുംവിധം രൂപകല്പന ചെയ്യുക എന്ന കടമയാണ്. ഏതാണ്ടിതുപോലൊരു യാഥാർഥ്യത്തെയാണ് ചിദംബരം ബാലനിൽ ആർജവത്തോടെ തെളിയിച്ചെടുക്കുന്നത്. സമൂഹം എന്ന ശല്യക്കാരനുമുന്നിൽനിന്നും തന്റെ പുത്രനെ രക്ഷിച്ചുനിർത്തുകയെന്നത് അമ്മ ഏറ്റെടുക്കുന്ന വെല്ലുവിളിയാണിവിടെ. സമൂഹം കൃത്രിമത സൃഷ്ടിച്ച് നിഷിദ്ധമാക്കിയതിനെ പുണർന്നുപുല്കാനുള്ള ത്വര ഏതു പുത്രനെയും കാത്തിരിക്കുന്നുവെന്ന് ബാലൻ വിദഗ്ധമായി പ്രതിപാദിക്കുന്നു.

ബാലനിലെ അമ്മയും മകനും എപ്പോഴും മേൽവിലാസം മാറ്റിക്കൊണ്ടിരിക്കുന്ന രണ്ടുപേരാണ്. നമ്മുടെ ഭാഷയിൽ പറഞ്ഞാൽ വ്യാജവ്യക്തിത്വം ആർജിച്ചെടുത്തവർ. തന്റെ മകൻ മൃഗീയവാസനകളിൽ കുരുങ്ങിപ്പോകാതിരിക്കാൻ നിരന്തരം നാട് മാറി ജീവിക്കുന്നവർ. സമൂഹം എന്ന ശല്യക്കാർ ഒരുപക്ഷേ തന്റെ പുത്രനെ നാടിന് കൊള്ളാത്തവനാക്കിയേക്കാം എന്ന ഫോബിയ ഈ അമ്മയിൽ പ്രബലമായി പ്രവർത്തിക്കുന്നുണ്ട്. ഒരേ ലൂപ്പിൽ തുടരുന്ന ഈ ജീവിതത്തിനിടയിൽവ



ച്ച് അമ്മയുടെ വിരൽത്തുമ്പിൽനിന്നും ആ കുഞ്ഞുകൈ ഊർന്നുമാറുകയാണ്. പിന്നീട് അവരുടെ സഞ്ചാരം പലവഴി മാറുകയാണ്. ജിത്തു മാധവന്റെ ഈ വൈകാരിക എഴുത്തിനെ അതർഹിക്കുന്ന വൈകാരിക ഭാവങ്ങളോടെയാണ് ചിദംബരം സ്ക്രീൻ സ്പേസിലേക്കെത്തിച്ചത്. പലപേരിൽ, പല അനുഭവസന്ദർഭങ്ങളിൽ ജീവിക്കുകയാണ് ഈ അമ്മയും മകനും. തന്റെ കൈവിട്ടുപോയ മകൻ പലവഴി അലയുന്നു. എത്ര വൈകിയാലും അവൻ എവിടെയാണുള്ളത് അവിടെ അവനുവേണ്ടി താനെത്തുമെന്ന ദൃഢബോധത്തിൽ അമ്മയും അലയുകയാണ്. ഒരിക്കലും അവന് അമ്മയുള്ള സ്ഥലത്ത് എത്തിച്ചേരാൻ സാധിക്കുന്നില്ല. അതിനിടയിൽ അവൻ പുതുതായി ഒരു ജീവിതം ജീവിക്കുന്നു. താൻ എന്തായി തീരരുതെന്ന് അമ്മ ആഗ്രഹിച്ചുവോ അതെല്ലാം അവൻ ജീവിച്ചുതീർക്കുന്നു. ഒടുവിൽ തന്റെ അമ്മയെ തിരികെ കിട്ടാൻവേണ്ടി അവൻ നടത്തുന്ന ക്ലൈമാക്സ് യാത്രയുടെ ദൃശ്യവിരുന്നാണ് 'ബാലൻ: ദ ബോയ്' എന്ന സിനിമയുടെ പ്രമേയച്ചരുക്കം. പുതിയ മാതൃത്വത്തെ പഴകിദ്രവിച്ച ജൈവചിത്രമായി കാണുന്നവർക്കുള്ള ഉപപാഠപുസ്തകമാണ് ബാലൻ. സമൂഹം എന്ന ശല്യക്കാർ തുഴഞ്ഞാൽ നീങ്ങാത്ത തോണിയാക്കി മാതൃ-പുത്ര ബന്ധത്തെ മാറ്റിയേക്കാം.

വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2026 ആഗസ്റ്റ് മാസത്തെ ഉപയോഗത്തിനായ് അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്



തയ്യാറാക്കിയത്:
ഫാ. സനീഷ്
(എക്സിക്യൂട്ടീവ് സെക്രട്ടറി,
ബിസിസി കമ്മിഷൻ)

''പ്രിയദർശിനിയും കിണറ്റിൻ കരയിലെ സമരിയാക്കാരിയും''

1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം

2. ആമുഖം

നമ്മുടെ മാതൃരാജ്യമായ ഭാരതത്തിന് സ്വാതന്ത്ര്യത്തിന്റെ മാധുര്യം നുകരുവാനുള്ള അവകാശവും അവസരവും ത്യാഗപൂർവമായ സമർപ്പണത്തിലൂടെ നേടിയെടുത്തതിന്റെ 79-ാം വാർഷികം ആഘോഷിക്കുകയാണല്ലോ നാം. എല്ലാ സ്വാതന്ത്ര്യദിന വാർഷികത്തിലും പലവേദികളിൽ നേതാക്കന്മാരും, നമ്മുടെ പള്ളികളിൽ വൈദികരും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്, "നാം യഥാർഥത്തിൽ ഇന്ന് സ്വതന്ത്രരാണോ?" കേട്ടുകേട്ട് തഴമ്പിച്ച ചോദ്യമാണെങ്കിലും ഈ 79-ാം വാർഷികത്തിലും അത് ആവർത്തിക്കുന്നതിൽ ഒരു മടിയും തോന്നുന്നില്ല. കാരണം നാം/നമ്മുടെ സമൂഹം ഇന്നും പലതരത്തിലും, പലതട്ടിലും സ്വാതന്ത്ര്യം ലവലേശം അനുഭവിക്കുന്നില്ല, പ്രത്യേകമായി സ്ത്രീകളും കുട്ടികളും. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ ധാരാളം നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും പലപ്പോഴും അവ പേപ്പറിൽമാത്രം നിലനിൽക്കുന്ന സുരക്ഷിതത്വമായി മാറുന്നു. ഏറ്റവും ഒടുവിൽ കേരള സർക്കാർ സ്ത്രീ സ്വാതന്ത്ര്യത്തിനും സ്ത്രീകളെ പ്രത്യേകം പരിഗണിക്കുന്നതിനും വേണ്ടി സജ്ജമാക്കിയ 'പ്രിയദർശിനി' എന്ന സംവിധാനവും കൊച്ചുജീവിതങ്ങളെ ലഹരിയുടെ പിടിയിൽ നിന്നും വിമുക്തമാക്കുവാൻ കൊണ്ടുവന്ന 'ഓപ്പറേഷൻ' എന്ന സംവിധാനവും പ്രത്യേകം ഓർക്കേണ്ട കാര്യമുണ്ട്. ഏറെ സന്തോഷത്തോടുകൂടെ പ്രിയദർശിനിയിൽ യാത്രചെയ്യ എന്ന് പറയുന്ന സ്ത്രീകളെയും ചില സന്യസ്തരെയും നേരിട്ട് കാണാൻ കഴിഞ്ഞപ്പോൾ ഒരു ചെറിയ തോതിലെങ്കിലും അവർക്ക് സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുന്നു എന്ന് തോന്നി. നമ്മുടെ കുടുംബ കൂട്ടായ്മകളും നമ്മുടെ പ്രാർഥനകളും, സ്ത്രീകളും കുട്ടികളും സുരക്ഷിതരായി ജീവിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥിതിക്ക് അടിത്തറയിടുന്ന ഇടങ്ങളായി മാറണം. നമ്മുടെ ഇടവക കുടുംബവും നാം ജീവിക്കുന്ന നമ്മുടെ ഓരോരുത്തരുടെയും കുടുംബങ്ങളും സ്ത്രീസുരക്ഷയും കുട്ടികൾക്കുള്ള സംരക്ഷണവും അവരുടെ അവകാശങ്ങൾ ഹനിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്ന സാഹചര്യങ്ങളിലേക്ക് ഇനിയും വളരേണ്ടിയിരിക്കുന്നില്ലേ? ഈയൊരു വീണ്ടുവിചാരത്തോടുകൂടെ നമുക്ക് ഈ മാസത്തെ പ്രാർഥന കൂട്ടായ്മ ആരംഭിക്കാം. ആരുടെയും സ്വാതന്ത്ര്യം ഹനിക്കാതെ സ്വാതന്ത്ര്യത്തിന്റെ മാധുര്യം ആസ്വദിച്ച് ജീവിക്കുവാൻ നമുക്കെല്ലാവർക്കും കഴിയട്ടെ എന്ന് പ്രാർഥിക്കാം.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം:
യോഹന്നാൻ 4:5-15

5. വചനഭാഗം പങ്കുവയ്ക്കൽ

6. നിശ്ശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ

8. വചനവിചിന്തനം

സ്ത്രീകളുടെ വിമോചനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഒരിക്കലും മറക്കുവാൻ കഴിയാത്ത ഒരു അധ്യായം യേശുനാഥൻ സമരിയാക്കാരിയെ കിണറ്റിൻകരയിൽ കണ്ടുമുട്ടുന്ന രംഗമാണ്. സമരിയാക്കാരിയുടെ അനുഭവവും പ്രിയദർശിനി പദ്ധതിയും പലയിടങ്ങളിലും ബന്ധപ്പെട്ട് കിടക്കുന്നു. സൗജന്യ ബസ് യാത്രാ പദ്ധതി ഒരു പരിധിവരെ സ്ത്രീകൾക്ക് സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കുന്നു. സാമ്പത്തികമായ അവരുടെ





ബുദ്ധിമുട്ടുകൾ കാരണം യാത്രകൾ വേണ്ട എന്നുവയ്ക്കുന്ന ഒരു സ്ഥിതി ഇല്ലാതാകുന്നു. തിരക്കുള്ള ബസ്സുകളിൽ ശാരീരികമായി അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഭയന്ന് യാത്ര ചെയ്യുന്ന അവസ്ഥയിൽ നിന്ന് സ്വാതന്ത്ര്യത്തോടും സമാധാനത്തോടുംകൂടി യാത്രചെയ്യാൻ സാധിക്കുന്ന ഒരവസ്ഥ സംജാതമാകുന്നു. ഒരർത്ഥത്തിൽ യേശുനാഥൻ സമരിയാക്കാരിക്ക് സമ്മാനിച്ച വിമോചനത്തിന്റെ ഒരു ചെറിയ പങ്കാണ് പ്രിയദർശിനി സൗജന്യ ബസ് യാത്രാ പദ്ധതിയിലൂടെ സ്ത്രീകൾക്ക് ഇന്ന് കേരള സർക്കാരും നൽകാൻ ശ്രമിക്കുന്നത്. സമരിയാക്കാരി സ്ത്രീക്ക് എല്ലാത്തരത്തിലും സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. 1) പൊതുവേദികളിൽ, പൊതുവഴികളിൽ, എല്ലാവരും ഉള്ള സമയത്ത് വരാൻ അവകാശം ഇല്ലാത്തവൾ. അതായത് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവൾ. 2) പൊതുവേദിയിൽ ഒരാളോടും സംസാരിക്കുവാൻ അവൾക്ക് അനുവാദം ഉണ്ടായിരുന്നില്ല. അതായത് സാമൂഹിക ബന്ധങ്ങളിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവൾ. 3) ഭയത്തോടുകൂടിയല്ലാതെ അവൾ വീടിനു പുറത്തേക്ക് വന്നിരുന്നില്ല. മാനസികമായും സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവൾ. അതുകൊണ്ടാണ് ആരും ഇല്ല എന്നും ആരും തന്നെ കാണില്ല എന്നും ഉറപ്പുവരുത്തിയശേഷം, നട്ടുച്ചയ്ക്ക് അവൾ കിണറിന്റെ കരയിലേക്ക് വരുന്നത്. യഥാർഥ സ്വാതന്ത്ര്യം ക്രിസ്തു നൽകുന്നതാണെന്ന് സമരിയാക്കാരി തിരിച്ചറിയുന്നു. ആ തിരിച്ചറിവിൽനിന്ന് അവളിലൂടെ ഒരു സമൂഹം മുഴുവനും ക്രിസ്തുവിന്റെ സ്വാതന്ത്ര്യത്തിലേക്ക് നടന്നടുക്കുന്നതാണ് നാം വചനത്തിൽ കാണുന്നത്. നമുക്കും സ്ത്രീ ജനങ്ങളുടെ സംരക്ഷണത്തിനും ശാക്തീകരണത്തിനുമായി എപ്പോഴും പ്രതിജ്ഞാബദ്ധരാകാം. അങ്ങനെ സമൂഹം മുഴുവന്റെയും നവീകരണത്തിന് അത് വഴി തുറക്കട്ടെ.

(ഈ ആശയങ്ങളുടെ സഹായത്തോടെ ബി.സി.സി യോഗത്തിൽ വിചിന്തനം ചെയ്യാവുന്നതാണ്. വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

» നമ്മുടെ കുടുംബങ്ങളിൽ സ്ത്രീകൾ യഥാർഥത്തിൽ സുരക്ഷിതരാണോ?

» സുരക്ഷിതരല്ലെങ്കിൽ, സുരക്ഷ ഉറപ്പുവരുത്തുവാൻ നമുക്ക് ഇടവകയിൽ എന്തൊക്കെ ചെയ്യാൻ കഴിയും?

9. ദൗത്യമേറ്റെടുക്കൽ

10. സ്വയം പ്രേരിതപ്രാർഥന

11. കർതൃപ്രാർഥന

12. സമാപനപ്രാർഥന

രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)

2. വരവ് ചെലവ് അവതരണം;

3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം

(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)

4. ചർച്ചയും പങ്കുവയ്ക്കലും;

5. ഹാജർ

6. രഹസ്യപ്പിരിവ്

7. അറിയിപ്പുകൾ

8. നന്ദി

9. സമാപനഗീതം

വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ 'സാറ്റലൈറ്റ് സെന്റർ' സ്ഥാപിക്കും; ധാരണാപത്രം ഒപ്പുവെച്ചു



കഴക്കൂട്ടം: എഞ്ചിനീയറിംഗ് കോളേജും തിരുവനന്തപുരം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (TrEST) റിസർച്ച് പാർക്കും മരിയൻ ധാരണാപത്രം (MoU) ഒപ്പുവെച്ചു. മരിയൻ കോളേജിൽ 'TrEST സാറ്റലൈറ്റ് സെന്റർ' സ്ഥാപിക്കുന്നതിനാണ് കരാർ. വിദ്യാർഥികൾക്കും അധ്യാപകർക്കും ഇടയിൽ ഗവേഷണം, നൈപുണ്യ വികസനം, സ്റ്റാർട്ടപ്പ് സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. ഈ കേന്ദ്രം വിദ്യാർഥികൾക്ക് വ്യവസായ മേഖലയുമായുള്ള സമ്പർക്കവും ഇന്റേൺഷിപ്പ് അവസരങ്ങളും ഒരുക്കും. മരിയൻ കോളേജ് മാനേജർ റവ. ഡോ. എ. ആർ. ജോൺ, TrEST സി.ഇ.ഒ ഡോ. രാജശ്രീ എം. എസ്, പ്രിൻസിപ്പൽ ഡോ. അജിത് പ്രഭ വി, ബർസാർ ഫാ. സിബിൻ ജി, ഡീൻ ഡോ. സാംസൺ എ, സി.എസ്.ഇ വിഭാഗം മേധാവി ഡോ. ശ്രീലക്ഷ്മി ആർ എന്നിവരുടെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്. അക്കാദമിക പഠനവും പ്രായോഗിക വ്യവസായ രീതികളും തമ്മിലുള്ള ദൂരം കുറയ്ക്കാൻ ഈ സഹകരണം സഹായിക്കുമെന്ന് അധികൃതർ വ്യക്തമാക്കി.

ആനിമസ്ത്രീൻ ദിനാചരണവും സ്ഥാപക ദിനവും തിരുവനന്തപുരം അതിരൂപത KLCWA ആചരിച്ചു



തിരുവനന്തപുരം: ആനിമസ്ത്രീൻ ദിനാചരണവും സ്ഥാപക ദിനവും തിരുവനന്തപുരം അതിരൂപത KLCWA ആചരിച്ചു. സഹായ മെത്രാൻ ബിഷപ് ഡോ. ക്രിസ്തുദാസിന്റെ നേതൃത്വത്തിൽ ആനി മസ്ത്രീൻ സ്ക്വയറിൽ പുഷ്പാർച്ചന നടത്തി. ഗതാഗത വകുപ്പ് മന്ത്രി ശ്രീ സി പി ജോണും സംസ്ഥാന അതിരൂപത ഭാരവാഹികളും സന്നിഹിതരായിരുന്നു. തുടർന്ന് അതിരൂപത പ്രസിഡൻറ് അയറിൻ ദാസന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജോളി പത്രോസ് ഉദ്ഘാടനം ചെയ്തു. അൽമായ ശുശ്രൂഷ ഡയറക്ടർ ഫാ. ബീഡ് മനോജ് അമാദോ ആമുഖ സന്ദേശവും, അതിരൂപത ശുശ്രൂഷ കോർഡിനേറ്റർ റവ. ഡോ. ലോറൻസ് കലാസ് അനുഗ്രഹ പ്രഭാഷണവും, ഫാദർ വിൽഫ്രഡ് ആശംസപ്രസംഗവും നടത്തി. സംസ്ഥാന പ്രസിഡൻറ് റാണി പ്രദീപ്, സംസ്ഥാന ജനറൽ സെക്രട്ടറി ജാക്വിലിൻ ജോബ്, ഫാ. അലോഷ്യസ്, ഫാ. സെബാസ്റ്റ്യൻ കളമ്പാടൻ, കുന്നുകുഴി വാർഡ് കൗൺസിലർ മേരി പുഷ്പം എന്നിവർ സംസാരിച്ചു.

"ഐക്യത്തിൽ വളരാം, സേവനത്തിൽ ഉയരാം"; KLCA ഐക്യ സംഗമം 2026 തിരുവനന്തപുരത്ത് നടന്നു



വെള്ളയമ്പലം: കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (KLCA) തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ "ഐക്യ സംഗമം 2026" നടന്നു. അതിരൂപതയിലെ 61 ഇടവക KLCA യൂണിറ്റുകളിൽ നിന്നുള്ള നേതാക്കൾ പങ്കെടുത്ത പഠന ശിബിരം ബിഷപ് ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ KLCA ജനറൽ സെക്രട്ടറി സുരേഷ് സേവ്യർ സ്വാഗതം പറഞ്ഞ സമ്മേളനത്തിൽ പ്രസിഡന്റ് സുരേഷ് പീറ്റർ അധ്യക്ഷത വഹിച്ചു. അൽമായ ശുശ്രൂഷ സമിതി ഡയറക്ടർ ഫാ. ബീഡ് മനോജ് ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ തോമസ്, ജനറൽ സെക്രട്ടറി ബിജു ജോസി സംസ്ഥാന വൈസ് പ്രസിഡന്റ് പാടിക്ക് മൈക്കിൾ എന്നിവരെ ചടങ്ങിൽ അനുമോദിച്ചു. സമുദായാംഗങ്ങളെ മുഴുവൻ തൊഴിൽ അഭ്യസ്തരാക്കി മാറ്റുന്നതിനുള്ള കർമപദ്ധതികൾക്ക് രൂപം കൊടുക്കണമെന്ന് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത മോൺ. യൂജിൻ H പെരേര ആഹ്വാനം ചെയ്തു. ആൻറണി ഗ്രേഷ്യസ്, അന്ന റിത്ത, ഹെൻട്രി വിൻസെൻറ്, രാജു തോമസ്, ഫൗസ്റ്റിൻ ജോസഫ്, ഡോ. എബി, പുഷ്പരാജ് , സെൽബോരി, പ്രകാശ്, ഷീൻ, എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.



പരുത്തിയൂർ ഇടവകയിൽ വിദ്യാഭ്യാസ ശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ അവധിക്കാലം അർഥസമൃദ്ധമാക്കിക്കൊണ്ട് 56 ദിവസം നീണ്ടുനിന്ന BONANZA 2026 സമാപിച്ചു. ഈ ദിവസങ്ങളിൽ G. TEC കമ്പ്യൂട്ടർ എഡ്യൂക്കേഷൻ സെന്റർ നയിച്ച ക്ലാസുകൾ, ചിത്രരചന പരിശീലനം, പിയാനോ പരിശീലനം, Spoken English, ശാസ്ത്രീയ സംഗീതം, ക്ലാസിക്കൽ ഡാൻസ്, മുതിർന്നവർക്കുള്ള സൂമ്പാ ഡാൻസ്, അക്ഷരം -അടിസ്ഥാനം പദ്ധതി എന്നിവ നടന്നു.

വിദ്യാഭ്യാസ, പൊതുവിജ്ഞാന അറിവ് വളർത്തുന്ന കനവ്-2K26 സമാപിച്ചു



തിരുവനന്തപുരം: വിദ്യാർഥികളുടെയും യുവജനങ്ങളുടെയും വിദ്യാഭ്യാസ, പൊതുവിജ്ഞാന നിലവാരമുയർത്തി മുഖ്യധാരയിലെത്തിക്കുകയെന്ന ലക്ഷ്യത്തിൽ അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ വിഭാവനം ചെയ്ത നടപ്പിലാക്കുന്ന കനവ്-2K26 സമാപിച്ചു. മെയ് 31-ന് നടന്ന ഇടവകതല ക്വിസ് മത്സരങ്ങളിൽ 1521 പേർ പങ്കെടുത്തു. ഇടവകതല വിജയികൾക്കായി വിവിധ ഫെറോന കേന്ദ്രങ്ങളിൽ ജൂൺ 7 ഞായറാഴ്ച നടന്ന ഫെറോനതല മത്സരങ്ങളിൽ 191 ടീം അംഗങ്ങൾ പങ്കെടുത്തു.

ഫെറോനതലത്തിൽ മൂന്ന് വിഭാഗങ്ങളിലായി മികച്ച പ്രകടനം കാഴ്ചവച്ച രണ്ടുപേരടങ്ങുന്ന ടീമുകളുടെ ഫൈനൽ മത്സരം ജൂൺ 13 ശനിയാഴ്ച സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ നടന്നു. ഇതിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കിയവർക്കുള്ള ക്യാഷ് പ്രൈസും മെഡലുകളും അതിരൂപത സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് സമ്മാനിച്ചു. വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സൈറസ് കളത്തിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവേൽ എന്നിവർ സന്നിഹിതരായിരുന്നു. കനവ്-2K26 കോർ ടീം കോഡിനേറ്റർ ജോയി ജോൺ, അസിസ്റ്റന്റ് കോഡിനേറ്റർ ലിറ്റി ലൂസിയ സൈമൺ, മറ്റ് കോർടീം അംഗങ്ങൾ, ഫെറോന ആനിമേറ്റേഴ്സ് എന്നിവർ വിവിധ തലങ്ങളിലുള്ള ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

തിരുവനന്തപുരം അതിരൂപത KCSL-ന് പുതിയ നേതൃത്വം



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത KCSL ആനിമേറ്റേഴ്സിന്റെ കൂടിവരവ് നടന്നു. വെള്ളയമ്പലം സാമൂഹ്യ ശുശ്രൂഷ ഹാളിൽ നടന്ന സമ്മേളനത്തിൽ ആനിമേറ്റേഴ്സിന്റെ ഉത്തരവാദിത്തത്തെയും കടമകളെയും കുറിച്ച് അതിരൂപത വിദ്യാഭ്യാസ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവൽ ക്ലാസ്സ് നയിച്ചു. തുടർന്ന് 2026 – 27 വർഷത്തേക്കുള്ള അതിരൂപത KCSL ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ്: Lilli (St. Antony's Public School, Valiyathura)

ട്രഷറർ: Reena (OLM, Puthucurichy)

ഓർഗനൈസർ: Sr. Pushpa Puthenveettil (St. Philomena's GHS, Poonthura)

എക്സിക്യൂട്ടീവ് അംഗങ്ങൾ:

LP – Sofi (Leo 13th HSS,Pulluvila)

UP – Jisha Joseph (Pallithura HSS, Pallithura)

HS – Dinesh Nayakam (St. Joseph's HSS, TVPM)

HSS – Mary Kanchana (St. Antony's HSS, Valiyathura)

Nominees: Damiyan, Florence, Mary Rani & Alice

ഭിന്നശേഷി കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു

കോവളം ഫെറോന സാമൂഹ്യശുശ്രൂഷ സമിതിയുടെ നേതൃത്വത്തിൽ ഭിന്നശേഷി കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പൂന്തുറ ഇടവക വികാരി ഫാ. ടോമി ഹാംലറ്റും സഹവികാരി ഫാ. ദീപു ക്രിസ്റ്റഫറും നേതൃത്വം നൽകിയ പരിപാടിയിൽ 30 ഭിന്നശേഷി കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. പാളയം ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിലെ മുതിർന്ന സഹോദരിമാരുടെ കൂട്ടായ്മയുടെയും മേരി മെറ്റിൽഡയുടെയും പിന്തുണയും സഹായവും ലഭിച്ചു. ട്രിവാൻഡ്രം സോഷ്യൽ സർവീസ് ഹെൽത്ത് കോർഡിനേറ്ററും കോവളം റീജിയണൽ ആനിമേറ്റർ ശ്രീമതി തങ്കവും സന്നിഹിതരായിരുന്നു.

മരിയൻ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർഥിനികൾ വികസിപ്പിച്ച സോഫ്റ്റ്വെയർ സ്പെഷ്യൽ സ്കൂളിൽ പ്രവർത്തന സജ്ജമായി



മേനംകുളം: സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുഗമവുമാക്കുക എന്ന ലക്ഷ്യത്തോടെ മരിയൻ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർഥിനികൾ വികസിപ്പിച്ച പ്രത്യേക സോഫ്റ്റ്വെയർ 'തെറാപ്പ് ഇൻക് (TherapInc)' മേനംകുളം സെന്റ് മാർത്താസ് സ്പെഷ്യൽ സ്കൂളിൽ നടപ്പിലാക്കി. സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ച് നടന്ന ചടങ്ങിലാണ് സമഗ്ര സ്പെഷ്യൽ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം സ്കൂൾ അധികൃതർക്ക് കൈമാറിയത്. മരിയൻ എഞ്ചിനീയറിംഗ് കോളേജ് മാനേജർ റവ. ഡോ. എ. ആർ. ജോൺ സോഫ്റ്റ്വെയർ ഔദ്യോഗികമായി സ്കൂൾ അധികൃതർക്ക് സമർപ്പിച്ചു. വിദ്യാർത്ഥികളുടെ അക്കാദമിക് വിവരങ്ങൾ, തെറാപ്പി സംബന്ധമായ രേഖകൾ, ഹാജർ വിവരങ്ങൾ, പുരോഗതി വിലയിരുത്തൽ, ഭരണപരമായ പ്രവർത്തനങ്ങൾ എന്നിവ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിച്ച് സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിരിക്കുന്നത്.



ദൈവിക വെളിപാട് ലഭിക്കാൻ

ആണ്ടുവട്ടം 14-ാം ഞായർ (ജൂലൈ 5)

സഖ. 9:9-10, റോമാ 8:9, 11-13,
മത്താ. 11:25-30

ഫാ. ഡൈസൺ

മനുഷ്യനെ സൃഷ്ടിച്ചതിൽ പരിതപിച്ച ദൈവത്തിന് എന്റെ ഇഹലോക ജീവിതംകൊണ്ട് സന്തോഷം നല്കുന്നതാണ് ഏറ്റവും വലിയ പുണ്യം. കായേൻ ദൈവത്തെ വേദനിപ്പിച്ചപ്പോഴും ആബേൽ ഉള്ളതിൽ നല്ലതിനെ നല്കി ദൈവത്തെ സന്തോഷിപ്പിച്ചു. മോശയുടെ സഹോദരി മിറിയം ദൈവത്തിന് പ്രയാസം നല്കുമ്പോഴും സൗമ്യതയിലൂടെ മോശ ദൈവത്തെ പ്രസാദിപ്പിച്ചു. സർവ ഐശ്വര്യങ്ങളും ലഭിച്ച സോളമൻ ദൈവത്തെ വ്യസനിപ്പിച്ചുവെങ്കിലും ജോബ് തന്റെ വിശ്വസ്തതയിലൂടെ ദൈവത്തെ ആനന്ദിപ്പിച്ചു. ദൈവിക വെളിപാട് ലഭിക്കുകയാണെങ്കിൽ സമൂഹം കൂപ്പയായി കരുതുന്ന എളിയവർക്കും, ഒരു വിലയുമില്ലാത്ത ശിശുക്കൾക്കും ദൈവത്തെ സന്തോഷിപ്പിക്കാനാകുമെന്ന് സുവിശേഷം സാക്ഷിക്കുന്നു. ദൈവിക വെളിപാട് ലഭിക്കണമെങ്കിൽ:

1. ദൈവത്തിന്റെ നുകം വഹിക്കണം

ബൈബിളിൽ നുകം എന്ന വാക്ക് സർവഭാരങ്ങളെയും വിശേഷിപ്പിക്കുന്നു. യേശുവിന്റെ കാലത്ത് തോറയുടെ നുകം (നിയമത്തിന്റെ നുകം) എന്ന പ്രയോഗം റബ്ബിമാർ ധാരാളം ഉപയോഗിച്ചിരുന്നു. ദൈവം നല്കിയ നിയമത്തെ ആനന്ദത്തോടെ പാലിക്കാനാവാത്തവിധം വ്യാഖ്യാനങ്ങളും ഉപവ്യാഖ്യാനങ്ങളും നല്കി സാധാരണ ജീവിതത്തെ ഭാരപ്പെടുത്തി. യഹൂദ ജനത താങ്ങാനാവാത്ത ഭാരമായി കരുതിയ നിയമത്തെ യേശു സ്നേഹമെന്ന അദ്ഭുതത്തിലൂടെ മൃദുവാക്കി, ലളിതമാക്കി. യേശുവിന്റെ നുകമെന്നത് ജീവിതത്തെ രക്ഷയിലേക്ക് നയിക്കുന്ന ആനന്ദമാണ്. ഈ നുകം വഹിക്കുമ്പോൾ ദൈവിക വെളിപാടുകൾ ലഭിക്കുന്നു. യേശുവിന്റെ നുകം വഹിച്ച മശേലനായിലെ മറിയത്തിന് ഉത്ഥിതനായ യേശുവിന്റെ ആദ്യ ദർശനം ലഭിക്കുന്നു.യേശുവിന്റെ നുകത്തിന് വേദനയും ദുഃഖവും സഹനവും ഉണ്ടെങ്കിലും അവ അവന്റെ സ്നേഹത്തിൽ അവന്റെ ചുംബനങ്ങളായി, കൃപകളായി മാറുന്നു.

2. യോഹന്നാനെപ്പോലെ നമ്മുടെ ഹൃദയത്തെ യേശുവിന്റെ ഹൃദയത്തോട് ചേർത്തുവയ്ക്കണം.

ഫ്രാൻസിസ് പാപ്പ പറഞ്ഞു: നീ നിന്റെ ഹൃദയത്തെ തിരുഹൃദയത്തോട് ചേർത്തുവയ്ക്കുമ്പോൾ നിന്റെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്ന അഹങ്കാരം, അകൃത്യങ്ങൾ, നിർവികാരത എന്നീ തിന്മകൾ മാറും. ശാന്തശീലത, എളിമ, കരുണ എന്നീ നന്മകൾ നിറയും. നിന്റെ ഹൃദയം യേശുവിന്റെ ഹൃദയംപോലെ ആയിത്തീരും. അധികാരത്തിന്റെയും സ്വാർഥമോഹത്തിന്റെയും തിന്മകൾ മാറി സേവനത്തിന്റെയും സ്നേഹത്തിന്റെയും ഹൃദയം യോഹന്നാനുണ്ടാകുന്നത് ഈശോയുടെ തിരുഹൃദയത്തോട് തന്റെ ഹൃദയം ചേർത്തുവച്ചപ്പോഴാണ്. പാപത്തിൽനിന്നും അശുദ്ധിയിൽനിന്നും ദാവീദ് ഭവനത്തെയും ജറുസലേം നിവാസികളെയും ശുദ്ധീകരിക്കാൻ ഒരു ഉറവ പൊട്ടി പുറപ്പെടും എന്ന സഖറിയ പ്രവാചകന്റെ പ്രവചനം (സഖ 13:1) പൂർത്തിയാകുന്നത് യേശുവിന്റെ പിളർക്കപ്പെട്ട ഹൃദയത്തിൽനിന്ന് ജലവും രക്തവും ഒഴുകിയപ്പോഴാണ്. യേശുവിന്റെ ഹൃദയത്തോട് തന്റെ ഹൃദയം ചേർത്തുവച്ചപ്പോൾ മറിയത്തിന്റെ ഹൃദയം കരുണയുടെ ഹൃദയമായി. യൗസേപ്പ് തന്റെ ഹൃദയം യേശുവിന്റെ ഹൃദയത്തോട് ചേർത്തുവച്ചപ്പോൾ, യൗസേപ്പിനുണ്ടായത് യേശുവിന്റെതു പോലെയുള്ള ഹൃദയമാണ്. അതുകൊണ്ടാണ് യൗസേപ്പിന് വിവേകിയാകാനും നിശ്ശബ്ദനാകാനും മറ്റുള്ളവരെ അപമാനവിധേയരാക്കാതിരിക്കാനും സാധിച്ചത്. യേശുവിന്റെ ഹൃദയത്തോട് തന്റെ ഹൃദയം ചേർത്തു വച്ച മദർ തെരേസയ്ക്ക് യേശുവിന്റെ ഹൃദയമായിരുന്നു. ഫ്രാൻസിസ് അസ്സീസിയും തന്റെ ഹൃദയത്തെ ഈശോയുടെ ഹൃദയത്തോട് ചേർത്തു വച്ചപ്പോൾ രണ്ടാം ക്രിസ്തുവായി മാറി.

3. യേശുവിൽനിന്ന് പഠിക്കണം

പ്രശസ്ത ചിന്തകൻ റൂമി പറയുന്നു: ഹൃദയമാണ് ഗുരു. മനുഷ്യകുലത്തിന് രക്ഷനല്കുന്ന ഗുരു യേശുവിന്റെ തിരുഹൃദയമാണ്. ഈ ലോകം പറുദീസായായി മാറണമെങ്കിൽ കുത്തിത്തുറക്കപ്പെട്ട യേശുവിന്റെ തിരുഹൃദയത്തിൽനിന്നും മനു

ഷ്യൻ നന്മയുടെ പാഠങ്ങൾ പഠിക്കണം. പ്രത്യേകിച്ച് രണ്ടു പാഠങ്ങൾ:

1) ശാന്തശീലത:

കായിക കരുത്തിലൂടെ മറ്റുള്ളവരെ കീഴടക്കി ഭരിക്കുന്നതിനെ ബലമായി കാണുന്ന ഈ ലോകം ശാന്തതയെ ബലഹീനതയുടെ പര്യായമായേ കാണുകയുള്ളൂ. ശാന്തശീലത ദൈവത്തിൽക്കുമാത്രം ശരണംവയ്ക്കുന്നവരുടെ ആന്തരിക മനോഭാവമാണ്. യഥാർഥത്തിൽ ശാന്തതയുള്ളവരെയും ദരിദ്രരെയും പരമാർശിക്കാൻ അനാവിം എന്ന ഒറ്റ വാക്കാണ് ബൈബിളിൽ ഉപയോഗിക്കുക. ഒരു ചെകിടത്ത് അടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചുകൊടുക്കുന്ന ധാമിക ശക്തിയാണ് ശാന്തത. പരിഹസിക്കുമ്പോഴും തേജോവധം ചെയ്യുമ്പോഴും സമചിത്തതയോടെ സഹിക്കുവാനുള്ള ഒരു ക്രിസ്തുശിഷ്യന്റെ സ്വഭാവമാണ് ശാന്തത.

2) വിനയം:

ദൈവിക വെളിപാടുകൾ ലഭിക്കുന്നത് അഹങ്കാരംകൊണ്ട് ശിരസ് കുനിഞ്ഞുപോയവർക്കല്ല, വിനയംകൊണ്ട് ശിരസ് ഉയർന്നുനില്ക്കുന്ന ശിശുക്കൾക്കാണ്, എളിയവർക്കാണ്. വിനയം മനുഷ്യനെ മാലാഖയാക്കുന്ന പുണ്യമാണ്. അതുകൊണ്ടാവണം വി. അഗസ്റ്റിൻ പറയുന്നു; ഒരു മനുഷ്യന് ഈ ലോകത്ത് വേണ്ട ഏറ്റവും വലിയ ഗുണം വിനയമാണ്. അഹങ്കാരത്താൽ കളങ്കിതമായ ജീവിതത്തിൽ ദൈവവാസമുണ്ടാവുകയില്ല. അഹങ്കാരികളെ തട്ടി താഴെയിടുമെന്നാണ് മറിയത്തിന്റെ സ്തോത്രഗീതം മുന്നറിയിപ്പ് നല്കുന്നത്. വിനയം ഒരു വിശ്വാസിയുടെ മുഖമുദ്രയാണ്. അവൻ ഒരിക്കലും തന്നെ കേമനായിട്ട് കാണിക്കുന്നില്ല. വിനയംകൊണ്ട് അവൻ അവനെ താഴ്ത്തുമ്പോൾ ദൈവം അവനെ അത്യധികം ഉയർത്തുന്നു. അഹങ്കാരം സർവ്വനാശം കൊണ്ടുവരുമ്പോൾ വിനയം രക്ഷ കൊണ്ടുവരുന്നു. ഹൃദയത്തിൽ വിനയമുള്ളവൻ ദൈവത്തിന്റെ സ്നേഹത്തിൽ നിലനില്ക്കും. വിനയം സ്വർഗത്തിന്റെ കൈപിടിയാണ്.

ദൈവിക വെളിപാടുകൾക്കായി ദൈവത്തിന്റെ നുകം ആനന്ദത്തോടെ വഹിക്കുകയും, നമ്മുടെ ഹൃദയത്തെ യേശുവിന്റെ തിരുഹൃദയത്തോടു ചേർത്തുവയ്ക്കുകയും, പിളർക്കപ്പെട്ട തിരുഹൃദയത്തിൽനിന്നും ശാന്തതയും എളിമയും പഠിക്കുകയും ചെയ്യാം. തിരുഹൃദയത്തിൽനിന്നും നിർഗളിക്കുന്ന ജീവന്റെ അരുവിയിൽ നമ്മെത്തന്നെപുണ്യസ്നാനം ചെയ്യാം. അങ്ങനെ തിരുഹൃദയമുള്ള മനുഷ്യരാകാം.

വിതക്കാരന്റെ ഉപമ നൽകുന്ന ജീവിതപാഠം

ആണ്ടുവട്ടം 15-ാം ഞായർ (ജൂലൈ 12)

ഏശ. 55:10-11, റോമാ. 8:18-23, മത്താ. 13:1-23

ഫാ. മനീഷ്



യേശുനാഥൻ തന്റെ ശിഷ്യന്മാർ ഉൾക്കൊള്ളുന്ന വലിയ ജനക്കൂട്ടത്തോട് പറഞ്ഞ വിതക്കാരന്റെ ഉപമയാണ് ഇന്നത്തെ സുവിശേഷ ഭാഗം. യേശുനാഥന്റെ ഉപമകൾ ഇന്നും മനുഷ്യജീവിതങ്ങൾക്ക് അർഥവും ആഴവും നവ്യാനുഭവങ്ങളും പ്രദാനം ചെയ്യുന്നു. വിത്ത് ജീവന്റെ ഉറവയാണ്. ആ ഉറവ മണ്ണിന്റെ അടിത്തട്ടിലേക്ക് ആഴ്ന്നിറങ്ങേണ്ടതുണ്ട്. വിത്തിന്റെ ഉപമ ക്രിസ്തുനാഥൻ തന്റെ മക്കൾക്ക?വേണ്ടി കരുതിവച്ചിരിക്കുന്ന ദൈവരാജ്യത്തിന്റെ പൊരുളും പ്രതിരൂപവുമാണ്. ദൈവരാജ്യം അല്ലെങ്കിൽ സ്വർഗരാജ്യം എത്ര ലളിതവും കരുത്തുറ്റതിലും൦ാണെന്നും ഈ ഉപമ നമുക്ക് മനസിലാക്കിത്തരും. ഒരു വിതക്കാരൻ തന്റെ ജോലിയിൽ വ്യാപാരിച്ചുമുന്നേറുന്നു. അവന്റെ അശ്രദ്ധയോ അറിവില്ലായ്മയോ അബദ്ധമോ കാരണം ചില വിത്തുകൾ ഫലം നൽകാതെപോകുന്നു. ദൈവത്തിൽ നാം പരിപൂർണമായി ആശ്രയിക്കേണ്ടതുണ്ട്. നമ്മുടെ കഴിവുകളിൽ നമുക്ക് ഉത്തമമായ ബോധ്യവും ആത്മവിശ്വാസവും ഉണ്ടെങ്കിലും ദൈവാശ്രയബോധംണ്ടായേതീരൂ. കാഴ്ചയിൽ വിത്തിന്റെ നിസാരതയാണ് എല്ലാവർക്കും പ്രകടമാകുന്നത്. എന്നാൽ അതിൽ ജലത്തിന്റെയും ഭൂമിയുടെയും സ്പർശനവും വിതക്കാരന്റെ കരുതലും ദൈവത്തിന്റെ പദ്ധതിയും ഒത്തുചേരുമ്പോൾ അത്ഭുതങ്ങൾ ദർശിക്കുവാൻ സാധിക്കും.

ഓരോ ദിവസവും നമ്മുടെ സാഹചര്യങ്ങൾക്കനുസരിച്ച് പലവിധങ്ങളായ ജീവിതപ്രതിസന്ധികൾ നാം അനുഭവിക്കുന്നുണ്ട്. അനീതിയും അക്രമവും അഴിമതിയും മാറ്റിനിർത്തലുകളും നമ്മുടെതന്നെ പിഴവുകളും നമ്മെ നിരാശയിലേക്ക്, നിലയില്ലാക്കയത്തിലേക്ക് തള്ളിവിടാറുണ്ട്. ഇതൊക്കെയും വിശ്വാസജീവിതത്തിൽനിന്നും നമ്മെ മാറിനിൽക്കുവാൻ പ്രേരിപ്പിക്കാറുണ്ട്. എന്നാലും ജീവിതം മൊത്തമായി എടുത്തുനോക്കുമ്പോൾ ദൈവം തന്ന നന്മകളും ദൈവം കൈപിടിച്ച് നടത്തിയ വഴികളും നമുക്ക് മനസ്സിലാകും. നിങ്ങൾ ലോകമെങ്ങും പോയി സർവസൃഷ്ടികളോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ (മർക്കോസ് 16:15) എന്ന സുവിശേഷഭാഗം വചനവിത്തുകൾ വിതയ്ക്കുന്ന വിതരക്കാരനായി മാറാനുള്ള ക്ഷണം കൂടിയാണ്. പരിശുദ്ധാത്മാവിനാൽ ശക്തരാക്കപ്പെട്ട ശിഷ്യന്മാർ (യോഹ 20:23) യേശുവിന്റെ സുവിശേഷം സധൈര്യം പ്രഘോഷിച്ചു. ദൈവവചനം അവർക്ക് വായിൽ തേൻപോലെ മധുരിക്കുന്നതും ഉദരത്തിൽ കയ്പായി മാറുന്നതും ആയിരുന്നു (എസെ 3:3, വെളി 10:10). ദൈവവചനമാകുന്ന വിത്തിലൂടെ നമ്മൾ ഓരോരുത്തരും അനുഭവിക്കുന്ന രക്ഷ സ്വർഗീയ മാധുര്യം പ്രദാനം ചെയ്യട്ടെ. അങ്ങനെ നമ്മുടെ ക്ലേശങ്ങളും, കയ്പേറിയ അനുഭവങ്ങളും നിത്യജീവനിലേക്ക് നമ്മെയും നാം കണ്ടുമുട്ടുന്നവരെയും വഴി നടത്തട്ടെ.

ദൈവരാജ്യത്തിന്റെ പുത്രന്മാർ

ആണ്ടുവട്ടം 16-ാം ഞായർ (ജൂലൈ 19)
ജ്ഞാനം. 12:13, 16-19,
റോമാ. 8-26-27. മത്താ.13: 24-43

ഫാ. ഡാർവിൻ ഫെർണാണ്ടസ് എ



ദൈവരാജ്യത്തെക്കുറിച്ച് ഉപമകളിലൂടെ യേശു പഠിപ്പിക്കുന്ന അധ്യായമാണ് മത്തായി 13. കഴിഞ്ഞ ഞായറാഴ്ച വിതക്കാരന്റെ ഉപമയും വരാനിരിക്കുന്ന ഞായറിൽ നിധിയുടെയും രത്നത്തിന്റെയും ഉപമയും ഈ ഞായറിൽ കളകളുടെയും കടുകുമണിയുടെയും പുളിമാവിന്റെയും ഉപമയുമാണ് ധ്യാനവിഷയം. ഇതിന്റെയെല്ലാം ലക്ഷ്യം ഒന്നുതന്നെ; ദൈവരാജ്യം. എന്തുകൊണ്ടാണ് യേശു ഇത്രയും ഉപമകൾ പഠിപ്പിക്കുന്നു എന്നതിന്റെ ഉത്തരം മത്തായി 11, 12 അധ്യായങ്ങൾ നൽകുന്നു. ദൈവരാജ്യത്തിന്റെ സുവിശേഷം അറിയിക്കുന്നതിനുള്ള തടസങ്ങളാണ് ഇവയുടെ കാരണങ്ങൾ:

1)മാനസാന്തരത്തിന്റെ സുവിശേഷം അറിയിച്ചുകൊണ്ടിരുന്ന സ്നാപകയോഹന്നാൻ ജയിലിലടയ്ക്കപ്പെടുന്നു (മത്താ. 11:1-6).

2) യേശു അദ്ഭുതങ്ങൾ പ്രവർത്തിച്ച നഗരങ്ങൾ മാനസാന്തരപ്പെടുന്നില്ല (മത്താ. 11:20-24)

3) ദൈവരാജ്യം കരുണയുടെ രാജ്യമാണ്. അത് എഴുതപ്പെട്ട കഠിന നിയമങ്ങളുടേതല്ല (മത്താ. 12:1-8)

4) സാബത്തിലെ രോഗശാന്തിയെക്കുറിച്ചുള്ള വിവാദം (മത്താ. 12:5-14)

5) പിശാചുബാധിതനെ സുഖപ്പെടുത്തിയ യേശുവിനെ ബെൽസെബൂലുമായി ചേർത്ത് പറയുന്നു (മത്താ. 12:22-37)

ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും തടസങ്ങൾ സൃഷ്ടിക്കപ്പെടുന്ന സാഹചര്യത്തിലാണ് യേശു ദൈവരാജ്യത്തിന്റെ വിവിധ ഉപമകൾ പഠിപ്പിക്കുന്നത്. ഇന്നത്തെ വിചിന്തനത്തിൽ കളകളുടെ ഉപമകളെക്കുറിച്ച് ചിന്തിക്കുകയും മറ്റുരണ്ടു ഉപമകളും അതിനോട് ചേർത്ത് മനസ്സിലാക്കാനും ശ്രമിക്കാം.

ലോകമാകുന്ന വയലിൽ ദൈവം നല്ല വിത്ത് (നന്മകൾ) വിതയ്ക്കുമ്പോൾ പിശാച് കളകളും (തിന്മകൾ) വിതയ്ക്കുന്നു. ആളുകൾ അലസരായി ഉറങ്ങിയതല്ല മറിച്ച്, ആളുകൾ ഉറങ്ങുന്ന സമയം - രാത്രി എന്നതാകാം അർഥം. ലോകത്തെ നന്മകൾകൊണ്ടു നിറയ്ക്കുവാനുള്ള പരിശ്രമങ്ങളെ തടസപ്പെടുത്തുന്നതാണ് അന്ധകാരത്തിന്റെ ശക്തിയുടെ പ്രധാനലക്ഷ്യം. ഈ അന്ധകാരശക്തിയെ ആളുകൾ "ഉറക്കമായപ്പോൾ" എന്ന പദപ്രയോഗംകൊണ്ടാണ് മത്തായി സൂചിപ്പിക്കുന്നത്.

അന്ധകാരംനിറഞ്ഞ സമയം. അന്ധകാരത്തിൽ പ്രവർത്തിക്കുന്ന തിന്മയുടെ ശക്തിയെന്നതാണ് കളകൾ വിതയ്ക്കുന്ന വ്യക്തിയെക്കുറിച്ചുള്ള സൂചന.

പിശാചിന്റെ പ്രവൃത്തിയെ നാം ഗൗരവമായി എടുക്കണം. മത്തായി 13,1 മുതൽ 9 വരെയുള്ള തിരുവചനഭാഗങ്ങളിൽ നാം കാണുന്നത് ദൈവരാജ്യത്തിന്റെ, ദൈവവചനത്തിന്റെ വിത്തുവിതയ്ക്കുന്ന ദൈവത്തെയാണ്. ഇന്നത്തെ സുവിശേഷാരംഭത്തിൽ നല്ല വിത്തുവിതയ്ക്കുന്ന ദൈവത്തെയും നാം കാണുന്നു. ദൈവത്തിന്റെ പ്രവൃത്തിയെ അനുകരിക്കാൻ ശ്രമിക്കുന്ന പിശാചിനെ (മത്താ: 13:25) യാണ് പിന്നീട് നാം കാണുന്നത്. ദൈവത്തിന്റെ പ്രവർത്തനരീതിയെ അനുകരിക്കാൻ ശ്രമിക്കുമ്പോഴും പിശാചിന്റെ സത്ത തിന്മയാണ്. അവൻ പ്രവർത്തിക്കുന്നതും തിന്മയാണ്. ഇത് കബളിപ്പിക്കലാണ്. ചതിയാണ്. പലപ്പോഴും ഈ ചതിയിൽ, കബളിപ്പിക്കലിൽ വീണുപോകുന്നത് മനുഷ്യരാണ്. പലപ്പോഴും പിശാചിന്റെ കെണിയിലകപ്പെട്ട് 'ഇത്' ദൈവഹിതമാണ്, 'ഇതായിരിക്കും ദൈവം ആഗ്രഹിക്കുന്നത്.' എന്ന് ചിന്തിച്ച് പാപത്തിൽ വീണുപോകുന്നവരും നമ്മുടെയിടയിലുണ്ട്. കളകളെയും ഗോതമ്പുചെടികളെയും തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥ, അഥവാ കളകളുടെ കാഠിന്യം നല്ലതു നിലനിർത്താൻ തടസമാകുന്നു. ഇതുപോലെ തിന്മയുടെ ശക്തിയെ തിരിച്ചറിയാൻ സാധിക്കുന്ന അവസ്ഥ, അതിന്റെ കാഠിന്യം എന്നതിനുമുൻപിൽ മനുഷ്യൻ വീണുപോകുന്നു. ദൈവികജ്ഞാനത്തിനും നിരന്തരമായ പ്രാർഥനയ്ക്കും ദൈവസാന്നിധ്യത്തിനുമേ ഈ സാഹചര്യത്തിൽ നമ്മെ സഹായിക്കാൻ കഴിയൂ.

കളകളുടെ ഉപമയിലെ കൊയ്ത്ത് എന്നത് അന്തിമ വിധിയെയാണ് സൂചിപ്പിക്കുന്നത്. ക്ഷമയോടെ കാത്തിരിക്കുന്ന യജമാനൻ ദൈവമാണ്. അന്തിമവിധിയിൽ നന്മ ചെയ്യുന്നവരെ തന്റെ രാജ്യത്തിൽ സ്വീകരിക്കുന്നു. തിന്മ ചെയ്യുന്നവരെ നിത്യമായ നാശത്തിലേക്ക് ഉപേക്ഷിക്കുന്നു. നന്മചെയ്യുന്നവർക്ക് "രാജ്യത്തിന്റെ പുത്രന്മാർ," "നീതിമാൻമാർ" എന്നീ വിശേഷണങ്ങളാണ് നല്കുക. തിന്മ ചെയ്യുന്നവർക്ക് "ദുഷ്ടന്റെ പുത്രന്മാർ," "എല്ലാ പാപഹേതുക്കളുടെയും അടിസ്ഥാനം" എന്ന വിശേഷണങ്ങളുമാണ് നൽകുക.

രാജ്യത്തിന്റെ പുത്രന്മാർ സ്നേഹമെന്ന പുണ്യത്തിൽ അധിഷ്ഠിതമായി സത്പ്രവൃത്തികൾ ചെയ്യുന്നവരാണ്. കടുകുമണിയുടെയും പുളിമാവിന്റെയും ഉപമയെ നമുക്കിതിനോട് ചേർത്ത് വായിക്കാം. ഒരു കടുകുമണി വളർന്ന് മരമായി തണലായി മാറുംപോലെ, ദൈവരാജ്യത്തിന്റെ പുത്രന്മാരും കടുകുമണിയെപ്പോലെ (ദൈവരാജ്യവിശേഷണം) സത്പ്രവൃത്തികളാൽ മറ്റുള്ളവർക്ക് തണലായി മാറുന്നു, പുളിമാവ് (ദൈവരാജ്യവിശേഷണം) പോലെ അവരിലെ നന്മയും വിശുദ്ധിയും ചുറ്റുമുള്ളവർക്ക് മുഴുവനും പകർന്നുനൽകുന്നു.

ദുഷ്ടന്റെ പുത്രന്മാരാകട്ടെ, പിശാചിൽനിന്നുള്ളവരാണ്. അവന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരാണ്. ഒരിക്കലും അവർ സത്യത്തിൽ നിലനിൽക്കുന്നില്ല. (യോഹ. 8:44), അവർ പാപകാരണമായിത്തീരുന്നവരാണ്; തിന്മ പ്രവർത്തിക്കുന്നവരുമാണ് (മത്താ. 13:42). അതായത് നന്മ പ്രവർത്തിക്കാൻ അവസരങ്ങൾ ലഭിക്കുമ്പോഴും ചെയ്യേണ്ട നന്മകൾപോലും ചെയ്യാതിരിക്കുന്നവരാണവർ (മത്താ. 25:41-45).

പ്രിയപ്പെട്ടവരേ, നമ്മളെല്ലാവരും ഒരു യാത്രയിലാണ്. ദൈവരാജ്യം ലക്ഷ്യം വച്ചുള്ള യാത്ര. യാത്രയുടെ ആരംഭംമുതലേ വഴിതെറ്റിയ മനുഷ്യൻ, പ്രകാശത്തിന്റെ വഴി ഉപേക്ഷിച്ച് അന്ധകാരത്തിന്റെ വഴി സ്വീകരിച്ചവനാണ്. ഈ യാത്രയിൽ വെളിച്ചമായി വന്ന ദൈവപുത്രനാണ് യേശു. അവൻ ദൈവരാജ്യത്തെക്കുറിച്ചും ഈ ലക്ഷ്യത്തിലെത്താൻ ഏതുവഴി തിരഞ്ഞെടുക്കണമെന്നും നമ്മെ പഠിപ്പിച്ചു.

ഈ ദൗത്യമാണ് സഭയിന്നും തുടർന്നുകൊണ്ടിരിക്കുന്നത്.ദൈവരാജ്യ സുവിശേഷം പ്രഘോഷിക്കുന്ന ദൗത്യത്തിൽ തടസം നിൽക്കാതെ, ഇതിനെ പ്രോത്സാഹിപ്പിക്കേണ്ട ഉത്തരവാദിത്തമാണ് ഓരോ ക്രിസ്ത്യാനിക്കുമുള്ളത്. ഞായറാഴ്ചകളിലെ ക്രിസ്തീയ വിശ്വാസ ജീവിത പരിശീലന ക്ലാസുകളെ മറ്റ് ക്രിസ്തീയ കൂട്ടായ്മകളെ പ്രോത്സാഹിപ്പിച്ച് തലമുറകളെ 'ദൈവരാജ്യത്തിന്റെ പുത്രന്മാരായി' വളർത്തേണ്ട ഉത്തരവാദിത്തമുള്ളവരാണ് നമ്മൾ. ഇടവകകളുടെ ആത്മീയ വളർച്ചയ്ക്ക് കൂട്ടുനിൽക്കേണ്ടവരാണ്.

കളകളുടെ ഉപമ പറയുന്നതുപോലെ അത്ര എളുപ്പമല്ല അത് നേടിയെടുക്കാൻ. കാരണം നന്മയോടൊപ്പം ലോകത്തിൽ തിന്മയും നമ്മെ ഒത്തിരി സ്വാധീനിക്കുന്നു, പ്രലോഭിപ്പിക്കുന്നു. അത് ശക്തമാണ്. എന്നാൽ ദൈവരാജ്യം അസാധ്യമായ ഒന്നല്ല. അതാണ് കടുകുമണിയും പുളിമാവും നമ്മെ പഠിപ്പിക്കുന്നത്. നന്മയുടെ, സത്പ്രവൃത്തികളുടെ,അതുവഴിദൈവരാജ്യത്തിന്റെ തണൽ നേടാൻ സ്നേഹത്തിന്റെ വഴിയേ നടക്കാം. മനുഷ്യപുത്രനും ദൈവപുത്രനുമായ ക്രിസ്തുവിനെ അനുഗമിക്കാം. ദൈവരാജ്യത്തിന്റെ പുത്രന്മാരാകാം.

പ്രത്യാശയുടെയും പ്രതീക്ഷയുടെയും ഉപമ

ആണ്ടുവട്ടം 17-ാം ഞായർ (ജൂലൈ 26)

1 രാജ 3:5,7-12; റോമാ 8:28-30, മത്താ. 13:44-52

ഫാ. ലോറൻസ് കുലാസ്

മത്തായി 13-ാം അധ്യായം യേശുവിന്റെ ഉപമകളിലൂടെയുള്ള പ്രസംഗമാണല്ലോ! വിതക്കാരന്റെയും (13:1-23); കളകളുടെയും (13:24-30), കടുകുമണിയുടെയും (13:31-32) പുളിപ്പിന്റെയും (13:33) ഉപമകൾക്ക് ശേഷം ഈ അധ്യായത്തിൽ അവശേഷിക്കുന്ന മറ്റ് ഉപമകൾ മത്തായി അവതരിപ്പിക്കുന്നു (13:44-52). വചനഭാഗത്ത് മൂന്ന് ഉപമകൾ നാം കാണുന്നു: 1) നിധിയുടെ ഉപമ (13:44); 2) രത്നത്തിന്റെ ഉപമ (13:45-46); 3) വലയുടെ ഉപമ (13:47-48). കൂടാതെ മത്തായി വലയുടെ ഉപമ വിശദീകരിക്കുകയും (13:49-50) ഉപമകൾ ഉപസംഹരിക്കുകയും (13:51-52) ചെയ്യുന്നു.

നിധിയുടെയും രത്നത്തിന്റെയും ഉപമകൾ സമാനചിന്താഗതികൾ പ്രദാനം ചെയ്യുന്നു. രണ്ട് ഉപമകൾക്കും ഒരു പൊതുസ്വഭാവം കണ്ടെത്താം. വയലിൽ വേല ചെയ്യുന്നവനും രത്നവ്യാപാരിയും താന്താങ്ങളുടെ വ്യാപാരമണ്ഡലത്തിൽ ഐക്യരൂപം പ്രാപിക്കുന്നു: വയലിൽ ഒളിപ്പിച്ചുവച്ച നിധിക്കുവേണ്ടി ബാക്കി എല്ലാം വില്ക്കുന്ന വേലക്കാരനും തനിക്കുള്ള എല്ലാ സ്വത്തും വിറ്റ് അമൂല്യമായ രത്നം വാങ്ങുന്ന രത്നവ്യാപാരിയും. ദൈവരാജ്യം കണ്ടെത്തുന്ന ഒരാളിൽ വിപ്ലവകരമായ മാറ്റം സംഭവിക്കുന്നു. അയാളുടെ മുമ്പിൽ അമൂല്യമായി ഒന്നേ ഉള്ളൂ: ദൈവരാജ്യം. മറ്റെല്ലാം വ്യർഥമായി പരിഗണിക്കപ്പെടുന്നു. ഉള്ളതു മുഴുവനും വില്ക്കാൻ പ്രേരിപ്പിക്കത്തക്കവിധം വിലപിടിച്ചതാണത്. ഉള്ളതു ത്യജിക്കാൻ പ്രേരിപ്പിക്കുകയും നിധി സ്വന്തമാക്കാനുള്ള തീരുമാനത്തിലേക്കു നയിക്കുകയും ചെയ്യുന്ന അമൂല്യമായ യഥാർഥ്യമാണ് ദൈവരാജ്യം.

വലയുടെ ഉപമയും തുടർന്നുള്ള വിശദീകരണവും അന്തിമ വിധിയെക്കുറിച്ച് സൂചിപ്പിക്കുന്നു. വലയിൽ അകപ്പെട്ട മത്സ്യങ്ങളുടെ തരംതിരിവിലൂടെ അന്തിമ വിധിയുടെ മുന്നറിയിപ്പ് ലഭ്യമാണ്. ദൈവവചനം ഗ്രഹിക്കുകയും അതനുസരിക്കുകയും ചെയ്യുന്ന മാനവരാശിയിൽനിന്ന് തരം തിരിക്കപ്പെടുന്ന പ്രമേയം മത്തായി 13-ാം അധ്യായത്തിൽ വ്യക്തമാക്കുന്നുണ്ട്. യേശുവിന്റെ ശിഷ്യർ ഫരിസേയരിൽനിന്നും നിയമജ്ഞരിൽനിന്നും (12:22-45) ഒപ്പം യേശുവിനെ അംഗീകരിക്കാൻ കഴിയാത്ത സ്വന്തം ജനങ്ങളിൽനിന്നും (12:46-50) 'നിഷ്ക്രിയ' ജനക്കൂട്ടത്തിൽ നിന്നും (13:2)



വേർതിരിക്കപ്പെടുന്നു. യേശു പ്രസംഗിക്കുമ്പോൾതന്നെ ഉപമയിൽ സൂചിപ്പിക്കുന്ന യുഗാന്ത്യവിധി സംഭവിച്ചുകൊണ്ടേയിരിക്കുന്നു: ശ്രോദ്ധാക്കളിൽ യേശുവിന്റെ പ്രബോധനങ്ങളെ സ്വീകരിക്കുന്നവരും തിരസ്കരിക്കുന്നവരും തമ്മിലുള്ള വേർതിരിവാണത്. ആയതിനാൽ യേശുവിന്റെ വചനത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്നവരാണ് വിശ്വാസസമൂഹം, നവസമൂഹം, ദൈവത്തിന്റെ കുടുംബം (12:49).

ഉപമകളുടെ ഉപസംഹാരത്തിൽ ഉപമകളുടെ സാരാംശം ഗ്രഹിക്കുവാൻ ശിഷ്യന്മാർക്ക് കഴിയുന്നുവോ എന്ന ചോദ്യം ഉയരുന്നു. തീർച്ചയായും അവർക്കതിന് സാധിക്കുന്നു. ഞെരുക്കങ്ങളുടെയും പ്രതിസന്ധികളുടെയും പുറത്താക്കലിന്റെയും പീഡനങ്ങളുടെയും നടുവിലൂടെ കടന്നുപോയിക്കൊണ്ടിരുന്ന മത്തായിയുടെ വിശ്വാസസമൂഹത്തിന് ഉപമകളുടെ സാരാംശം ശരിക്കും ഉൾക്കൊള്ളുവാൻ കഴിയുന്നു. ഭൗതീകമായ നഷ്ടസൗഭാഗ്യങ്ങളുടെ നടുവിൽ പ്രതീക്ഷയുടെയും പ്രത്യാശയുടെയും പൊൻകിരണങ്ങൾ സമ്മാനിക്കുവാൻ ഈ ഉപമകൾക്ക് കെല്പുണ്ട്. ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന വിശ്വാസസമൂഹത്തിന്റെ അവസ്ഥാന്തരങ്ങളിലേക്ക് കടന്നുചെല്ലുന്നവർക്ക് മാത്രമേ മത്തായി സുവിശേഷകൻ വിവരിക്കുന്ന ഉപമകളുടെ സാരാംശം അർഥപൂർണ്ണമായും ഉൾക്കൊള്ളുവാൻ കഴിയുകയുള്ളൂ. നാം പടുത്തുയർത്തിയ സുഖകരമായ ശീതളഛായയിൽ (Comfort Zone) ഉപമകളുടെ പൂർണമായ അർഥം മനസ്സിലാക്കാൻ പ്രയാസമാണ്.

●

നേർക്കാഴ്ച
ജെ. സി.



കോക്രോച്ച് ജനതാ പാർട്ടി ഉയർത്തുന്ന ചോദ്യങ്ങൾ

പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളെയും വിമത ശബ്ദങ്ങളെയും അടിച്ചമർത്തിയും വഴങ്ങാത്തവരെ രാജ്യദ്രോഹികളെന്നും നക്സലുകളെന്നും മുദ്രകുത്തി തടങ്കലിലാക്കുകയും മറ്റു ചിലരെ വിലയ്ക്കെടുത്ത് നിർബാധം മുന്നേറുന്ന ഭരണകൂടത്തിന് തീർത്തും പിടികിട്ടാത്ത, പുതിയൊരു അരാഷ്ട്രീയ പ്രതിഭാസം ഉയിർക്കൊള്ളുന്നത് 'ജെൻസി' എന്ന പുതിയ തലമുറയുടെ ക്ഷുഭിത യൗവനത്തിന്റെ ഡിജിറ്റൽ വിളയാട്ടത്തിൽ നിന്നാണ്. വെറുപ്പിന്റെയും നിന്ദയുടെയും രൂപകമായി തൊഴിലില്ലാത്ത ചെറുപ്പക്കാരെ 'പാറ്റകൾ' എന്ന് രാജ്യത്തെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് വിശേഷിച്ചപ്പോൾ ആ അപമാനത്തെ ഒരു ആക്ഷേപഹാസ്യത്തിന്റെ ഭാവത്തിൽ ഏറ്റെടുത്തുകൊണ്ട് രാജ്യത്തെ യുവജനങ്ങൾ ഞാനും ഒരു പാറ്റ എന്ന ഹാഷ്ടാഗ് ഒരു ഓൺലൈൻ പ്രതിസംസ്കാര കലാപത്തിനു കളമൊരുക്കുകയായിരുന്നു. ദിവസങ്ങൾക്കുള്ളിൽ ആ ജനകീയ കൂട്ടായ്മ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും അതിവേഗം വളരുന്നത് രാജ്യം വിസ്മയത്തോടെ കണ്ടു. അനീതി സ്ഥാപനവത്ക്കരിക്കപ്പെടുന്ന നിലവിലെ വ്യവസ്ഥിതിക്കെതിരെ അഭിജിത് ദീപ്കെ എന്ന യുവാവിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സി.ജെ.പി (CJP) രാജ്യത്തെമ്പാടുമുള്ള യുവജനങ്ങൾക്കിടയിൽ സൃഷ്ടിച്ച ആവേശം ചെറുതല്ല. ഞങ്ങൾ 'പാറ്റകൾ' മണ്ണിലിറങ്ങി പോരാടില്ലെന്നാണ് അവർ കരുതിയത്.

അനീതി സ്ഥാപനവത്ക്കരിക്കപ്പെടുന്ന നിലവിലെ വ്യവസ്ഥിതിക്കെതിരെ അഭിജിത് ദീപ്കെ എന്ന യുവാവിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സി.ജെ.പി രാജ്യത്തെമ്പാടുമുള്ള യുവജനങ്ങൾക്കിടയിൽ സൃഷ്ടിച്ച ആവേശം ചെറുതല്ല.

രാജ്യതലസ്ഥാനത്തെ 40 ഡിഗ്രി ചൂട് വകവയ്ക്കാതെ സി.ജെ.പി നടത്തിയ പ്രതിഷേധത്തിൽ വന്പിച്ച ജനക്കൂട്ടമാണ് അണിചേർന്നത്. പരീക്ഷാക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാന്റെ രാജി ആവശ്യപ്പെട്ട് ജന്തർ മന്തറിൽ നടന്ന പ്രതിഷേധത്തിൽ വിദ്യാർഥികൾ, യുവജനങ്ങൾ, രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ, തൊഴിൽ രഹിതർ തുടങ്ങി നൂറുകണക്കിനാളുകളാണ് പങ്കെടുത്തത്. യുവജനങ്ങളുടെ ഭാവി തല്ലിക്കെടുത്താൻ തുനിയുന്ന വ്യവസ്ഥിതിക്കുനേരെ കൊടുങ്കാറ്റുപോലെ അലയടിച്ച അവരുടെ പ്രതിഷേധം ഒരുകാര്യം ഉറപ്പിച്ചുപറയുന്നു; അനീതിയും ക്രമക്കേടും അവഹേളനവും എല്ലാക്കാലത്തും നിശ്ശബ്ദം സഹിച്ചിരിക്കാൻ ഈ രാജ്യത്തെ യുവജനങ്ങളെ കിട്ടില്ല.

നേപ്പാളിലും ബംഗ്ലാദേശിലും ഇന്തോനേഷ്യയിലും ശ്രീലങ്കയിലും രൂപപ്പെട്ട യുവജന മുന്നേറ്റങ്ങളുടെ അവിശ്വസനീയമായ കാഴ്ചകൾ അമ്പരപ്പോടെ ലോകം കണ്ടതാണ്. അടിച്ചമർത്തലിന്റെയും ഏറ്റുമുട്ടലിന്റെയും പ്രകോപനപരമായ സമീപനങ്ങളും നാം കണ്ടതാണ്. ഒന്നര ദശാബ്ദത്തിനു മുൻപ് മധ്യപൂർവദേശത്തെ പലരാജ്യങ്ങളിലും മുല്ലപ്പൂ വിപ്ലവത്തെ മുന്നോട്ടുകൊണ്ടുപോയത് ഫെയ്സ്ബുക്കിലൂടെയും വാട്സാപ്പിലൂടെയും മറ്റുമുള്ള ആശയവിനിമയങ്ങളായിരുന്നു. ചിലെ സർക്കാരിന്റെ സമ്പദ്വ്യവസ്ഥിതിക്കെതിരെ 2019 നവംബറിൽ നടന്ന പ്രക്ഷോഭത്തിലും യുവജനങ്ങളായിരുന്നു മുന്നണിപ്പോരാളികൾ. യുവതയെ ഒരു ഭരണകൂടവും വിലകുറച്ച് കാണരുതെന്ന് ഓർമിപ്പിച്ച സംഭവങ്ങളായിരുന്നു ഇവയിൽ മിക്കതും. ഈ മുന്നേറ്റങ്ങൾ നല്കുന്ന ചരിത്രപാഠം ചെറുതല്ലെന്ന് ഓർമവേണം.





MARIAN COLLEGE OF ARTS & SCIENCE

ADMISSION
OPEN FOR 2026-2027

Phone: 0471-2705413
Mob: 9526605413
E-mail: principal@mcas.ac.in

Affiliated to University of Kerala | Approved by AICTE

Marian Educty, Menamkulam, Kazhakuttom, TVM, Kerala-695582

www.mcas.ac.in

FOUR YEAR UNDERGRADUATE PROGRAMMES

- BBA – Elective: Logistics
- BA English
- B.Com – Business Information Systems
- PG COURSE
  M.Com – Finance
- B.Sc Computer Science –
  Elective: Machine Learning
- B.Sc Geography –
  Elective: Disaster Management
- B.Sc Zoology –
  Elective: Fisheries

SC/ST CATEGORY FEE CONCESSION OR **FISHERMAN CATEGORY FEE CONCESSION**

★ APPLICABLE FOR MERIT ADMISSIONS ★

Facilities:

- Modern Classrooms
- Advanced Laboratories
- Library & E-Resources
- Sports & Extra Curriculars
- Hostel & Transport

Pub. Date: 01.07.2026
REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26
JEEVANUM VELICHAVUM
Total Pages 44
Rs. 30/-



Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Prabal Joseph Perera